

ഖുത്വ്ബ: സ്വാതന്ത്ര്യം : ഇസ്‌ലാമിക വീക്ഷണം

# സത്യദൂതൻ

2011 ഡിസംബർ | ലക്കം 12

വില ₹ 20



## വിശുദ്ധ ഖുർആനും ആകാശഗോളങ്ങളുടെ ചലനവും

## ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും

## വിശുദ്ധ ഖുർആനിൽ നിന്ന്




ജനങ്ങൾക്കിടയിൽ വിധിനടത്തുമ്പോൾ നിങ്ങൾ നീതിപൂർവ്വം വിധിനടത്തുവിൻ . അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്രമേൽ മഹത്തരം. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രേ **(4:59)**

## നബിവചനം



ആയിശാ(റ)ൽ നിന്ന് നിവേദനം: റസൂൽ തിരുമേനി(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹുവേ! എന്റെ പ്രജകളുടെ വല്ല പ്രശ്നവും ആരെങ്കിലും ഏറ്റെടുത്തു. എന്നിട്ടവൻ അവരെ ശല്യപ്പെടുത്തി. എങ്കിൽ നീ അവനെയും ശല്യപ്പെടുത്തേണമേ. എന്റെ പ്രജകളുടെ കാര്യങ്ങൾ വല്ലവനും ഏറ്റെടുത്തു. എന്നിട്ടവൻ അവർക്ക് നന്മചെയ്തു. എങ്കിൽ അവനെ അനുഗ്രഹിക്കേണമേ **(മുസ്‌ലിം)**.

## വാഗ്ദത്ത മസീഹിന്റെ വചനം



### തീരുമാനം ആകാശത്ത് നിന്ന്

യാഥാർഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തിമാനും ഊക്കുള്ളവനും ആകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുന്നിൽ തലകുനിക്കുന്നവൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയുന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചുകളയാമെന്ന്! ദുർവിചാരക്കാരൻ വിഭാവന ചെയ്യുന്നു തനിക്കവരെ ചതിച്ചു കളയാമെന്ന്! എന്നാൽ ദൈവം പറയുന്നു അല്ലയോ അവിവേകീ! നീ എന്നോട് പൊരുതുമോ? എന്റെ പ്രിയപ്പെട്ടവനെ എളിമയിലാക്കാൻ നിനക്ക് കഴിയുമോ? യഥാർഥത്തിൽ സ്വർഗത്തിൽ എന്ത് തീരുമാനിക്കപ്പെട്ടുവോ അതല്ലാതെ ഭൂമിയിലൊന്നും നടക്കുന്നില്ല. ആകാശത്തിൽ നീട്ടപ്പെട്ട കൈയോളം ഭൂമിയിൽ ഒരു കൈയും നീളം ഉണ്ടാകില്ല. ആകയാൽ ദ്രോഹകൃത്യം ആസൂത്രണം ചെയ്യുന്നവർ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ ആരുടെ ഇച്ഛകൂടാതെ ഒരിലപോലും കൊഴിയുമാറില്ലയോ ആ മേലായ ശക്തിയെക്കുറിച്ച് ഓർക്കാതിരുന്നുവെങ്കിൽ അവർ ബുദ്ധിശൂന്യരാകുന്നു. **(കിതാബുൽ ബരിയ്യ, മുഖദ്ദിമ ഭാ.1,2,)**



The Sathyadoothan Monthly

لاالہ الا اللہ محمد رسول اللہ

# സത്യദൂതൻ

2011 ഡിസംബർ
ഹി.ശ.1390 - ഫത്ഹ്
1432 മുഹറം - സഫർ
പുസ്തകം 83 ലക്കം 12
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



4 യുഗശബ്ദം

5 എഡിറ്റോറിയൽ




6
ഖുത്വ്ബ
**സ്വാതന്ത്ര്യം : ഇസ്‌ലാമിക വീക്ഷണം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


10
**ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും**
ഹദ്റത്ത് അഹ്മദ് (അ)

15
**ഹദ്റത്ത് അഹ്മദും(അ) സർ സയ്യിദ് അഹ്മദ് ഖാനും**
എൻ. അബ്ദുർറഹീം
പ്രാർഥന നിഷ്ഫലമാണെന്നും എല്ലാം വിധിഹിതമാണെന്നും വിശ്വസിച്ച സർസയ്യിദ് അഹ്മദ് ഖാനെവാഗ്ദത്ത മസീഹ് (അ) തിരുത്തുകയും നിശബ്ദനാക്കുകയും ചെയ്തു.

19
**ഹുദൂദിന്റെ ദുർവ്യാഖ്യാനവും നൊബേൽ ജേതാവിന്റെ ഭ്രഷ്ടും**
പ്രൊഫ. ഇഫ്തിഖാർ അഹ്മദ്. ബി.
മതായാഥാസ്തികത്ത്വത്തിന്റെ സമ്മർദ്ദത്താൽ സ്വന്തം രാജ്യത്തുനിന്നും തിരസ്കൃതനായ മഹാനായ ശാസ്ത്ര പ്രതിഭയായിരുന്നു പ്രൊഫ.അബ്ദുസലാം സാഹിബ്



12
**വിശുദ്ധ ഖുർആനും ആകാശഗോളങ്ങളുടെ ചലനവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) (ഖലീഫത്തുൽ മസീഹ് IV)
അതാത് കാലഘട്ടങ്ങളിലെ ശാസ്ത്രബോധത്തെ പ്രത്യക്ഷത്തിൽ അലോസരപ്പെടുത്താതെ അതിസൂക്ഷ്മവും അത്യഗാധവുമായ വചനങ്ങളിൽ വിശുദ്ധ ഖുർആൻ ആകാശഗോളങ്ങളുടെ ചലനത്തെപ്പറ്റി വിവരിച്ചിരിക്കുന്നു.



21
**യേശു:**
**മിഥ്യാവാദങ്ങൾ ഖണ്ഡിക്കപ്പെടുന്നു**
എ. ആർ മലബാരി
ദൈവപ്രേഷിതനായ മഹാനായ ഒരു പ്രവാചകനാണ് യേശു. ബൈബിൾ വരച്ചു കാണിക്കുന്ന യേശുവിന്റെ ചരിത്രം അവ്യക്തതകളും സന്ദിഗ്ധകളും നിറഞ്ഞതാണ്.



23
**സഫലമായ ആശയ പ്രചാരണം ഖുർആനിലെ മാതൃക**
മുഹമ്മദ് നജീബ് ഖാൻ
മതപ്രചരണത്തിൽ ഔചിത്യവും വിവേകവും യുക്തി ദീക്ഷയും പ്രധാനഘടകങ്ങളാണ്. സംഘർഷങ്ങളല്ല സത്യത്തിന്റെ പ്രസരണമാണ് പ്രചരണത്തിലൂടെ സംഭവിക്കേണ്ടത്

26
**മതത്തിന്റെ ആവശ്യകതയും പ്രാധാന്യവും**
മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)
മതത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും സംബന്ധിച്ച ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളുമാണ് ലേഖകൻ വിശദീകരിക്കുന്നത്. വാഗ്ദത്ത മസീഹി(അ)ന്റെ പ്രഗല്ഭ സഹാബിയായിരുന്നു ലേഖകൻ. കഴിഞ്ഞലക്കത്തിന്റെ തുടർച്ച.

29
**സങ്കൽപ്പങ്ങളും യാഥാർഥ്യങ്ങളും**
പ്രൊഫ: അബ്ദുസ്സലാം

32
**ഖലീഫത്തുൽ മസീഹിന്റെ സന്ദേശം**

34
**കേരള സംസ്ഥാനസമ്മേളനം ഒരവലോകനം**
എ. ക്യു. മഹ്ദി

35
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാനസമ്മേളനം**
ബി. എ. മുഹമ്മദ് നജീബ്, എറണാകുളം

37
കുറിപ്പുകൾ
**പ്രൊഫ: അബ്ദുസ്സലാമിന് സ്മരണാഞ്ജലികൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman



# മസീഹിന്റെ കാലം

ഹദ്റത്ത് അഹ്മദ് (അ)

**വി**ശ്വസ്തതയും സത്യസന്ധതയും തികച്ചും നഷ്ടപ്പെട്ട നിലയിൽ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. സമ്പത്ത് നേടുന്നതിനുള്ള ചതിയും വഞ്ചനയും അളവറ്റ നിലയിൽ വർദ്ധിച്ചിരിക്കുന്നു. ഏറ്റവും ദുഷ്ടനായിട്ടുള്ള വനാരാണോ അവനാണ് ഏറ്റവും കാര്യപ്രാപ്തനായി എണ്ണപ്പെടുന്നത്. പലവിധത്തിലുള്ള ദുഷ്ടപ്രവർത്തികളും വഞ്ചനകളും അസത്യ ഭാഷണങ്ങളും ഉയർന്ന കിടയിലുള്ള കപട തന്ത്രങ്ങളും അത്യാർഥി നിറഞ്ഞ ആസൂത്രണങ്ങളും ആഭാസ മലീമസങ്ങളായ ആചാരസമ്പ്രദായങ്ങളും സർവത്ര പരന്നുകൊണ്ടിരിക്കുന്നു. അത്യധികം നിഷ്ഠൂരത കലർന്ന കൊടും പകയും പരസ്പര ശണ്ട്ഠകളും വളർന്നുവരുന്നു. മൃഗീയവും പൈശാചികവുമായ ദുർവികാരങ്ങളുടെ ഒരു പ്രളയം തന്നെ ആരംഭിച്ചിരിക്കയാണ്. ഇത് ഭൗതിക ജ്ഞാനങ്ങളിലും നടപ്പായിക്കഴിഞ്ഞ ദുരാചാര ങ്ങളിലും എത്ര കണ്ട് വൈഭവവും ഊർജസ്വലതയും കൂടുന്നുവോ അത്ര കണ്ട് സദ്ഭാവനകളുടേയും സൽപ്രവർത്തനങ്ങളുടേയും സഹജാവബോധങ്ങളും ലജ്ജയും ഉളുപ്പും ദൈവഭയത്തിന്റേയും സത്യസ ന്ധതയുടേയും സ്വാഭാവിക വികാരങ്ങളും അവരിൽ കുറഞ്ഞു കുറഞ്ഞുവരികയും ചെയ്യുന്നു.

അല്ലയോ വിവേകശാലികളേ, ഈ നിശിതാന്ധകാരത്തിന്റെ നാളുകളിൽ അല്ലാഹു തക്ക സമയത്തു തന്നെ ഒരു സ്വർഗീയ പ്രകാശം ഇറക്കിയിരിക്കുന്നതിലും കലിമത്തുൽ ഇസ്ലാമിനെ ഉയർത്തി കാണിക്കുന്നതിനും മുസൽമാൻമ്മാരുടെ പിന്തുണക്ക് വേണ്ടിയും പിന്നെ അവരുടെ ആന്തരീയ നിലയെ ശുദ്ധീകരിക്കുന്നതിനുദ്ദേശിച്ചും തന്റെ ദാസനെ ഈ ലോകത്ത് അയച്ചുതന്നതിലും നിങ്ങളദ്ഭുതപ്പെടേണ്ടതില്ല. ഇസ്ലാം ദീനിന്റെ സഹായകനും എന്നെന്നും ഖുർആനികാദ്ധ്യാപനങ്ങളുടെ സംരക്ഷകനായിരിക്കുമെന്നും അതിനെ നിശ്ചേതനവും നിഷ്പ്രഭവും പ്രകാശരഹിതവും ആകാൻ അനുവദിക്കുകയില്ലെന്നും വാഗ്ദാനം നൽകിയവനും ആരോ ആ സത്യ ദൈവം ഈ അന്ധകാരത്തെ നോക്കിക്കണ്ടിട്ടും ആന്തരീയവും ബാഹ്യവുമായ ഈ എല്ലാ കുഴപ്പങ്ങളും വീക്ഷിച്ചറിഞ്ഞിട്ടും മിണ്ടാതിരിക്കുകയും തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള തന്റെ വാദത്തെക്കുറിച്ച് ഓർക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അതിലാണ് അദ്ഭുതപ്പെടേണ്ടിയിരിക്കുന്നത്. ഓരോ നൂറ്റാണ്ടിന്റേയും തലക്കലും അല്ലാഹു അവന്റെ ദീനിനു നവീകരണം വരുത്തുന്ന ഒരു ദാസനെ ഏഴുന്നേൽപ്പിക്കുമെന്നുള്ള ആ പരിശുദ്ധനായ റസൂലിന്റെ ഖണ്ഡിതവും സുവ്യക്തവുമായ പ്രവചനം പൂർത്തിയാകാതെ പോയെങ്കിൽ അതിലാണ് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നത്. തന്നിമിത്തം ഇത് ആശ്ചര്യപ്പെടേണ്ട ഒരു കാര്യമല്ല. മറിച്ച് ആയിരമായിരം നന്ദി പ്രകടിപ്പിക്കേണ്ട അവസരവും ഈമാനും യഖീനും വർധിപ്പിക്കേണ്ട സമയവുമാണ്. അല്ലാഹു അവന്റെ അനുഗ്രഹാതിരേകത്താൽ തന്റെ വാഗ്ദത്തത്തെ പൂർത്തിയാക്കുകയും തന്റെ റസൂലിന്റെ പ്രവചനത്തിന്റെ പൂർത്തീകരണം ഒരു മിനിറ്റു പോലും വൈകിക്കാതിരിക്കുകയും ആണ് ചെയ്തിട്ടുള്ളത്. അവൻ ഈ പ്രവചനത്തെ പൂർത്തിയാക്കി കാണിച്ചു എന്നുമാത്രമല്ല, ആയിരക്കണക്കായ പ്രവചനങ്ങളുടേയും അദ്ഭുത ദൃഷ്ടാ ന്തങ്ങളുടെയും വാതിലുകൾ ഭാവി തലമുറക്ക് വേണ്ടി തുറന്നിടുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കന്മാർ ഏതൊരുനാളിനെ ആഘോഷപൂവം കാത്തുകാത്തിരുന്ന ശേഷം അപ്രത്യക്ഷമായോ, എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷ ദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്നും വിടപറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി ഇതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുയോ ചെയ്യാം. അത് നിങ്ങളുടെ ഇഷ്ടം. എന്നാൽ ഞാനിത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കും.ഈമാനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനപ്രതിഷ്ഠിക്കുന്നതിന് വേണ്ടി. തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു. എന്ന സത്യം പ്രഖ്യാപിക്കുന്നത് നിർത്തിവെക്കുവാൻ എനിക്കാവില്ല. കലീമുല്ലാഹ് ആയ ധർമ്മ ഭടന്റെ ശേഷം അയക്കപ്പെട്ടിരുന്നതാരോ, ആരുടെ ആത്മാവ് ഹെരോദോസിന്റെ ഭരണത്തിൽ ഏറിയ കഷ്ടപ്പാടുകൾക്ക് ശേഷം സ്വർഗ്ഗത്തിലേക്കെടുത്തുകൊള്ള പ്പെട്ടുവോ ആ വ്യക്തിയെ പോലെ പ്രേഷണം ചെയ്യപ്പെട്ടിരിക്കുന്നവത്രെ ഞാൻ. (ഫത്ഹെ ഇസ്ലാം)

എഡിറ്റോറിയൽ

# മതസ്വാതന്ത്ര്യം: മുസ്‌ലിം രാജ്യങ്ങളിലും അമുസ്‌ലിം രാജ്യങ്ങളിലും

മനുഷ്യനെ സംബന്ധിക്കുന്ന ഏതൊന്നിനെക്കാളും ഉന്നതവും ഉദാത്തവുമാണ് സ്വാതന്ത്ര്യം. ഇസ്‌ലാമിനെ പോലെ സ്വാതന്ത്ര്യത്തെ ഇത്രമാത്രം വിലമതിക്കുന്ന മറ്റൊരു മതമില്ലെന്ന കാര്യം നിസ്തർക്കമാണ്. പക്ഷേ സ്വാതന്ത്ര്യത്തിന്റെ വിഷയത്തിൽ ലോകത്തുള്ള മുസ്‌ലിം രാജ്യങ്ങൾ അമുസ്‌ലിം രാജ്യങ്ങളെ അപേക്ഷിച്ച് ഒരു വലിയ ജയിലറയാണെന്ന് ആരെങ്കിലും ആക്ഷേപിച്ചാൽ അവരെ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. നമ്മുടെ രാജ്യമായ ഇന്ത്യയടക്കം ജനാധിപത്യ സെക്കുലർ നാടുകളിൽ കാണുന്നതും ഇസ്‌ലാമിക രാജ്യങ്ങളിൽ കാണുന്നതുമായ മനുഷ്യ സ്വാതന്ത്ര്യവും നീതിവ്യവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇസ്‌ലാമിക മൂല്യങ്ങളോട് അടുത്ത് നിൽക്കുന്നത് ആരാണെന്ന് നിഷ്പക്ഷമതികൾ സത്യസന്ധമായി വിലയിരുത്തട്ടെ. മനുഷ്യന്റെ അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും നിഷ്പക്ഷമായ നീതിപാലന വ്യവസ്ഥയും മിക്ക മുസ്‌ലിം രാജ്യങ്ങളിലുമില്ല എന്നതാണ് വാസ്തവം.

**'മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല'** (2:257) **'ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ'**(18 :30) **'അവർ വിശ്വാസികളായിരിക്കാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?'**(10:100) **'അവരുടെ മേൽ നീയൊരു സർവാധികാരിയല്ല.'** ( 10:109). ഏതൊരു സ്വാതന്ത്ര്യ പ്രേമിയേയും ആവേശ ഭരിതരാക്കുകയും മുസ്‌ലികൾ നിരന്തരം ഉദ്ധരിക്കുകയും ചെയ്യുന്ന ഇത്തരം സ്വാതന്ത്ര്യത്തിന്റെ സുവർണ സൂക്തങ്ങൾകൊണ്ട് സമ്പന്നമാണ് ഖുർആൻ. 14 നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന ഈ സ്വാതന്ത്ര്യ പ്രഖ്യാപനം ആഘോഷിക്കാത്ത മുസ്‌ലിം വേദികളില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ പതിനാലു നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ ഖുർആനിക മൂല്യങ്ങൾക്ക് മുകളിലല്ല ആധുനിക മുസ്‌ലിം ഭരണ സ്വരൂപങ്ങളൊന്നും കെട്ടിപ്പടുത്തിരിക്കുന്നത്. സഊദി അറേബ്യയും പാകിസ്താനുമടക്കം മിക്ക മുസ്‌ലിം രാജ്യങ്ങളിലും ഖുർആനിനും സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനങ്ങൾക്കും വിരുദ്ധമായി മതം മാറുന്നവനെ വധിച്ചുകളയണമെന്ന നിയമമാണ് നിലവിലുള്ളത്. കടുത്ത അനീതിയും പക്ഷപാതിത്വവും ഈ നിയമത്തിൽ പ്രകടമാണ്. അതായത് മറ്റു മതങ്ങളിൽ നിന്ന് ആളുകൾ മതം മാറി ഇസ്‌ലാമിലേക്ക് വന്നാൽ അവരെ നാം ഇരു കൈയും നീട്ടി സ്വീകരിക്കുന്നു. എന്നാൽ നമ്മുടെ മതത്തിൽ നിന്ന് ആരെങ്കിലും അന്യമതത്തിലേക്ക് പോയാൽ അയാളുടെ തല വെട്ടിക്കളയുകയും ചെയ്യുന്നു. ഈ നിയമത്തിലെ അനീതിയേയും വൈരുദ്ധ്യത്തേയും ഭീകരതയേയും പറ്റി ഒന്നാലോചിച്ചു നോക്കൂ. ഖുർആന്റെ പ്രഖ്യാപിത തത്ത്വങ്ങൾക്കും സാർവത്രിക മാനുഷിക നീതിക്കും വിരുദ്ധമല്ലേ ഈ കിരാത നിയമം? ഇസ്‌ലാം മതത്തിന് അപകീർത്തിയുണ്ടാക്കുന്ന ഈ നിയമത്തിനെതിരെ എന്തുകൊണ്ട് ആധികാരിക മുസ്‌ലിം സംഘടനകൾ പ്രതികരിക്കുന്നില്ല?. ഇസ്‌ലാമിലേക്ക് ദഅ്‌വ നടത്താൻ 50 കാൾ സെന്ററുകളും അതിൽ 500 ജീവനക്കാരുമുള്ള രാജ്യമാണ് സഊദി അറേബ്യ. മതപരിവർത്തന സ്വാതന്ത്ര്യം സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒരവകാശമായി ചേർക്കുന്നതിനെ എതിർത്ത രാജ്യമാണ് സഊദി അറേബ്യ എന്നും നാമോർക്കണം.

ഇസ്‌ലാമിന്റെ പേരിലുള്ള ഇത്തരം നിയമങ്ങളിൽ കാണുന്ന പക്ഷപാതിത്വം പ്രകടമാണ്. ശത്രുക്കളായാൽ പോലും നീതിയുടെ കാര്യത്തിൽ അവരോട് പക്ഷപാതിത്വം കാട്ടാതെ സത്യത്തിൽ ഉറച്ചു നിൽക്കണം എന്നാണ് ഖുർആന്റെ കല്പന. **'ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നിങ്ങൾ നീതിപൂർവം വിധി നടത്തുക ,അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് എത്ര മേൽ മഹത്തരം.'**(4:59) **'ഓ വിശ്വാസികളെ ദൈവ മാർഗത്തിൽ ഉറച്ചു നിൽക്കുവിൻ. നീതിക്ക് സാക്ഷികളായിരിക്കുവിൻ; ഒരു കൂട്ടർക്ക് നിങ്ങളോടുള്ള ശത്രുത നീതി വിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പ്രവർത്തിക്കുവിൻ. അതത്രെ ഭയഭക്തിയോടടുത്തത്. അല്ലാഹുവിനോടുള്ള കടപ്പാടിനെക്കുറിച്ച് സദാ ജാഗരൂഗരായിരിക്കുവീൻ. നിങ്ങൾ ചെയ്യുന്നതെന്തോ അത് അല്ലാഹു നിശ്ചയമായും അറിയുന്നു.'(5:9)**


ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി സഭ, ഭരണത്തിൽ നിന്ന് സ്വതന്ത്രമായതും നിഷ്പക്ഷവുമായ ജുഡീഷ്യറി, മൗലികാവകാശങ്ങൾ ഉറപ്പ്‌വരുത്തുന്ന ഭരണഘടന , സ്വതന്ത്രമായ പത്ര പ്രവർത്തനം മുതലായവയൊന്നും മുസ്‌ലിം രാജ്യങ്ങളിലില്ല. ഒരു ആധുനിക ജനാധിപത്യ രാജ്യത്ത് ജീവിക്കുന്ന ഒരു മുസ്‌ലിമിന് പോലും അവജ്ഞയുണ്ടാക്കുന്ന മുസ്‌ലിം നാടുകളിലെ സാമൂഹിക വ്യവസ്ഥയെ സംബന്ധിച്ച് മുസ്‌ലിംകൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

# സ്വാതന്ത്ര്യം : ഇസ്‌ലാമിക വീക്ഷണം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്

**ആ**ഫ്രിക്കൻ വൻകരയിലെ ചില നാടുകളിൽ ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിച്ചു വരികയാണ്. ഈ പരിപാടികളിൽ നമ്മുടെ പാൻ ആഫ്രിക്കൻ അസോസിയേഷനും പങ്കെടുക്കുന്നുണ്ട്. ഈ അസോസിയേഷൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ കാലത്താണ് സ്ഥാപിക്കപ്പെട്ടത്. ആഫ്രിക്കൻ അഹ്മദികളുടെ ഒരു അസോസിയേഷനാണിത്. ചുരുക്കത്തിൽ ആഫ്രിക്കൻ നാടുകളിലെ സന്തോഷത്തിൽ നമ്മുടെ അസോസിയേഷനും പങ്കാളികളാകുന്നുണ്ട്.അവർ അതിനുള്ള പ്രോഗ്രാമുകൾ ഉണ്ടാക്കികൊണ്ടിരിക്കുന്നു. ഈ വേളയിൽ ഞങ്ങൾ ഒരു പരിപാടി ആസൂത്രണം ചെയ്യുന്നുണ്ടെന്നും അതിൽ പങ്കെടുക്കണമെന്നും അവർ എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. അവരുടെ പരിപാടിയിൽ ഇൻശാ അല്ലാഹ് ഞാൻ പങ്കെടുക്കുന്നതായിരിക്കും. എന്നാൽ ഇന്ന് സ്വാതന്ത്ര്യം എന്ന വിഷയത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളുമായി പങ്കിടാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

അടിമത്വത്തിൽ നിന്ന് മോചനവും മതസ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും എല്ലാം മഹത്തായ അനുഗ്രഹങ്ങളാണ്. ആഫ്രിക്കൻ ഉപഭൂഖണ്ഡം ഒരു ദീർഘകാലംവരെ ഭരണീയ സമൂഹമെന്ന നിലക്ക് അടിമത്വത്തിൽ ജീവിതം കഴിച്ചുകൂട്ടിയിട്ടുണ്ട്. അത് കൊണ്ട് ഈ നാടുകൾ ആഘോഷിക്കുന്ന സ്വാതന്ത്ര്യദിനവും ജൂബിലിയും എല്ലാം തന്നെ അവർക്ക് തീർച്ചയായും വളരെ പ്രാധാന്യം അർഹിക്കുന്നത് തന്നെയാണ്. ഈ ഒരാഘോഷം അവരുടെ അവകാശവുമാണ്. പത്തറുപത് വർഷം മുമ്പ് വിവിധ നാടുകൾ കരസ്ഥ



(25-11-2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

മാക്കിയ ഈ സ്വതന്ത്ര്യം അല്ലാഹു യഥാർഥ സ്വതന്ത്ര്യമാക്കി മാറ്റട്ടെ. അടിമത്വത്തിന്റെ ചങ്ങലകളിൽ വീണ്ടും അവർ ബന്ധനസ്ഥരാകാതിരിക്കട്ടെ. വിശ്വസ്തതയോടും സദുദ്ദേശ്യത്തോടും നീതിബോധത്തോടും കൂടി ഈ സ്വാതന്ത്ര്യത്തിൽ നിന്ന് ഇവർ ഫലമെടുക്കുകയാണെങ്കിൽ ആഫ്രിക്കൻ ഉപഭൂഖണ്ഡം വരും കാലത്ത് ലോകത്തിന് വഴികാട്ടുന്ന ആ ദിനം വിദൂരമല്ല.

മതചരിത്രത്തിലേക്ക് നാമൊന്ന് കണ്ണോടിച്ച് നോക്കുകയാണെങ്കിൽ മതസ്ഥാപകർ അഥവാ പ്രവാചകന്മാർ ലോകത്ത് വരുന്നതിന്റെ ഏറ്റവും സുപ്രധാനമായ ഒരു ദൗത്യം സ്വാതന്ത്ര്യം നൽകലാണ്. അക്രമിയായ ഭരണാധികാരികളായ ഫിർഔനിൽ നിന്നുള്ള സ്വാതന്ത്ര്യമാണെങ്കിലും മതം വികൃതമായതുകാരണം മതത്തിന്റെ കുത്തകാവകാശികളായവർ തങ്ങളുടെ താൽപര്യങ്ങൾക്കായി മതത്തിൽ കടത്തിക്കൂട്ടിയ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും കാരണമായി ജനങ്ങളുടെ കഴുത്തിൽ ഇടപ്പെട്ട വളയത്തിൽ നിന്നുള്ള മോചനമായാലും നാനാതരം അടിമത്വത്തിൽ നിന്ന് മോചനം പ്രവാചകന്മാർ മുഖേനയാണുണ്ടാകുന്നത്. എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ. പല സമൂഹങ്ങളും ഈ യാഥാർഥ്യത്തെ തിരിച്ചറിഞ്ഞില്ലെന്ന് മാത്രം. അവർ സ്വാതന്ത്ര്യത്തിന്റെ യഥാർഥ ധ്വജവാഹകരെ നിഷേധിച്ചുകൊണ്ട് തങ്ങളുടെ യഥാർഥ സ്വാതന്ത്ര്യത്തിൽ നിന്നും അകറ്റപ്പെട്ടു എന്നുമാത്രമല്ല അല്ലാഹുവിന്റെ പിടിയിൽ വന്നുകൊണ്ട് അവർ നാശമടയുകയും ചെയ്തു. അവർ ഭൗതികരായ ഭരണാധികാരികളുടെ അടിമത്വത്തെ ഭരണാധികാരികളുടെ ഭരണാധികാരിയായ ( അഹ്കമുൽ ഹാകിമീനായ) അല്ലാഹുവിന്റെ അടിമത്തത്തെത്തേക്കാളും പ്രാമുഖ്യം കൽപ്പിക്കുകയാണ് ചെയ്തത്. ഏതൊരു അടിമത്തം സ്വീകരിച്ചാലായിരുന്നുവോ സ്വാതന്ത്ര്യത്തിന്റെ പുതിയ കവാടങ്ങൾ തുറക്കപ്പെടുന്നത് ആ അടിമത്തത്തെ അവർ നിഷേധിച്ചുകളഞ്ഞു. അതുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ താൽപര്യങ്ങൾ മാറിമറയുമ്പോൾ സ്വാതന്ത്ര്യം നഷ്ടപ്പെടുക മാത്രമല്ല ചെയ്തത് മറിച്ച് ഇരുലോകവും തന്നെ അവർക്ക് നഷ്ടമാകുകയും ചെയ്തു.

സ്വാതന്ത്ര്യത്തെക്കുറിച്ച് അതിന്റെ യാഥാർഥ്യത്തിന്റെ ഉള്ളറയിലേക്ക് നാം ചെല്ലുകയാണെങ്കിൽ പ്രവാചകന്മാർ മുഖേന ലഭിക്കുന്ന സ്വാതന്ത്ര്യമാണ് യഥാർഥ സ്വാതന്ത്ര്യമെന്ന് മനസ്സിലാകുന്നതാണ്. ഈ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വലിയ സൂര്യനായി നമ്മുടെ മുമ്പിലുള്ളത് തിരുനബി (സ)

യുടെ അസ്തിത്വമാകുന്നു. ആ സൂര്യ കിരണങ്ങൾ ദൂരെദൂരെ വ്യാപിച്ചുകഴി ഞ്ഞിട്ടുണ്ട്. അത് നാനാതരം സ്വതന്ത്ര്യ ത്തെയും വലയം ചെയ്യുകയും ചെയ്തി രിക്കുന്നു. ആ മഹാത്മാവ് ഭൗതിക മായ അടിമത്തത്തിൽ നിന്ന് മോചനം നൽകുക മാത്രമല്ല ചെയ്തത്, മനുഷ്യൻ തന്റെ കഴുത്തിലണഞ്ഞിരുന്ന വിവിധങ്ങ ളായ വളയങ്ങളിൽ നിന്നും സ്വതന്ത്ര്യം നേടിക്കൊടുക്കുകയുണ്ടായി. ആ മഹാ ത്മാവുമായി യഥാർഥ രീതിയിൽ ബന്ധം സ്ഥാപിക്കുകയാണെങ്കിൽ അത് സ്വാതന്ത്ര്യം നേടിത്തരുവാനുള്ള ഒരു മാർഗമാണ്. അല്ലാഹു ആ മഹാത്മാ വിനെ ഖാത്തമുന്നബിയ്യീൻ എന്ന ബഹു മതി നൽകി അനുഗ്രഹിക്കുകയുണ്ടായി. തിരുനബി (സ) യുടെ ഖാത്തമിയ്യത്ത് എല്ലാ ഭൗതികവും ആത്മീയവുമായ കാര്യങ്ങളെ സ്വാംശീകരിച്ചുകൊണ്ട് അതിൽ സാക്ഷ്യമുദ്ര പതിപ്പിക്കുകയു ണ്ടായി. അല്ലാഹുവിന്റെ ഈ പ്രഖ്യാപ നത്തിനുശേഷം മുഹമ്മദീ മുദ്രമാത്ര മാണ് സർവവിധ ശ്രേഷ്ഠതകളിലും സാക്ഷ്യമുദ്ര പതിപ്പിക്കുകയെന്നതിൽ ഒരു സദ്പ്രകൃതക്കാരനും ഒട്ടും സംശയം ഉണ്ടായിരിക്കില്ല. ഈ ശ്രേഷ്ഠ തകളുടെ ഔന്നത്യം തിരുദൂതരുടെ അസ്തിത്വത്തിലാണ് പൂർണമായിത്തീരു ന്നത്. ഓരോ പ്രവർത്തിയുടെയും ഓരോ കാര്യത്തിന്റെയും ഔന്നത്യവും തിരു നബി (സ) ആയിരിക്കയാൽ ഏതു രീതി യിലുള്ള സ്വതന്ത്ര്യം നേടിക്കൊടുക്കുന്ന തിലും തിരുനബി (സ) തന്നെയാണ് പൂർണതയിൽ എത്തേണ്ടിയിരുന്നത്. അദ്ദേഹം എത്തുകയും ചെയ്തു. ഈ ശ്രേഷ്ഠതകളെല്ലാം അതിമഹത്തരമായ രീതിയിൽ തിരുനബി (സ) മുഖേന പൂർത്തിയായതായി ലോകം കാണു കയും ചെയ്തു. തിരുനബി (സ) യുമായി തങ്ങളെ യഥാർഥ അർഥത്തിൽ ബന്ധപ്പെടുത്തുന്നവർ ഇത് പൂർത്തിയാ കുന്നതായി കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

തിരുനബി (സ) യിൽ ഇറക്ക പ്പെട്ട ഖാത്തമുൽ ഖുത്വുബായ ഗ്രന്ഥ ത്തിൽ സ്വാതന്ത്ര്യത്തിന്റെ വിഷയം വിവിധ രീതിയിൽ വിവിധ മാർഗത്തിൽ വിവരിക്കുന്നുണ്ട്. അതോടൊപ്പം തിരു നബി (സ) യുടെ ഉദാത്ത മാതൃക ഈ മനോഹരമായ അധ്യാപനത്തിന്റെ ശോഭ പതിൻമടങ്ങ് വർധിപ്പിക്കുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് പറയുന്നു. 'ഫക്കു റകബ' ക ഴുത്തിനെ മോചിപ്പിക്കുക. അഥവാ അടി മയെ സ്വതന്ത്രനാക്കുക. സ്വാതന്ത്ര്യത്തി നായി സഹായിക്കുക. അല്ലാഹു പറ യുന്നു.

'അവർ ധനത്തോടുള്ള സ്നേഹം നിലനിൽക്കേ അടുത്ത ബന്ധു ക്കൾക്കും യത്തീമുകൾക്കും മിസ്ക്കീ നുകൾക്കും യാത്രക്കാർക്കും യാച കർക്കും കഴുത്തുകൾ സ്വതന്ത്രമാക്കുന്ന തിനും ധനം നൽകുന്നു. അഥവാ അടി മകളെ മോചിപ്പിക്കുന്നതിനായി.' ഈ വചനത്തിന്റെ തുടക്കത്തിൽ ഉള്ള വിഷയം മുമ്പിൽ വെക്കുകയാണെങ്കിൽ ഇവിടെ പറയുന്നത് ഇതെല്ലാം അതിമഹ ത്തായ നന്മകളാണെന്നാണ്. അല്ലാഹു വിലും അന്ത്യദിനത്തിലും മലക്കുക ളിലും ഗ്രന്ഥങ്ങളിലും പ്രവാചകൻമാ രിലും വിശ്വസിച്ചതിനുശേഷം ഈ നന്മ കളാണ് ദാസരെ ദൈവവുമായി സമീപ സ്ഥമാക്കുന്നത്. ഈ നന്മകളിൽ അടിമ ത്തത്തിൽ നിന്നുള്ള മോചനവും ഉൾപ്പെ ടുന്നു.

അതുകൊണ്ട് വിശ്വാസത്തിന്റെ അവസ്ഥ നിലനിറുത്തണമെങ്കിൽ നന്മ യിൽ മുന്നേറിക്കൊണ്ടിരിക്കണമെങ്കിൽ, നന്മയുടെ ഉന്നത നിലവാരം പ്രകടമാക ണമെങ്കിൽ അടിമകളെ മോചിപ്പിക്കുക എന്ന നന്മയും ചെയ്യേണ്ടതാണ്. ഹദീ സുകളിൽ ഇതിനുള്ള പല ഉദാഹരണ ങ്ങളും നമുക്ക് ലഭിക്കുന്നുണ്ട്.

ബുഖാരിയിൽ നിന്നുള്ള ഒരു നിവേ ദനത്തിൽ വരുന്നു. ഹദ്റത്ത് അബൂ ഹുറൈറ (റ) യിൽ നിന്നും നിവേദനം. തിരുനബി (സ) പറയാറുണ്ടായിരുന്നു. അടിമയെ സ്വതന്ത്രനാക്കുന്ന ഏതൊരു മുസ്ലിമിനെയും അല്ലാഹു നരകത്തിൽ നിന്നും പൂർണമായും മോചിപ്പിക്കുന്ന താണ്.

ഇസ്ലാമിൽ വിവിധ സന്ദർഭങ്ങളിൽ പ്രായശ്ചിത്തമെന്ന നിലക്ക് അടിമകളെ സ്വതന്ത്രമാക്കുക എന്ന അധ്യാപനം വിശുദ്ധ ഖുർആനിൽ വിവിധ സ്ഥലങ്ങ ളിൽ കാണാവുന്നതാണ്. ഒരു വിശ്വാസി അബദ്ധത്തിൽ മറ്റൊരു വിശ്വാസിയെ വധിച്ചുപോയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രായശ്ചിത്തമായി പറഞ്ഞത് അടിമകളെ മോചിപ്പിക്കുക എന്നും മറ്റുമാണ്. ഒരു വിശ്വാസിയെ വധിച്ചാൽ മാത്രമാണ് ഈ പ്രായശ്ചിത്തമെന്നില്ല. മറിച്ച് ഏതെങ്കിലും സമൂഹവുമായി നിങ്ങൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ കാഫി റായ വ്യക്തി നിങ്ങളാൽ വധിക്കപ്പെട്ടു കഴിഞ്ഞാൽ പോലും പ്രായശ്ചിത്തമായി ഒരു അടിമയെ സ്വതന്ത്രമാക്കുക. ദൈവ ത്തിന്റെ പേരിൽ സത്യം ചെയ്തതിനു ശേഷം അതിനെ ലംഘിക്കുകയാണെ ങ്കിൽ അതിനുള്ള പ്രായശ്ചിത്തമായി ഓരോരുത്തരുടെയും കഴിവനുസരിച്ച് വിവിധ പ്രായശ്ചിത്തം നിശ്ചയിച്ചപ്പോൾ അതിൽ ഒന്ന് അടിമകളെ സ്വതന്ത്രമാ ക്കുക എന്നതുമാണ്.

ചുരുക്കത്തിൽ വിവിധ സന്ദർഭങ്ങ ളിൽ അടിമകളെ സ്വതന്ത്രമാക്കാനുള്ള കൽപനയിൽ നിന്നും ഉരുത്തിരിയുന്ന ഒരു കാര്യം ഇസ്ലാം പതുക്കെപ്പതുക്കെ അടിമത്വത്തെ ഇല്ലാതാക്കാൻ ശ്രമി ക്കുന്നു എന്നതാണ്. തിരുനബി (സ) യുടെ കാലത്തും അതിനുമുമ്പും അടി മകളെ വെക്കുക എന്നത് പൊതുവായ ഒരു കാര്യമായിരുന്നു. ഇസ്ലാം വന്നു കൊണ്ട് ഈ അടിമത്തത്തെ ഇല്ലാതാ ക്കുന്നതിനായി വിവിധ സന്ദർഭങ്ങളിൽ ഊന്നൽ നൽകുകയുണ്ടായി.

ആഫ്രിക്കയിൽ സ്വാതന്ത്ര്യം ലഭിച്ച സ്ഥലങ്ങളിലുള്ള അഹ്മദികൾ നബി (സ)യുടെ അധ്യാപനത്തെ അവിടെ വ്യാപിപ്പിക്കേണ്ടതാണ്. കൂടുതൽ പേരെ തിരുനബി (സ) യുടെ അടിമത്തത്തിൽ കൊണ്ടുവരിക. എന്നാൽ മാത്രമേ എന്താണ് സ്വാതന്ത്ര്യം എന്ന് അവർക്ക് തിരിച്ചറിയാൻ കഴിയുകയുള്ളൂ. ഒരു പ്രാവശ്യം ഗോൾഡൻ ജൂബിലി ആഘോഷിച്ചതുകൊണ്ട് മാത്രം യഥാർഥ സ്വാതന്ത്ര്യം ലഭിക്കില്ല. സ്വാതന്ത്ര്യം നിലനിൽക്കണമെങ്കിൽ ഭര ണാധികാരികളും ജനങ്ങളും ഈ സ്വാത ന്ത്ര്യത്തെ നിലനിർത്തേണ്ടത് എങ്ങനെ യാണെന്ന് തിരിച്ചറിഞ്ഞിരിക്കണം. അതിന് എന്തെല്ലാം മാർഗങ്ങളാണ് നാം സ്വീകരിക്കേണ്ടതെന്ന് അവർ അറിയ ണം. ആ മാർഗങ്ങൾ നമുക്ക് തിരുനബി (സ) യുടെ മാതൃകയിലും വിശുദ്ധ ഖുർ ആനിലും കാണാൻ സാധിക്കുന്നതാണ്. യഥാർഥ ഇസ്ലാമിക സമൂഹത്തിൽ ഒരി ക്കലും തന്നെ ആരെയും അടിമകളാക്കു കയില്ല. തിരുനബി (സ) തന്റെ വിയോ ഗത്തിനുമുമ്പ് നൽകിയ അവസാന ഉപ ദേശത്തിൽ പറഞ്ഞത് നമസ്ക്കാരത്തെ ക്കുറിച്ചും അടിമകളെക്കുറിച്ചുമുള്ള എന്റെ ഉപദേശം നിങ്ങൾ ഒരിക്കലും മറ ക്കരുത് എന്നാണ്. എന്നാൽ മുസ്ലിംക ളുടെ ഭരണാധികാരികളുടെയും ധനിക ന്മാരുടെയും നിർഭാഗ്യമെന്നല്ലാതെ മറ്റെന്തു പറയാൻ. ഈ രണ്ട് അധ്യാപ നങ്ങളും അവർ മറന്നു കളഞ്ഞു. നമ സ്ക്കാരത്തിൽ ആ താൽപര്യവും ആവേശവും കാണുന്നില്ല. ദൈവഭ യവും കാണുന്നില്ല. മാത്രമല്ല, അടി മത്തം ഇല്ലാതാക്കാനുള്ള ശ്രമവും കാണുന്നില്ല. അടിമകളെ വിലകൊടു ത്തുവാങ്ങുന്ന മുമ്പുള്ള സമ്പ്രദായം ഇന്നില്ലെങ്കിലും ഭരണത്തിന്റെ പേരിൽ

പൊതുജനങ്ങളോട് അടിമകളെപ്പോലെയാണ് പെരുമാറുന്നത്. ചില നാടുകളിലുള്ള അസ്വസ്ഥതകൾക്കും കുഴപ്പങ്ങൾക്കും കാരണം, പ്രത്യേകിച്ച് അറബ് മുസ്‌ലിം നാടുകളിൽ, പൊതുജനങ്ങൾ കരുതുന്നത് തങ്ങളോട് അടിമകളോട് പെരുമാറുന്നതുപോലെയാണ് പെരുമാറുന്നത് എന്നതുകൊണ്ടാണ്. ഒരു ഗവൺമെന്റ് ജനാധിപത്യത്തിന്റെ പേരിൽ വരുന്നു. പിന്നീട് അവർ ശ്രമിക്കുന്നത് പ്രസിഡന്റായ വ്യക്തി ജീവിതാവസാനം വരെ പ്രസിഡന്റായിത്തന്നെ നിലനിൽക്കണം എന്നാണ്. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ മക്കൾ ഭരണത്തിൽ തുടരണമെന്നും ആഗ്രഹിക്കുന്നു. സ്തുതിപാടകരും തൽപരകക്ഷികളും ഇവരുടെ ചുറ്റുംകൂടി ഇവരുടെ താൽപര്യങ്ങളും കാഴ്ചപ്പാടുകളും എല്ലാം മാറ്റിമറിക്കുന്നു. അങ്ങനെ അവർ ഭരണം ഉറപ്പിക്കുന്നതിനായി എല്ലാ മാർഗങ്ങളും അവലംബിക്കുന്നു. സ്വന്തം നാട്ടുകാർക്ക് നേരെ വെടി ഉതിർക്കുന്നു. ഇസ്‌ലാമിക വിരുദ്ധ ശക്തികൾ, വൻ രാഷ്ട്രങ്ങൾ എന്നിവർ തങ്ങളുടെ താൽപര്യങ്ങൾ നേടിയെടുക്കുന്നതിനും രാജ്യത്തിന്റെ സമ്പത്ത് ഊറ്റിയെടുക്കുന്നതിനും വേണ്ടി, പൊതുജനങ്ങൾ ഭരണകൂട ഭീകരതയിൽ നിന്നും മോചനത്തിനായി ചെയ്യുന്ന ഈ വിപ്ലവത്തെ മുതലെടുത്ത്കൊണ്ട് അതിനെ ആളിക്കത്തിക്കുന്നു. ഇവരെ സഹായിക്കാനെന്ന പേരിലാണ് വൻശക്തികൾ വരുന്നതെങ്കിലും അത് പിന്നീട് വളരെ പൈശാചിക രൂപം സ്വീകരിക്കുകയും നാടിന്റെ അവസ്ഥ 100 വർഷം പിന്നോട്ട് കൊണ്ടുപോകുന്നു എന്നുമാത്രമല്ല, സ്വാതന്ത്ര്യത്തിനുള്ള പൊതുജനപ്രക്ഷോഭം വീണ്ടും അടിമത്തത്തിലേക്ക് നയിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യുന്നു. സ്വന്തം ആളുകളുടെ അടിമത്തത്തിൽ നിന്ന് മോചിതരായി അന്യരുടെ അടിമത്തത്തിലേക്ക് അവർ ചെന്നെത്തുന്നു. നേരിട്ടല്ലെങ്കിലും ശരി. ഈ കാര്യം ഞാൻ മുമ്പും പറഞ്ഞിട്ടുള്ളതാണ്. ചില വൻശക്തികൾ ഏതൊരു ഭരണകൂടത്തെ സഹായിച്ചുകൊണ്ട് അവരെ അവരുടെ കസേരയിൽ തന്നെ വർഷങ്ങളോളം ഇരുത്തിയോ അപ്പോഴൊന്നും അവർ പൊതുജനങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടതിനെക്കുറിച്ച് അൽപംപോലും ചിന്തിക്കുന്നില്ല. എന്നാൽ തങ്ങളുടെ താൽപര്യങ്ങൾ ആ ഭരണകൂടങ്ങളിൽ നിന്നും ലഭിക്കാതെ വരുമ്പോൾ പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പേരും പറഞ്ഞ് ആ ഭരണകൂടങ്ങളെ മറിച്ചിടുന്നു. അവരെ സ്ഥാനഭ്രഷ്ടരാക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇപ്പോൾ അടുത്ത കാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ചില കാര്യങ്ങൾവെച്ച് നോക്കുമ്പോൾ ഭരണം മാറി പുതിയ ഭരണം വന്നപ്പോൾ ഈ വൻ ശക്തികളും വെപ്രാളപ്പെടുകയാണ്. കാരണം തങ്ങളുടെ താൽപര്യത്തിനുതകുന്ന ഭരണമല്ല ഇവിടെ വന്നിരിക്കുന്നത്. ചില സ്ഥലങ്ങളിൽ അവർ ആഗ്രഹിച്ചതുപോലെയുള്ള മാറ്റങ്ങളല്ല വന്നിട്ടുള്ളത്. അതല്ലെങ്കിൽ അവർ വിചാരിച്ചതുപോലുള്ള മാറ്റങ്ങൾ അവിടെ സംഭവിക്കില്ലെന്ന് അവർക്ക് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. ഇത് അവരെ കൂടുതൽ അസ്വസ്ഥരാക്കിയിരിക്കുകയാണ്. ഇനി കുഴപ്പത്തിന്റെയും കാപട്യത്തിന്റെയും പുതിയ ഒരധ്യായം തുറക്കപ്പെടാൻ പോകുകയാണ്. ചില സ്ഥലങ്ങളിൽ ഇത് തുടങ്ങിക്കഴിഞ്ഞു. പൊതുജനങ്ങളും തെറ്റിദ്ധാരണയിൽ അകപ്പെട്ടിരിക്കുന്നു. അവർ ഒരു ഭരണകൂടത്തിന്റെ അടിമത്തത്തിൽ നിന്നും മോചിതരായി മറ്റൊരു ഭരണത്തിന്റെ അടിമത്തത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ചില സ്ഥലങ്ങളിൽ ഇതു നടന്നുകഴിഞ്ഞു. നാടിന്റെ സമ്പത്ത് ഇപ്പോഴും പൊതുജനങ്ങളുടെ ക്ഷേമത്തിനായോ അവരുടെ പുരോഗതിക്കായോ അവർക്ക് അവരുടെ അവകാശവും നീതിയും നേടിക്കൊടുക്കുന്നതിനായോ അവരെ വിദ്യാസമ്പന്നരാക്കുന്നതിനായോ ചെലവഴിക്കപ്പെടുന്നില്ല; ചെലവഴിക്കപ്പെടുകയുമില്ല. കാരണം ഏതൊരും ഭരണമാണോ ഇനി വരുന്നത് അവരും അവരുടെതായ താൽപര്യങ്ങളുമായാണ് വരുന്നത്. പൊതുജനങ്ങളിൽ പട്ടിണിയും താഴ്ന്ന ജീവിത നിലവാരവും മുമ്പും ഉണ്ടായിരുന്നതാണ്. അത് നീക്കപ്പെടുമെന്ന് വ്യാമോഹം നിലനിൽക്കുന്നുണ്ടെങ്കിലും അത് അകറ്റപ്പെടുന്നതല്ല. ഇതേ അവസ്ഥ തന്നെ തുടരുന്നതാണ്. കുറച്ചു കാലങ്ങൾക്ക് ശേഷം നിങ്ങൾക്കിത് കാണാൻ സാധിക്കുന്നതാണ്. കാരണം തിരുനബി (സ) യുടെ ഉപദേശമനുസരിച്ച് ഭരണാധികാരികൾ പ്രവർത്തിക്കുന്നില്ല. മുസ്‌ലിംകൾ എന്ന് പറയപ്പെടുന്നുണ്ടെങ്കിലും തിരുനബി (സ) യുടെ ഉപദേശമനുസരിച്ചല്ല അവർ പ്രവർത്തിക്കുന്നത്. പണ്ടുകാലത്ത് ഒരു വ്യക്തി തന്റെ സമ്പത്തിന്റെ ഹുങ്കിൽ അടിമകളെ വെച്ചിരുന്നു. ഇപ്പോൾ നാടിന്റെ സമ്പത്ത് നാട്ടുകാരെ അടിമകളാക്കിവെക്കാനായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഇക്കാര്യങ്ങൾ മീഡിയകൾ പറയാൻ തുടങ്ങി. അതുമായി ബന്ധപ്പെട്ട ചിത്രങ്ങളും വീഡിയോകളും എല്ലാം വന്നുകൊണ്ടിരിക്കുന്നു. എണ്ണ ഉൽപാദന രാഷ്ട്രങ്ങളിൽ പോലും ദാരിദ്ര്യവും പട്ടിണിയും കാണപ്പെടുന്നു. ഒരു ഭാഗത്ത് സ്വർണത്തിന്റെ മണിമാളികകളാണെങ്കിൽ മറു ഭാഗത്ത് നാട്ടുകാർക്ക് രണ്ടുനേരം ഭക്ഷണംപോലും വയറുനിറച്ച് ലഭിക്കുന്നില്ല. അവകാശങ്ങൾ ധ്വംസിച്ചുകൊണ്ട് പൊതുജനങ്ങളെ അടിമകളാക്കി വെച്ചിരിക്കുകയാണ്.

ഒരു കാലമുണ്ടായിരുന്നു, അന്ന് ഹദ്റത്ത് ഉമർ (റ) വിന് തന്റെ സൈന്യത്തെ ക്രിസ്തീയ പ്രദേശങ്ങളിൽ നിന്നും പിൻവലിക്കേണ്ടതായി വന്നു. അന്ന് ശത്രുക്കളുടെ ശക്തി കാരണം മുസ്‌ലിംകൾക്ക് തങ്ങളുടെ നിയന്ത്രണം ആ പ്രദേശത്ത് നിലനിർത്താൻ സാധിച്ചിരുന്നില്ല. അപ്പോൾ ആ ക്രിസ്തീയ നാട്ടുകാരിൽ നിന്ന് അവ

> മുസ്‌ലിംകളുടെ അന്തസ്സ് നിലനിർത്താനും വിവിധങ്ങളായ കുഴപ്പങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനും ഒരേ ഒരു മാർഗമേയുള്ളൂ. അത് അല്ലാഹുവിന്റെയും അവന്റെ റസൂലി(സ)ന്റെയും കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അത് സാധിക്കണമെങ്കിൽ അല്ലാഹു ഇക്കാലത്തയച്ച മഹാത്മാവിനെ നിഷേധിക്കുന്നതിൽ നിന്നും അവർ വിട്ടുനിൽക്കേണ്ടിയിരിക്കുന്നു.

രുടെ സംരക്ഷണത്തിനും അവരുടെ പുരോഗതിക്കുമായി അവരിൽ നിന്നും നികുതി ഇനത്തിൽ വാങ്ങിയ പണം, അവരുടെ അവകാശം നൽകുന്നതിനായി സ്വരുക്കൂട്ടിയ ധനം, അവർക്ക് തിരിച്ചു നൽകുകയുണ്ടായി. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇനി സാധിക്കാത്തതുകൊണ്ട് നിങ്ങളിൽ നിന്നും വസൂലാക്കിയ തുക ഇതാ തിരിച്ചേൽപ്പിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് തിരിച്ചു കൊടുത്തു. അപ്പോൾ ക്രിസ്ത്യാനികളായ ആ പ്രജകൾ കരയുകയായിരുന്നു. അവർ കരഞ്ഞുകൊണ്ട് പറഞ്ഞിരുന്നത് നിങ്ങൾ തന്നെ വീണ്ടും തിരിച്ചുവരട്ടെ എന്നാണ് ഞങ്ങളുടെ പ്രാർഥന. കാരണം നിങ്ങളെപ്പോലെയുള്ള ഭരണാധികാരികളെ ഞങ്ങൾ കണ്ടിട്ടില്ല.

മുസ്ലിം ഭരണത്തിൽ ഞങ്ങൾക്ക് ലഭിച്ച നീതിയും അവകാശങ്ങളും ഞങ്ങളുടെ ഭരണത്തിൽപോലും ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. എന്നാൽ ഇന്നത്തെ അവസ്ഥ നോക്കുക. മുസ്ലിം ഭരണാധികാരികൾ മുസ്ലിം പൊതുജനത്തിന്റെ സമ്പത്ത് തന്നെ കൊള്ളയടിക്കുന്നു. നാട്ടിൽ നീതിയില്ല. അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. ആരുടെയും ജീവനും സ്വത്തും സുരക്ഷിതമല്ല. എന്നിട്ട് ഇവർ വാദിക്കുന്നത് തങ്ങൾ തങ്ങളുടെ ജനങ്ങൾക്ക് വേണ്ടി ചെയ്യുന്നത്ര മറ്റാർക്കും ചെയ്യാൻ സാധ്യമല്ല എന്നാണ്. വിവിധ നാടുകളിൽ ഇപ്പോൾ ഉണ്ടായിരിക്കൊണ്ടിരിക്കുന്ന ഈ വിപ്ലവങ്ങളിൽ നിന്ന് തൽപരകക്ഷികൾ ഫലമെടുത്തുകൊണ്ടിരിക്കുകയാണ്. ചിലർ മതത്തിന്റെ പേരിൽ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പൊതുജനത്തിന്റെ അവകാശങ്ങൾ അവർക്ക് നൽകപ്പെട്ടിരുന്നെങ്കിൽ, ഭരണകൂടങ്ങൾ നീതിയിൽ നിലനിൽക്കുകയും ചെയ്തിരുന്നെങ്കിൽ ഈ ഒരു സ്ഥിതിവിശേഷം സംജാതമാകുമായിരുന്നില്ല. ഭരണകൂടങ്ങൾ അത്യാഗ്രഹം വെടിഞ്ഞ് നീതിനിഷ്ഠമായ ഭരണം നടത്തിയിരുന്നെങ്കിൽ ഈ കുഴപ്പങ്ങൾ ഒരിക്കലും തലപൊക്കുമായിരുന്നില്ല.

മുസ്ലിംകളുടെ അന്തസ്സ് നിലനിർത്താനും വിവിധങ്ങളായ കുഴപ്പങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനും ഒരേ ഒരു മാർഗമേയുള്ളൂ. അത് അല്ലാഹുവിന്റെയും അവന്റെ റസൂലി(സ) ന്റെയും കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അത് സാധിക്കണമെങ്കിൽ രണ്ടുതരത്തിലുമുള്ള അവകാശങ്ങൾ നിലനിറുത്താനായി അല്ലാഹു ഇക്കാലത്തയച്ച മഹാത്മാവിനെ നിഷേധിക്കുന്നതിൽ നിന്നും വിട്ടുനിൽക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ അധ്യാപനങ്ങളെ വിവിധ രീതിയിൽ വിവിധ സന്ദർഭങ്ങളിൽ നമ്മുടെ മുമ്പാകെ വെച്ചിട്ടുണ്ട്. ഇത് സത്യവും നീതിയും സ്ഥാപിക്കുകയും സ്ഥായിയായ സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നതാണ്. അദ്ദേഹം ഒരു സ്ഥലത്ത് പറയുന്നു. ഓർക്കുക, ഒരു മുസ്ലിം അല്ലാഹുവിനോടുള്ള കടപ്പാടും സൃഷ്ടികളോടുള്ള കടപ്പാടും നിറവേറ്റുന്നതിനായി എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. ഏതുപോലെ അവൻ തന്റെ നാവുകൊണ്ട് അല്ലാഹുവിന്റെ അസ്തിത്വത്തെയും ഗുണത്തേയും കുറിച്ച് ഏകവും അതിൽ പങ്കുകാരായി മറ്റാരുമില്ലെന്നും അംഗീകരിക്കുന്നുവോ അതുപോലെ അവന്റെ സൃഷ്ടികളോട് സഹാനുഭൂതിയോടും ലാളിത്യത്തോടും വർത്തിക്കേണ്ടതാണ്.

പറയുന്നു. നിങ്ങളുടെ പരസ്പരമുള്ള ബന്ധം ശരിയാകാത്തിടത്തോളം കാലം അല്ലാഹുവുമായുള്ള ബന്ധവും ശരിയായിത്തീരുന്നതല്ല. ഈ രണ്ട് അവകാശങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട അവകാശം അല്ലാഹുവിന്റേതാണെങ്കിൽ തന്നെയും അവന്റെ സൃഷ്ടികളോടുള്ള കടപ്പാടുകൾ നിറവേറ്റുക എന്നത് അതിന്റെ ദർപ്പണമായി കാണുന്നതാണ്. തന്റെ സഹോദരന്മാരോട് നല്ല രീതിയിൽ വർത്തിക്കാത്ത വ്യക്തിക്ക് അല്ലാഹുവിനോടുള്ള കടപ്പാടുകളും ശരിയാം വണ്ണം നിർവഹിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ ഇന്നുള്ള സ്വാതന്ത്ര്യം എന്ന് പറയുന്നത് ഒരു അടിമത്തത്തിൽ നിന്നും മോചിതമായി മറ്റൊരു അടിമത്തത്തിലേക്കുള്ള ചേക്കേറൽ മാത്രമാണ്. ആഫ്രിക്കയിലെ അധികം നാടുകളിലും ഒന്ന് കണ്ണോടിച്ചു നോക്കുക. പല അറബുരാഷ്ട്രങ്ങളിലും ഒന്ന് കണ്ണോടിക്കുക. ഈ ഒരവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അന്യരുടെ അടിമത്തത്തിൽ നിന്ന് മോചനം ലഭിച്ചിട്ടുണ്ടെങ്കിൽ തന്നെ സ്വന്തം ആളുകളുടെ അടിമത്തത്തിൽ ചെന്നു വീഴുകയുണ്ടായി. അറബ്നാട്ടിലെ രാഷ്ട്ര നേതാക്കന്മാരും ആഫ്രിക്കൻ നാടുകളിലെ നേതാക്കന്മാരും വിപ്ലവത്തിന്റെ പേര് പറഞ്ഞ് ഭരണകൂടങ്ങളെ പിടിച്ചടക്കുന്ന സൈന്യവും മതനേതാക്കളും ഉലമാക്കൾ എന്ന് പറയുന്നവരും ഒരു യാഥാർഥ്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അവരുടെ നാട്ടുകാരെ അടിമത്തത്തിന്റെ ചങ്ങലകളിൽ ബന്ധിക്കുന്നതുകൊണ്ടും നീതിയിലധിഷ്ഠിതമായ ഭരണം നടത്താത്തതുകൊണ്ടും മറ്റുള്ളവരുടെ അവകാശങ്ങൾ നൽകാത്തതുകൊണ്ടും അവർ അല്ലാഹുവിന്റെ പിടിയൽ വരുന്നതാണ്. ഓരോ ഇടയനോടും അവന്റെ ആട്ടിൻപറ്റത്തെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിയോ എന്ന് ചോദിക്കപ്പെടും. നാട്ടിലെ സമ്പത്ത്കൊണ്ട് സ്വന്തം ഖജനാവ് നിറക്കുകയാണോ നിങ്ങൾ ചെയ്തത്. ഇസ്ലാം, അല്ലാഹു, റസൂൽ എന്ന പേരെല്ലാം നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഇസ്ലാമിന്റെ മൂല്യങ്ങൾ നിങ്ങൾ സംരക്ഷിച്ചോ?. നിഷേധാർഥത്തിലാണ് മറുപടിയെങ്കിൽ അല്ലാഹു ശിക്ഷിക്കുന്നതാണ്. അല്ലാഹുവിന്റെ മുമ്പിൽ കളവ് പറയാൻ കഴിയില്ല. അല്ലാഹുവിന്റെ മുമ്പിൽ ഒന്നും മറച്ചുവെക്കാൻ പറ്റില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. യഥാർഥ വിശ്വാസി അവർ തങ്ങളുടെ അമാനത്തുകളെയും വാഗ്ദാനങ്ങളെയും ശ്രദ്ധിക്കുന്നതാണ്. നേതാക്കന്മാർ അവരുടെ അമാനത്തുകളെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. അവർ പ്രതിജ്ഞ എടുക്കുമ്പോൾ അല്ലാഹുവിനെയാണ് സാക്ഷി നിറുത്തുന്നത്. നാട്ടിന്റെ ഉന്നമനത്തിനായും ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടിയും പ്രവർത്തിക്കുന്നതാണെന്നും അവരുടെ അവകാശങ്ങൾ നൽകുന്നതിനും നീതി നടപ്പിൽ വരുത്തുന്നതിനും സ്വാതന്ത്ര്യത്തിനു വേണ്ടിയും എന്തു മാർഗങ്ങളും സ്വീകരിക്കുന്നതാണെന്നും പ്രതിജ്ഞ എടുക്കുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ; പൊതുവിൽ എല്ലായിടത്തും സമൂഹത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതായാണ് കണ്ട് വരുന്നത്. പണ്ഢിതന്മാരാണെങ്കിൽ ദീനിനെ വരുമാനമാർഗമാക്കി മാറ്റി. പൊതുജനങ്ങളെ അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും കുടുക്കി തങ്ങളുടെ കീഴിൽ ഒതുക്കി നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പൊതുജനങ്ങളാണെങ്കിൽ അവരും തങ്ങളുടെ കടമകൾ നിറവേറ്റുന്നില്ല. ചുരുക്കത്തിൽ അമാനത്തുകളോടുള്ള ഉത്തരവാദിത്വം വേണ്ട രീതിയിൽ നിറവേറ്റാത്തതുകൊണ്ട് ഓരോരുത്തരും തന്നെ അല്ലാഹുവിന്റെ ശിക്ഷയെ മാടി വിളിക്കുകയാണ് ചെയ്യുന്നത്. ഇന്ന് നാടുകളിൽ കണ്ടുവരുന്ന കുഴപ്പങ്ങളെല്ലാം ഇതിന്റെ പരിണിതഫലങ്ങളാണ്. തീവ്രവാദം,

ശേഷം പേജ് 18ൽ



# ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും

ഹദ്റത്ത് അഹ്മദ്(അ)

**ശൈത്വാനിൽ നിന്നുള്ള വെളിപാടുകൾ ഒരു യാഥാർഥ്യമാണ് - ദൈവത്തിൽ നിന്നുള്ള വെളിപാടുകളും ശൈത്വാനിൽ നിന്നുള്ള വെളിപാടുകളുംതമ്മിലുള്ള വ്യത്യാസങ്ങളെകുറിച്ച് വാഗ്ദത്ത മസീഹ്**

**ചി**ല അപൂർണരായ സത്യാന്വേഷകർക്ക് ശൈത്വാനിൽ നിന്നും വെളിപാടുകൾ ലഭിക്കുന്ന അനുഭവമുണ്ടാകുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. അലങ്കോലപ്പെട്ട സ്വപ്നങ്ങളായി കാണപ്പെടുന്നത് ചിലപ്പോൾ സ്വന്തം മനസ്സിന്റെ മതിഭ്രമവുമായിരിക്കാം. ശൈത്വാനിൽ നിന്ന് വെളിപാടുകൾ ഉണ്ടാവുന്നു എന്നതിനെ നിഷേധിക്കുന്നവർ ശൈത്വാനിൽ നിന്നു വെളിപാടുകൾ ഉണ്ടാവുമെന്നുള്ള ഖുർആന്റെ ഉറച്ച അഭിപ്രായത്തെ എതിർക്കുകയാണ് ചെയ്യുന്നത്. ഒരു മനുഷ്യൻ അവന്റെ ആത്മാവിന്റെ സംസ്കരണം പൂർണമാക്കുകയോ പരിപൂർണതയിലെത്തിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അയാൾ ശൈത്വാനിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായേക്കാം. അയാൾ ഈ ഖുർആൻ വചനത്തിന്റെ പരിധിയിൽ പെടുന്നയാളുമായിരിക്കും. **കള്ളം പറയുന്ന പാപികളായ എല്ലാ ഓരോരുത്തരുടെയും മേൽ അവൻ(പിശാച്) ഇറങ്ങുന്നു.(26:223).** പരിശുദ്ധന്മാർ ശൈത്വാന്റെ സ്വാധീനത്തെ കുറിച്ച് ഉടൻ താക്കീത് ചെയ്യപ്പെടുന്നതാണ്. യേശുവിനെ ശൈത്വാൻ ഒരു മലയിലേക്ക് കൊണ്ടു പോയെന്ന് ചില ക്രിസ്ത്യൻ പാതിരിമാർ അവരുടെ രചനകളിൽ അതിരു കവിഞ്ഞ നിലയിൽ അഭിപ്രായപ്പെടുന്നു. ഇത് മറ്റുള്ളയവരും യഹൂദികളും ദൃക്സാക്ഷികളായേക്കാവുന്ന ബാഹ്യ സംഭവമായിരുന്നില്ലെന്നും യേശുവിന് മൂന്ന് തവണ പിശാചിൽ നിന്ന് വെളിപാടുകൾ ലഭിച്ചെന്നും ആ മൂന്ന് തവണയും അദ്ദേഹം അത് സ്വീകരിച്ചില്ലെന്നും അവർ പറയുന്നു. യേശു പിശാചിന് വശംവദനായി എന്ന് കേൾക്കുമ്പോൾ തന്നെ നാം ഭയന്നു വിറക്കുന്നു......ഒരു നിർമല ഹൃദയത്തെ പിശാചിന്റെ ചിന്തകൾ സ്പർശിക്കുകയില്ല. അത്തരത്തിലുള്ള എന്തെങ്കിലും ചിന്തകൾ പരിശുദ്ധരെ സമീപിക്കുമ്പോൾ അത് ഉടൻ തിരസ്ക്കരിക്കപ്പെടുന്നു.

വിശുദ്ധ ഖുർആനിൽ ഇത്തരം ചിന്തകൾക്ക് **തായിഫ്** എന്നാണ് പറപ്പെടുക. അതിന് ഹൃദയവുമായി വളരെ വിദൂരബന്ധമേയുള്ളൂ. ദൂരെയുള്ള മരത്തിന്റെ നിഴൽ പോലെയാണത്. ഇത്തരത്തിലുള്ള നേരിയ സന്ദേഹം യേശുവിന്റെ ഹൃദയത്തിൽ സംജാതമാക്കാൻ പിശാച് ആഗ്രഹിച്ചു എന്ന് വരാം. അത് അപ്പോൾ തന്നെ യേശുവിന്റെ പ്രവാചകത്വത്തിന്റെ ശക്തിയാൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ടാവും.

യേശുവിന്റെ പ്രവാചകത്വപരമായ മേധാശക്തികൊണ്ടും അദ്ദേഹം ആർജിച്ച സത്യത്തിന്റെ പ്രകാശശക്തി കൊണ്ടും പൈശാചിക ചിന്തകൾ അദ്ദേഹത്തിന്റെ അരികിലെത്താൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല എന്നത് നമ്മുടെ അടിയുറച്ച വിശ്വാസമാണ്.

വെളിച്ചത്തോടൊപ്പം അന്ധകാരത്തിന് നിൽക്കാൻ സാധിക്കാത്തത് പോലെ പിശാചിന്റെ ചിന്തകളെ തിരസ്ക്കരിച്ച് അദ്ദേഹം സ്വയം തന്നെ അവിടെ മേധാവിത്വം സ്ഥാപിച്ചു. പിശാചിന് അദ്ദേഹത്തോടൊപ്പം നിൽക്കാൻ സാധ്യമല്ല. അതു ദൂരത്തേക്ക് ഓടിമറയുന്നു.

**തീർച്ചയായും എന്റെ ദാസരുടെ മേൽ നിനക്ക് യാതൊരു സ്വാധീന ശക്തിയും ഉണ്ടായിരിക്കുകയില്ല.(വി. ഖുർആൻ15:43)** ശൈത്വാന്റെ നിർദേശങ്ങളും വെളിപാടുകളും സ്വീകരിക്കുന്നവരിൽ മാത്രമേ ശൈത്വാന്റെ സ്വാധീനമുണ്ടായിരിക്കുകയു ള്ളൂ. എന്നാൽ പ്രകാശത്തിന്റെ ശരം കൊണ്ട് ശൈത്വാനെതിരെ പ്രക്ഷേപി ക്കുകയും വിദൂരത്ത് നിന്ന് അവനെ മുറിവേൽപ്പിക്കുകയും അവൻ പറയുന്നതിനെയൊന്നും അനുസരിക്കാതിരിക്കുകയും ചെയ്യുന്നവർ അവന്റെ അധികാരവലയത്തിൽ നിന്ന് പുറത്താണ്. സർവ ശക്തനായ ദൈവം അവർക്ക് അവന്റെ ആകാശഭൂമികളിൽ അതിവർത്തിച്ചു വ്യാപിച്ചുകിടക്കുന്ന സാമ്രാജ്യത്തിന്റെ അഭിദർശനമരുളാൻ ആഗ്രഹിക്കുന്നു. ശൈത്വാൻ ഭൂമിയിലെ സാമ്രാജ്യത്തിന്റെ ഭാഗമാണ്. ഈ ലോക ദർശനത്തിന്റെ പൂർത്തീകരണം എന്ന നിലക്ക് ജിജ്ഞാസയുളവാക്കുന്ന ഈ സൃഷ്ടിയുടെ മുഖം കാണേണ്ടതും ശബ്ദം കേൾക്കേണ്ടതുമുണ്ട്. ദിവ്യവും നിർമലവുമായ അവരുടെ വസ്ത്രങ്ങളിൽ നിന്ന് ശൈത്വാന്റെ കളങ്കങ്ങൾ അണുമാത്ര പോലും പതിയുന്നില്ല. ശൈത്വാൻ അവന്റെ പൗരാണികമായ വഞ്ചനാ മാർഗങ്ങളിലൂടെ യേശുവിനോട് ഒരഭ്യർഥന നടത്തുകയുണ്ടായി. ഉടൻ തന്നെ അദ്ദേഹത്തിന്റെ പരിശുദ്ധ പ്രകൃതി അത് നിരാകരിക്കുകയും ചെയ്തു. അത് സ്വീകരിച്ചില്ല. ഇത് യേശുവിനെ സംബന്ധിച്ചിടത്തോളം അപകീർത്തികരമായിരുന്നില്ല. രാജാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ചിലപ്പോൾ മഹാപാപികൾ സംസാരിക്കാറില്ലേ? ഈ രീതിയിൽ ശൈത്വാൻ ആത്മീയമായി യേശുവിന്റെ

ഹൃദയത്തിലേക്ക് അവന്റെ വാക്കുകൾ ഇട്ടുകൊടുത്തു. പക്ഷേ യേശു ശൈത്വാനികമായ ആ വെളിപാടുകൾ സ്വീകരിച്ചില്ല. ഉടനെ നിരാകരിച്ചു. ഇത് സ്തുത്യർഹമായ ഒരു പ്രവർത്തിയാണ്. ഇതിനെ വിമർശിക്കുന്നത് വിഡ്ഢിത്തവും ആത്മീയമായ ദാർശനിക ബോധത്തിന്റെ പരാജയവുമാണ്. യേശു തന്റെ പ്രകാശത്തിന്റെ ചാട്ടവാറടി കൊണ്ടു സാധിച്ചത് പോലെ ശൈത്വാന്റെ ദുർബോധനങ്ങൾ നിരാകരിക്കാനും ഹൃദയപരിശുദ്ധി പ്രകടിപ്പിക്കാനുമുള്ള വഴി എല്ലാ സൂഫിമാർക്കും സ്വാത്വികർക്കും തുറന്നു കൊടുത്തിട്ടില്ല.

സയ്യിദ് അബ്ദുൾ ഖാദിർ ജീലാനി (റഹ്) പറയുകയുണ്ടായി ഒരിക്കൽ അദ്ദേഹത്തിന് ശൈത്വാനിൽ നിന്നും വെളിപാടുകൾ ലഭിച്ചു. 'നിന്റെ പ്രാർഥനകളെല്ലാം സ്വീകരിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്ക് നിരോധിക്കപ്പെട്ടിട്ടുള്ളതെല്ലാം നിനക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.' അതിനാൽ നമസ്കാരം നിർവഹിക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. അബ്ദുൾ ഖാദിർ(റഹ്) അവനോട് പഞ്ഞു: കടന്നുപോ ശൈത്വാൻ, റസൂൽ തിരുമേനി(സ)ക്ക് നിരോധിക്കപ്പെട്ടത് എങ്ങനെ എനിക്ക് അനുവദനീയമാകും? അതിന് ശേഷം ശൈത്വാൻ അവന്റെ കനക സിംഹാസനവുമായി തന്റെ കൺമുമ്പിൽ നിന്നു അപ്രത്യക്ഷനായി. ഒരു ദിവ്യാത്മാവും അതുല്യ വ്യക്തിത്വവുമായിരുന്ന അബ്ദുൾ ഖാദിർ ജീലാനി യെപോലുള്ളവർക്ക് ശൈത്വാന്റെ വെളിപാടുകൾ ലഭിക്കു മെങ്കിൽ ദൈവികാന്വേഷണത്തിൽ പരിപൂർണത പ്രാപിച്ചിട്ടില്ലാത്ത സാധാരണക്കാർ എങ്ങനെയാണ് അതിൽ നിന്ന് രക്ഷപെടുക?0. അബ്ദുൾ ഖാദിർ ജീലാനിയും യേശുവും ചെയ്തത് പോലെ ശൈത്വാന്റെ വെളിപാടുകൾ തിരിച്ചറിയുന്ന പ്രകാശ ദൃഷ്ടി അവർക്കില്ല. റസൂൽ തിരുമേനി (സ)യുടെ ആഗമന കാലത്തിന് മുമ്പ് അറേബ്യയിൽ ധാരാളം ഭാവി പ്രവചനക്കാർ ഉണ്ടായിരുന്നു. അവർക്ക് ശൈത്വാനിൽ നിന്ന് ധാരാളം വെളിപാടുകൾ ലഭിച്ചിരുന്നു. ചിലപ്പോൾ ആതിന്റെ അടിസ്ഥാനത്തിൽ അവർ പ്രവചനങ്ങൾ നടത്തിയിരുന്നു അവ സത്യമായി പുലരുകയും ചെയ്തിരുന്നു എന്നത് അദ്ഭുതകരമാണ്. ഇസ്ലാമിക സാഹിത്യങ്ങൾ അത്തരം കഥകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു ശൈത്വാന്റെ വെളിപാടുകളുടെ സാധ്യതകളെ നിഷധേിക്കുന്നവർ റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനങ്ങളെയും സകല പ്രവാചക വ്യവസ്ഥളെയും നിഷേധിക്കുകയാണ് ചെയ്യുന്നത്. ഒരവസരത്തിൽ ഒരു ജിന്നിന്റെ പ്രവൃത്തി മൂലം നാനൂറ് പ്രവാചകന്മാർക്ക് ശൈത്വാനിൽ നിന്നും വെളിപാടുണ്ടായി. ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആതെളിവിന്റെ അടിസ്ഥാനത്തിൽ അവർ ഒരു രാജാവിന്റെ വിജയം പ്രവചിക്കുകയുണ്ടായി. പക്ഷേ ഈ രാജാവ് യുദ്ധത്തിൽ അതിദാരുണമായി കൊല്ലപ്പെടുകയും പരാജയപ്പെടുകയുമാണുണ്ടായത്. ജിബ്രീലിൽ നിന്ന് വെളിപാട് ലഭിച്ച ഒരു പ്രവാചകൻ മാത്രമാണ് ആ രാജാവ് കൊല്ലപ്പെടുമെന്നും നായ്ക്കൾ അയാളുടെ മൃതദേഹം ഭക്ഷിക്കുമെന്നും അയാൾക്ക് വമ്പിച്ച പരാജയം സംഭവിക്കുമെന്നും പ്രവചിച്ചിരുന്നു. ഇത് പൂർത്തിയാവുകയും നാനൂറ് പ്രവാചകന്മാരുടേയും പ്രവചനങ്ങളും വ്യാജമാണെന്ന് തെളിയുകയും ചെയ്തു.

സ്വാഭാവികമായും ഇവിടെ ഒരു ചോദ്യമുയരുന്നു. ശൈത്വാന്റെ വെളിപാടുകൾ സാർവത്രികവും യേശുവിനെപോലെയുള്ള ഉന്നതരായ പ്രവാചകന്മാർക്ക് വരെ അത്തരത്തിലുള്ള ശൈത്വാന്റെ വെളിപാടുകളുടെ അനുഭവമുണ്ടാകുകയും ചെയ്തുവെങ്കിൽ എല്ലാ പ്രവചനങ്ങളും സംശയകരമായി തീരില്ലേ? അങ്ങനെയാണെങ്കിൽ വെളിപാട് വമ്പിച്ച ഒരു പരീക്ഷണമായിരിക്കുകയും ചെയ്യില്ലേ? ഈ ചോദ്യങ്ങളുടെ ഉത്തരം ഇതാണ്. ഇതിൽ നിരാശപ്പെടാൻ യാതൊരു ന്യായവുമില്ല. അമൂല്യമായ എല്ലാറ്റിനുമൊപ്പം എന്തെങ്കിലും വ്യാജവുമുണ്ടായിരിക്കും. എന്നതും ഒരു ദിവ്യനിയമമാണ്. നോക്കുക യഥാർഥത്തിലുള്ള മുത്ത് സമുദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. പക്ഷേ വളരെ വിലകുറഞ്ഞ വ്യാജമുത്തുകൾ ആളുകൾ സ്വയം നിർമിക്കാറുണ്ട്. വ്യാജമുത്തുകൾ ലഭിക്കുന്നു എന്നത് കൊണ്ട് യഥാർത്ഥ മുത്തിന്റെ വ്യാപാരം നിർത്തിവെക്കാൻ പറ്റില്ലല്ലോ. ഒരു മുത്തു വ്യാപാരിക്ക് യഥാർഥ മുത്ത് ഏതാണെന്നും വ്യാജ മുത്ത് ഏതാണെന്നും തിരിച്ചറിയാനുള്ള അന്തർദൃഷ്ടി ദൈവം നൽകിയിട്ടുണ്ട്. കാലഘട്ടത്തിന്റെ ഇമാം വെളിപാടാകുന്ന യഥാർഥ മുത്തുകൾ തിരിച്ചറിയുന്ന ഒരു രത്ന വ്യാപാരിയാണ്. കാലത്തിന്റെ ഇമാമുമായി സഹവർത്തിത്വമുള്ളവർക്ക് സത്യവും അസത്യവും എളുപ്പത്തിൽതിരിച്ചറിയാൻ സാധിക്കും. അല്ലയോ സൂഫികളെ, ജാകരൂഗരായിക്കൊണ്ട് ഇതിൽ കാൽവെക്കുക. ഓർമിക്കുക, ദൈവത്തിൽ നിന്നുള്ള യഥാർഥ വെളിപാടുകൾക്ക് താഴെ പറയുന്ന പ്രത്യേകതകളുണ്ട്.

### യഥാർഥ വെളിപാടുകളുടെ പ്രത്യേകതകൾ

1.സ്വീകർത്താവിന്റെ ഹൃദയം അത് ലഭിക്കുന്ന സമയത്ത് സത്യത്തിന്റെ വേദനകൊണ്ട് ആർദ്രമാവുകയും സ്വച്ഛമായ തെളിനീരു പോലെ അത് ദൈവത്തിന് നേരെ ഒഴുകുകയും ചെയ്യും. ഇതിന്റെ സൂചന ഹദീസിലുണ്ട്. അതായത് വിശുദ്ധ ഖുർആൻ ദുഃഖത്തിന്റെ അവസ്ഥയിലാണ് അവതരിക്കപ്പെട്ടത്. അത്കൊണ്ട് ദുഃഖിക്കുന്ന ഹൃദയാവസ്ഥയിൽ നിങ്ങൾ അത് ഗ്രഹിക്കുകയും വേണം.

2. സത്യവെളിപാട് അവാച്യമായ ഒരു ആനന്ദം ഉൾക്കൊള്ളുന്നു. അജ്ഞാതമായ തരത്തിൽ അതിന്റെ ദൃഢത ബോദ്ധ്യമാവുകയും ഒരു ഇരുമ്പാണിപോലെ ഹൃദയത്തിലേക്ക് അത് തുളഞ്ഞു കയറുകയും ചെയ്യുന്നു. അതിലെ വചനങ്ങൾ വാഗ്മിത്വമുള്ളതും പ്രമാദങ്ങളിൽ നിന്ന് മുക്തവുമായിരിക്കും

3.സത്യവെളിപാടിന് രാജ പ്രൗഢിയും ഔന്നത്യവുമുണ്ട്. അത് ഹൃദയത്തിൽ ശക്തിയിൽ പതിക്കുകയും ഗംഭീരമാർന്ന ശബ്ദ ത്തിൽ ഹൃദയത്തിന്മേൽ ഇറങ്ങുകയും ചെയ്യുന്നു. വ്യാജവെളിപാടുകൾ തസ്ക്കര ന്മാരെ പോലെയും ഷണ്ഡന്മാരുടേയും സ്ത്രീകളുടേയും പതിഞ്ഞ ശബ്ദത്തിലുമാണ് വിനിമയം ചെയ്യപ്പെ ടുക. എന്തുകൊണ്ടെന്നാൽ ശൈത്വാൻ തസ്ക്കരനും ഷണ്ഡനും സ്ത്രീയുമാണ്.

4.സത്യവെളിപാടുകൾ ദൈവത്തിന്റെ ശക്തിയാൽ പ്രഭാവിതമായിരിക്കും. അതിൽ സത്യമായി പുലരുന്ന പ്രവചനമടങ്ങിയിരിക്കും.

5.സത്യവെളിപാടുകൾ കർത്താവിന്റെ നന്മകളെ ദൈനം ദിനം പരിപോഷിപ്പിക്കുകയും അവനിൽ അന്തർലീനമായ അശുദ്ധികളിൽ നിന്ന് അവനെ പരിശുദ്ധനാക്കുകയും അവന്റെ ധാർമിക നിലവാരം ഉയർത്തുകയും ചെയ്യും.

6.സത്യവെളിപാടുകൾ സ്വീകർത്താവിന്റെ ആന്തരിക ശക്തികൾ ആസകലം സാക്ഷ്യം വഹിക്കുകയും അത് അയാളുടെ കഴിവുകളിൽ



# വിശുദ്ധ ഖുർആനും ആകാശഗോളങ്ങളുടെ ചലനവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)
(ഖലീഫത്തുൽ മസീഹ് IV)

**ആ**കാശഗോളങ്ങളുടെ ചലനങ്ങളുമായി ബന്ധപ്പെട്ട പ്രപഞ്ചത്തെ പറ്റിയുള്ള മറ്റൊരു പ്രതിപാദനത്തിലേക്ക് തിരിയാം. ഈ വിവരണത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകത ഭൂമിയുടെ ചലനത്തെ വിവരിച്ചിരിക്കുന്ന രീതിയാണ്. അക്കാലത്ത് നിലവിലുണ്ടായിരുന്ന പ്രചുരപ്രചാരം സിദ്ധിച്ച വീക്ഷണവുമായി പ്രത്യക്ഷത്തിൽ യാതൊരുവിധ വൈരുദ്ധ്യങ്ങളുമില്ലാതെയാണ് ഖുർആൻ അത് വിവരിച്ചിരിക്കുന്നത്. അക്കാലത്തെ എല്ലാ പണ്ഡിതന്മാരും ജ്ഞാനികളും ഒന്നടങ്കം വിശ്വസിച്ചിരുന്നത് ഭൂമി സ്ഥിരമായി നിൽക്കുകയാണെന്നും സൂര്യൻ, ചന്ദ്രൻ, മറ്റു ആകാശഗോളങ്ങൾ എന്നിവ ഭൂമിക്കു ചുറ്റും ചലിക്കുകയാണെന്നുമായിരുന്നു. ഈ വീക്ഷണ പ്രകാരം ഭൂമിയുടെ ചലനത്തെ പറ്റിയുള്ള ഖുർആനിലെ പ്രതിപാദ്യം ഒരു സാധാരണ ഖുർആൻ വായനക്കാരന്

> അതാത് കാലഘട്ടങ്ങളിലെ ശാസ്ത്രബോധത്തെ പ്രത്യക്ഷത്തിൽ അലോസരപ്പെടുത്താതെ അതിസൂക്ഷ്മവും അത്യഗാധവുമായ വചനങ്ങളിൽ വിശുദ്ധ ഖുർആൻ ആകാശഗോളങ്ങളുടെ ചലനത്തെപറ്റി വിവരിച്ചിരിക്കുന്നു.

പ്രത്യക്ഷമായി ശ്രദ്ധയിൽപ്പെട്ടില്ല എന്നു വന്നേക്കാം. പക്ഷേ ശ്രദ്ധാപൂർവം വായിക്കുന്ന ഒരു പഠിതാവിനെ സംബന്ധിച്ചിടത്തോളം അതിലടങ്ങിയ സന്ദേശം സുവ്യക്തവും വാചാലവുമാണ്. ഭൂമി സ്ഥിരമായി നിൽക്കുന്നതായും ഖുർആൻ വിവരിച്ചിട്ടുണ്ടായിരുന്നെങ്കിൽ അക്കാലത്തെ ജനത അതുകൊണ്ട് തൃപ്തിപ്പെടുമായിരിക്കാം. ഖുർആന്റെ കർത്താവിന്റെ അജ്ഞതയുടെ തെളിവായി ആ പ്രസ്താവനയെ പിൽക്കാലത്ത് വരുന്ന ജനത തെളിവായികണക്കാക്കുകയും ചെയ്യുമായിരുന്നു. അത്തരത്തിലുള്ള ഒരു പ്രസ്താവന സർവജ്ഞാനിയും പരമോന്നതനുമായ ഒരുവനിൽ നിന്നാവാൻ വഴിയില്ലെന്ന് അവർ ഉറപ്പിച്ചു പറയുകയും ചെയ്യും.

ഭൂമിയുടെ ചലനത്തെ മറ്റു ആകാശഗോളങ്ങളുടെ ചലനവുമായി താരതമ്യം ചെയ്യുന്നതിനുപകരം ഖുർആൻ താഴെ കാണുന്ന വചനം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

***'നീ കാണുന്ന പർവതങ്ങൾ, ഉറച്ചു നിൽക്കുന്നതായി നീ കരുതുന്നു. അതേ സമയം അവ മേഘങ്ങൾ ചലിക്കുന്നത് പോലെ നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നു. എല്ലാ സൃഷ്ടികളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത്.' (27:89)***

പർവതങ്ങൾ നിരന്തരം ചലിക്കുക

---

നിർമലമായ ഒരു നവദീപ്തി തൂവുകയും അയാളിൽ സ്വയം തന്നെ ഒരു മാറ്റം സംഭവിച്ചതായി അനുഭവവേദ്യമാവുകയും ചെയ്യുന്നു. അയാളുടെ പഴയജീവിതത്തിന് അന്ത്യം കുറിക്കുകയും നവ ജീവിതം ആരംഭിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ മാനവരാശിയോടു ള്ള അനുകമ്പയുടെ സ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്നു. സത്യ വെളിപാടുകൾ ഒരേ ശബ്ദത്തിൽ അവസാനിക്കുന്നില്ല.

ദൈവത്തിന്റെ ശബ്ദത്തിന് നൈരന്തര്യമുണ്ട്. ദൈവം വളരെ മാന്യനാണ്. പ്രണിപതിച്ചവന് നേരെ തിരിഞ്ഞു കൊണ്ട് ദൈവം അവന്റെ അർഥനകൾക്കെല്ലാം ഉത്തരം നൽകുന്നു.

7.സത്യവെളിപാടിന്റെ സ്വീകർത്താവ് ഒരു ഭീരുവായിരിക്കില്ല. ഒരു വ്യാജവാദിക്കുനേരെ അയാൾ എത്ര വലിയ എതിരാളിയായിരുന്നാലും മുന്നോട്ട് വരാൻ സത്യവാദി ഭയപ്പെടുകയില്ല. കാരണം തന്നോടോപ്പം ദൈവമുണ്ടെന്നും അവൻ എതിരാളിയെ നിന്ദ്യമായ നിലയിൽ പരാജയപ്പടുത്തുമെന്നും അദ്ദേഹം അറിയുന്നു.

8 സത്യ വെളിപാടുകളധികവും ദിവ്യജ്ഞാനം ലഭിക്കുന്നതിനും ദൈവത്തെ അറിയുന്നതിനുമുള്ള ഉപാധികളാണ്. കാരണം സത്യവെളിപാടിന്റെ സ്വീകർത്താവിനെ ദൈവം അറിവില്ലാത്തവനും വിഡ്ഢിയുമായി കൈയൊഴിയില്ല.

9. സത്യവെളിപാടുകളോടൊപ്പം പല അനുഗ്രഹങ്ങളുമുണ്ട്. വെളിപാടുകൾ ലഭിക്കുന്നയാൾ അദൃശ്യങ്ങളിൽ നിന്നുള്ള അനുഗ്രഹങ്ങളാൽ അനുഗൃഹീതനാകുന്നു. അയാൾക്ക് അന്തസ്സ് നൽകപ്പെടുകയും ചെയ്യുന്നു.
(സറൂറത്തുൽ ഇമാം പേജ് 13-19)

യാണെന്ന് പ്രഖ്യാപിക്കുകയാണെങ്കിൽ ഇതിൽ നിന്ന് ലഭിക്കുന്ന യുക്തിപരമായ നിഗമനം ഭൂമിയും കൂടെ ചലിക്കുന്നു എന്നാണ്. എന്നാൽ ഇത്തരമൊരു നിരീക്ഷണം ശ്രദ്ധിക്കപ്പെടാതെ പോയതിന് ഖുർആന്റെ മഹിതമായ ഭാഷാപ്രയോഗത്തിന് നന്ദി പറയാം. ഭൂമി സ്ഥിരമായി നിൽക്കുകയാണെന്ന് മറ്റു മനുഷ്യസമൂഹത്തെപോലെ ഖുർആന്റെ അനുയായികളും ധരിക്കുകയാണുണ്ടായത്. അവരുടെ ഈ തെറ്റുധാരണ പ്രത്യക്ഷത്തിൽ വെല്ലുവിളിക്കപ്പെട്ടിരുന്നില്ല. അവർ ഈ വചനത്തിന്റെ അവസാന ഭാഗം സൂക്ഷ്മമായി വായിച്ചിരുന്നെങ്കിൽ അവർക്ക് യാതൊരുവിധ തെറ്റുധാരണയും ഉണ്ടാകുമായിരുന്നില്ല. അവർക്ക് ബലം പ്രയോഗിച്ച് ഇളക്കുവാൻ കഴിയാത്ത വിധത്തിൽ അത്രയും ഉറച്ച നിലയിൽ എല്ലാറ്റിനേയും സൃഷ്ടിച്ച ദൈവത്തിന്റെ കഴിവുകളെ വാഴ്ത്തിക്കൊണ്ടാണ് ആ വചനം അവസാനിക്കുന്നത്. ഇളക്കാൻ കഴിയാത്ത ഒന്നിനെയും ഭൂമിക്ക് വെളിയിലേക്ക് തള്ളുവാൻ സാധ്യമല്ല. ഭൂമിയെ വിട്ടുകൊണ്ട് അതിന് ഒറ്റക്ക് പറക്കുവാനും സാധ്യമല്ല.

പർവതത്തെക്കുറിച്ച് പല ഖുർആൻ വചനങ്ങളിലും, 'ഉറപ്പിച്ച വിധത്തിൽ രൂഢമൂലമായത്' അഥവാ 'റവാസിയ' എന്ന് കാണാം.

*'നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളേയും കൊണ്ട് ഇളകാതിരിക്കുന്നതിന് അവനതിൽ പർവതങ്ങളെ സ്ഥാപിച്ചിരിക്കുന്നു. എല്ലാതരം ജീവികളേയും അവനതിൽ വ്യാപിപ്പിച്ചിരിക്കുന്നു. നാം ആകാശത്ത് നിന്ന് വെള്ളമിറക്കി. എന്നിട്ട് അതിൽ മെച്ചപ്പെട്ട എല്ലാ ഇനവും നാം മുളപ്പിച്ചു.' (31:11)*

*നാം ഭൂമിയിൽ ഉറച്ച പർവതങ്ങളെ സ്ഥാപിച്ചു; അവ (മനുഷ്യന്) ഭക്ഷണം നൽകാൻ വേണ്ടി. ശരിയായ ലക്ഷ്യത്തിലെത്തുന്നതിന് വേണ്ടി നാം അതിൽ വിശാലമായ മാർഗങ്ങൾ ഉണ്ടാക്കുകയും ചെയ്തു. (21:32)*

*അവൻ ഭൂമിയിൽ ഉറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു; നിങ്ങൾക്ക് ഭക്ഷണം നൽകുന്നതിന് വേണ്ടി. നദികളും വഴികളും നിങ്ങളുടെ ലക്ഷ്യ പ്രാപ്തിക്കായി ഉണ്ടാക്കി. (16:16)*

അക്കാലത്ത് നിലനിന്നിരുന്ന വിജ്ഞാനത്തെ ഉറക്കെ വെല്ലുവിളിക്കാതെ തന്നെ ഈ വെളിപാട് അവതരിപ്പിക്കുന്നതിൽ വിശുദ്ധ ഖുർആൻ അസാമാന്യമാംവിധം വിജയിച്ചിരിക്കുന്നു. സൂറഃ നംലിലെ 89-ാം വചനം ഭാവികാലത്ത് സംഭവിക്കുന്ന ഖിയാമം നാളുമായി (അവസാന നാൾ) ബന്ധപ്പെട്ടതാണെന്ന് ആളുകൾ ധരിച്ചേക്കാം. പക്ഷേ, താഴെ പറയുന്ന കാരണങ്ങളാൽ ഈ തെറ്റായ ധാരണ അംഗീകരിക്കാൻ സാധ്യമല്ല.

1. ആ വചനം വ്യക്തമായും വർത്തമാനകാലത്തിലാണ് പ്രതിപാദിച്ചിരിക്കുന്നത്; ഭാവികാലത്തിലല്ല. **'വാവ്'** (') എന്ന അക്ഷരം ***'ഉം'*** (And) എന്നതിന് പകരമായി ***'അതേസമയം'*** (While) എന്ന് തർജമ ചെയ്യാവുന്നതാണ്. അങ്ങനെയാവുമ്പോൾ അതിന്റെ അർഥം ***'പർവതങ്ങൾ ഉറച്ചുനിൽക്കുന്നതായി നീ കരുതുന്നു. അതേസമയം അവ ചലിച്ചുകൊണ്ടിരിക്കുകയാണ്'***. ഈ ഭാഗം ഭാവികാലവുമായി ബന്ധപ്പെടുത്തുക എന്നത് അനുവദനീയമല്ലാത്തതാണ്.

2. പർവതങ്ങൾ ഭാവിയിൽ പറക്കുകയാണെങ്കിൽ എങ്ങനെയാണ് മനുഷ്യന് അതിൽ പാർക്കുവാൻ കഴിയുക. പർവതങ്ങളുടെ ഈ പറക്കൽ കാണാൻ വേണ്ടി സുരക്ഷിതമായ ഒരകലത്തിൽ അന്യഗ്രഹങ്ങളിൽ ചെന്ന് വീക്ഷിക്കുകയാണെങ്കിൽ തന്നെ അന്തരീക്ഷത്തിൽ അവ പാറിക്കളിച്ചുകൊണ്ടിരിക്കെ അത് നിശ്ചലമായി നിൽക്കുന്നു എന്നത് വിശ്വസിക്കാൻ കഴിയുമോ? അതുകൊണ്ട് അത്തരത്തിലുള്ള ഒരു തർജമയുടെ പ്രശ്നം ഉദിക്കുന്നില്ല. മാത്രമല്ല ഇക്കാലത്തെ മനുഷ്യർ പർവതങ്ങൾ നിശ്ചലമായി നിൽക്കുന്നതായും ഭാവിയിൽ അവ അങ്ങനെ നിശ്ചലമായി നിൽക്കാതെ പറക്കുന്നതായി സൂചിപ്പിക്കുകയും ചെയ്യുന്ന വിധത്തിൽ തർജമ ചെയ്യുന്നത് വ്യക്തമായ തെറ്റായിരിക്കും. പർവതങ്ങൾ ഉറച്ചുനിൽക്കുന്നവയാണെങ്കിൽ മനുഷ്യന് അവ ഉറച്ചുനിൽക്കുന്നതായിട്ടു തന്നെ കാണാം. അല്ലാതെ അവ ഉറച്ചു നിൽക്കുന്നതായി കരുതുന്നു എന്ന് പറയേണ്ടതില്ല. ***'അത് ഉറച്ചു നിൽക്കുന്നതായി നിങ്ങൾക്കറിയാം. അതങ്ങനെ തന്നെയാണ്. എന്നാൽ, ഭാവിയിൽ അത് അങ്ങനെയായിരിക്കില്ല'*** എന്നായിരുന്നു ഖുർആൻ പറയേണ്ടിയിരുന്നത്. എന്നാൽ, ഖുർആൻ പറഞ്ഞത് അപ്രകാരമല്ല.

3. അതേ വചനത്തിന്റെ ഒടുവിൽ, പറക്കുന്നതായിരിക്കെ തന്നെ അവ ശക്തമായി ബലപ്പെടുത്തിയിരിക്കുന്നു എന്ന പരാമർശം ദൈവസൃഷ്ടിയുടെ ഉറച്ചു നിൽപ്പിനെ ദൃഢീകരിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതാണ്.

പുരാതനകാലത്തെ ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനം വ്യാഖ്യാനിക്കാൻ കൂടുതൽ വിഷമകരമാണെന്ന് പറഞ്ഞുകൊണ്ട് മൗനം പാലിക്കുകയുണ്ടായി.

എല്ലാ ആകാശഗോളങ്ങളും നിരന്തരം ചലിച്ചുകൊണ്ടിരിക്കുകയാണെന്നും അവയൊന്നും തന്നെ നിശ്ചലമല്ലെന്ന് കൂടി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

***ഓരോന്നും ഓരോ ഭ്രമണപഥത്തിൽ അനായാസം ചരിച്ചുകൊണ്ടിരിക്കുന്നു.(21:34)***

എല്ലാറ്റിനും ബാധകമായ ഈ പ്രസ്താവന പ്രപഞ്ചത്തെയാകെ സംബന്ധിച്ചുള്ളതാണ്. നമ്മുടെ സൗരയൂഥ വ്യവസ്ഥയും അതിൽ നിന്ന് വിട്ട് മാറി നിൽക്കുന്നില്ല. ഇത് കൂടാതെ ആകാശഗോളങ്ങളുടെ ദീർഘവൃത്തചലനത്തെ സംബന്ധിച്ച് (Elliptical Movement) ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിക്കുന്നു. അതോടൊപ്പം അതിന്റെ വിധിക്കപ്പെട്ട മരണനാളിലേക്കുള്ള ചലനത്തെപ്പറ്റിയും പരാമർശിക്കുന്നു. താഴെ കൊടുത്ത വചനങ്ങൾ ഈ രണ്ട് വിഷയങ്ങളുൾക്കൊള്ളുന്നു.

***'നിങ്ങൾക്ക് കാണുവാൻ കഴിയുന്ന തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിയവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിൻമേൽ ആസനസ്ഥനായി. സൂര്യനേയും ചന്ദ്രനേയും അവൻ സേവനത്തിനായി നിയോഗിച്ചു. ഒരു നിശ്ചിത സമയം വരെ അവ ചരിക്കുന്നു. അവൻ അതിനെയെല്ലാം ക്രമപ്പെടുത്തി നിയന്ത്രിക്കുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന് വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വ്യക്തമായി വിവരിക്കുന്നു. (13:3)***

***അല്ലാഹു രാവിനെ പകലിലേക്കും പകലിനെ രാവിലേക്കും പ്രവേശിപ്പിക്കുന്നതും സൂര്യനേയും ചന്ദ്രനേയും സേവനാർഥം അവൻ നിയോഗിച്ചതും നീ കണ്ടില്ലേ? ഒരു നിശ്ചിത അവധി വരെ അവ ചരിക്കുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മജ്ഞനാകുന്നു. (31:30)***

***അവൻ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. സൂര്യനേയും ചന്ദ്രനേയും സേവനത്തിനായി അവൻ നിയോഗിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും അവർക്ക് നിശ്ചയിക്കപ്പെട്ട സമയം വരെ ചരിക്കുന്നു. അങ്ങനെയുള്ളവനാണ് നിങ്ങളുടെ നാഥനായ അല്ലാഹു. ആധി***

***പത്യം അവന്റേതാണ്. അവന് പുറമെ നിങ്ങൾ ആരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവൻ ഒരു തരിമ്പും അധീനപ്പെടുത്തുകയില്ല. (35:14)***

***അവൻ ആകാശങ്ങളേയും ഭൂമിയേയും യുക്തിപൂർണമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. അവൻ രാവിനെ പകലിൻ മേൽ പൊതിയുന്നു. പകലിനെ രാവിന്റെ മേലും അവൻ പൊതിയുന്നു. അവൻ സൂര്യനേയും ചന്ദ്രനേയും സേവനത്തിന് ഏർപ്പെടുത്തിയിരിക്കുന്നു. ഓരോന്നും ഓരോ നിശ്ചിത സമയം വരെ അതിന്റെ ഗതി തുടരുന്നു. അറിയുക. അവൻ മാത്രമാണ് പ്രതാപവാനും സർവഥാ പൊറുക്കുന്നവനും. (39:6)***

മറ്റെവിടെയും കാണാത്ത ഖുർആന്റെ മറ്റൊരു അദ്ഭുതകരമായ വെളിപാടിലേക്ക് തിരിയാം. സൂര്യന്റെ പ്രത്യേക തരത്തിലുള്ള ചലനത്തെ സംബന്ധിച്ചുള്ള പരാമർശമാണത്.

***സൂര്യൻ അതിന്റെ അന്തിമമായ വിരാമസ്ഥാനത്തേക്ക് നിരന്തരം ചരിച്ചുകൊണ്ടിരിക്കുന്നു. ഇത് പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ. (36:39)***

സൂര്യന് ആകാശത്ത് ഒരു വിരാമസ്ഥാനമുണ്ടെന്ന് ഈ വചനം വ്യക്തമായും പറയുന്നു. ഇവിടെ സൂര്യനെപറ്റി പ്രതിപാദിച്ചതിന് ശേഷം അതിന് പിന്നാലെയുള്ള വചനത്തിൽ സൂര്യന്റെ ചലനത്തെ പിന്തുടർന്ന് അതേദിശയിൽ തന്നെ മുഴുവൻ പ്രപഞ്ചവും ചരിക്കുന്നതായി പറയുന്നു.

***സൂര്യൻ അതിന്റെ അന്തിമ വിരാമസ്ഥാനത്തേക്ക് നിരന്തരം ചലിക്കുന്നു. ഇത് സർവജ്ഞനും പ്രതാപവാനുമായ അല്ലാഹുവിന്റെ കൽപനയത്രെ. ചന്ദ്രന് നാം ചില നിശ്ചിതഘട്ടങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴയ ഈന്തക്കുലയുടെ തണ്ടുപോലെ കാണപ്പെടുന്നു. സൂര്യന് ചന്ദ്രനെ മറികടക്കാൻ സാധ്യമല്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. (36:39-41)***

സൂര്യൻ മാത്രമാണ് ഒരു നിശ്ചിതദിശയിലേക്ക് ചലിക്കുന്നതെങ്കിൽ തുടർന്ന് വരുന്ന വചനത്തിൽ സൂര്യനും ചന്ദ്രനും അതിന്റെ അകലം കൃത്യമായും പാലിക്കുന്നുവെന്ന് പ്രസ്താവിക്കുമായിരുന്നില്ല. അവ രണ്ടിനും പരസ്പരം അടുക്കാനോ അകലാനോ സാധ്യമല്ല. അവ രണ്ടിനും നിശ്ചയിക്കപ്പെട്ട നാൾ വരെ അതിന്റെ നിർണിത വിധിയിൽ മാറ്റമില്ല. ഇത് വ്യക്തമായും കാണിക്കുന്നത് സൂര്യൻ ഏത് ദിശയിലാണോ സഞ്ചരിക്കുന്നത് അവിടേക്ക് തന്നെയാണ് ചന്ദ്രനും സഞ്ചരിക്കുന്നത് എന്നാണ്.

എന്നാൽ, അത് സൂര്യനേയും ചന്ദ്രനേയും മാത്രം ബാധിക്കുന്ന കാര്യമല്ല. എല്ലാ ജ്യോതിർഗോളങ്ങളും ശബ്ദരഹിതമായി സഞ്ചരിക്കുന്നുവെന്ന് ഖുർആൻ വിവരിക്കുന്നു. ആകാശഗോളങ്ങൾ അദൃശ്യമായ ബന്ധങ്ങളിലൂടെ പരസ്പരം ആകർഷിച്ചു നിൽക്കുന്നു എന്ന് വിശുദ്ധ ഖുർആൻ വിവരിക്കുന്നു. അതിലൊന്ന് മറ്റൊന്നിനെ അപേക്ഷിച്ച് അതിന്റെ ഭ്രമണപഥത്തിലൂടെയുള്ള കക്ഷീയമായും (Orbital) ദീർഘവൃത്തത്തിലും (Elliptical) ചലിക്കുകയാണെങ്കിൽ, അവയുടെ പരസ്പര സന്തുലനം പാലിക്കാൻ മുഴുവൻ ആകാശഗോളങ്ങളും അതേ ദിശയിൽ ചരിക്കേണ്ടതായി വരും.

***അവനത്രേ രാവിനേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. അവ ഓരോന്നും ഓരോ ഭ്രമണപഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. (21:34)***

സൂര്യന് ചന്ദ്രനെ മറികടക്കാൻ സാധ്യമല്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കന്നു.

ഭൂമി അതിന്റെ അക്ഷത്തിൽ കറങ്ങുന്നതിനെ സൂചിപ്പിക്കുന്നതിന് ഖുർആന്റെ അതുല്യമായ ഒരു ശൈലിയാണിത്. ഈ രണ്ട് വെളിപാടുകളും അവതരിക്കുന്ന കാലത്തെ ജനതക്ക് ഇതിൽ അന്തർഭവിച്ചിരിക്കുന്ന ആശയം ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല. പർവതം ചലിക്കുന്നുവെങ്കിൽ ഭൂമിയും അപ്രകാരം ചലിക്കേണ്ടതുണ്ട്. എന്നാൽ, അക്കാലത്തെ ജനത ഇതിൽ നിന്ന് മനസ്സിലാക്കിയത് ഇതായിരുന്നില്ല. അതുപോലെ സൂര്യൻ ഒരു നിശ്ചിത സ്ഥലത്തേക്ക് ചലിക്കുന്നുവെന്ന് പറയുമ്പോൾ, മുഴുവൻ പ്രപഞ്ചവും അതേ ദിശയിലേക്ക് ചലിക്കുന്നുവെന്നും അവർ മനസ്സിലാക്കിയിരുന്നില്ല. മുഴുവൻ പ്രപഞ്ചവും ആകാശത്ത് ചരിച്ചുകൊണ്ടിരിക്കുന്നു എന്ന ആശയം ഇക്കാലത്തെ ശാസ്ത്രജ്ഞന്മാരും ഇപ്പോഴും ഒരുപക്ഷേ ഗ്രഹിച്ചിട്ടുണ്ടാവില്ല. എങ്കിലും ഖുർആനെ സംബന്ധിച്ച അഗാധമായ പഠനം വ്യക്തമാക്കുന്നത് മുഴുപ്രപഞ്ചവും ആകാശത്തിലെ നിശ്ചിത ബിന്ദുവിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ആ നിരീക്ഷണം ശരിയാണെങ്കിൽ ഒരു ബിന്ദുവിന്റെയത്ര വലിപ്പമുള്ള നമ്മുടെ സൗരയൂഥ വ്യവസ്ഥയടക്കം 180 ബില്ല്യനോ അതിലധികമോ ഗാലക്സികൾ സൂര്യനോടൊപ്പം തന്നെ ഒരു നിശ്ചിത ദിശയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന് വിഭാവനം ചെയ്യാൻ നിർബന്ധിതനാവും.

ഈ അദ്ധ്യായത്തിൽ മറ്റൊരിടത്ത് അതിഭീമാകാരനായ ഒരു ബ്ളാക്ക് ഹോൾ മുഴുവൻ പ്രപഞ്ചത്തേയും അതിന്റെ സിംഗുലാരിറ്റി (വൈചിത്ര ബിന്ദു) ബിന്ദുവിലേക്ക് വലിച്ചെടുക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് നാം സൂചിപ്പിച്ചിരുന്നു.

ഞാൻ ഇവിടെ ഉപസംഹരിക്കട്ടെ. ഖുർആന്റെ വിവരണപ്രകാരം പ്രപഞ്ചം വിവൃതവും സംവൃതവുമായ (Open and shut) ഒന്നാണ്. മഹാവിസ്ഫോടന (Big Bang Theory) സമയത്ത് അത് പ്രകാശത്തിനോടടുത്ത വേഗത്തിൽ വികസിക്കാനാരംഭിച്ചു. അവസാനം അത് ഒരിക്കൽ കൂടി നാം വിവരിച്ച ബ്ളാക്ക് ഹോളിന്റെ അത്യഗാധതയിലേക്ക് പിൻവലിഞ്ഞ് നിപതിക്കുന്നതായിരിക്കും.

മഹാവിസ്ഫോടന സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള സാർവത്രികമായ ഒരു ബ്രഹ്മാണ്ഡ ബ്ളാക്ക്ഹോൾ സങ്കൽപ്പത്തെ പറ്റി പറയുകയാണെങ്കിൽ അതിനെ ഖുർആൻ പൂർണമായും പിന്തുണക്കുന്നു. ചില ശാസ്ത്രജ്ഞന്മാർ ഇതിന് വിപരീതമായി ഒരു വിവൃതമായ അഥവാ തുറന്ന പ്രപഞ്ച സങ്കൽപം മുന്നോട്ടു വെക്കുന്നു. പ്രപഞ്ചം എന്നെന്നേക്കുമായി വികസിച്ചുകൊണ്ടിരിക്കുകയാണെന്ന് അവർ വിശ്വസിക്കുന്നു. അങ്ങനെ ആകാശ ദ്രവ്യങ്ങൾ പ്രപഞ്ച കേന്ദ്രത്തിന്റെ ആകർഷണശക്തി മറികടക്കുന്നത് വരെ അത്യധികം നേർമയുള്ളതും ബന്ധമറ്റ രീതിയിലുമായിത്തീരുന്നു. ഈയൊരു സങ്കൽപത്തിൽ പ്രപഞ്ചം വീണ്ടും സംഘടിക്കപ്പെടുവാനും പുനർ സൃഷ്ടിക്കപ്പെടുവാനുമുള്ള സാധ്യതയില്ല. ഈ വിവൃതസങ്കൽപത്തെ ഖുർആൻ അസന്ദിഗ്ദമായി നിരാകരിക്കുന്നു. ഒരു സിംഗുലാരിറ്റിയിൽ നിന്നാണ് പ്രപഞ്ചം ഉദ്ഭവിച്ചതെന്നും മറ്റൊരു സിംഗുലാരിറ്റിയിൽ അത് ഒടുങ്ങിത്തീരുമെന്നുമുള്ളത് കൃത്യതയുള്ളതും ഉറക്കെ പ്രഖ്യാപിക്കപ്പെട്ടതുമായ കാര്യമാണ്. ദൈവത്തിന്റെ ഏകത്വവും അതിൽ നിന്നുള്ള സൃഷ്ടിയുടെ ഉദ്ഭവവും പിന്നീട് ദൈവത്തിന്റെ ഏകത്വത്തിലേക്കുള്ള ആ സൃഷ്ടികളുടെ മടക്കവും ഈ വചനത്തേക്കാൾ നന്നായി പ്രകാശിപ്പിക്കാൻ സാധ്യമല്ല.

# ഹദ്റത്ത് അഹ്മദും(അ) സർ സയ്യിദ് അഹ്മദ് ഖാനും

എൻ. അബ്ദുർറഹീം

പ്രാർഥന നിഷ്ഫലമാണെന്നും എല്ലാം വിധിഹിതമാണെന്നും വിശ്വസിച്ച സർസയ്യിദ് അഹ്മദ് ഖാനെ വാഗ്ദത്ത മസീഹ് (അ) തിരുത്തുകയും നിശബ്ദനാക്കുകയും ചെയ്തു.




ഹദ്റത്ത് അഹ്മദ് (അ)

**ഹ**ദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സമകാലീനനും അലീഗർ പ്രസ്ഥാന സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ് ഖാൻ (കെ.സി.എസ്.ഐ) ഇന്ത്യയിലെ മുസ്ലിം നേതാക്കളിൽ അഗ്രമ സ്ഥാനീയനും അതുല്യ പ്രഭാവ നായ ഒരു ഭൗതിക പണ്ഡിതനു മായിരുന്നു. മുഗൾ ഭരണത്തിന്റെ അടിത്തറ ഇളകുകയും 1857-ലെ സ്വാതന്ത്ര്യ സമരം പരാജയപ്പെടുകയും ചെയ്തതോടെ ഇന്ത്യയിലെ മുസ്ലിം പ്രഭാവം അസ്തമിച്ചതിനു ശേഷം മുസ്ലിം സമുദായത്തിന്റെ ഭൗതിക പുരോഗതിക്കായി പ്രയത്നിച്ചു തുട ങ്ങിയ സർ സയ്യിദ് പാശ്ചാത്യ പരിഷ്ക്കാ രത്തിന്റെ ഒരു ആരാധകനും പാശ്ചാത്യതത്ത്വ ശാസ്ത്രങ്ങളാൽ പ്രഭാവിതനു മായിരുന്നു. ഇംഗ്ലീഷ് ഭരണത്തിനു കീഴിൽ ഒരു ക്ലാർക്ക് ഉദ്യോഗത്തിൽ ആരംഭിച്ച അദ്ദേഹത്തിന്റെ പ്രശസ്തമായ ഔദ്യോഗിക ജീവിതം ബ്രിട്ടീഷ് സിംഹാസനത്തിൽ നിന്നും സ്റ്റാർ ഓഫ് ഇന്ത്യാ എന്ന ബഹുമതിപ്പട്ടം അദ്ദേഹത്തിന് നേടിക്കൊടുത്തു.

വിശ്വാസപരമായി സയ്യിദ് ഒരു പ്രകൃതിവാദിയായിരുന്നു. പാശ്ചാത്യ തത്ത്വശാസ്ത്രങ്ങളിലും വിജ്ഞാനങ്ങളിലും അത്യാകൃഷ്ടനായിതീർന്ന അദ്ദേഹം ഇസ്ലാമിനെ അവക്കൊപ്പിച്ച് വ്യാഖ്യാനിക്കുകയും മതകാര്യങ്ങളിൽ സ്വതന്ത്ര ചിന്തയും യുക്തിവാദവും സ്വീകരിക്കുകയുമാണ്ചെയ്തത്. ബൈബിളിനെയും ഖുർആനെയും തുല്യനിലയിൽ കണ്ട് അദ്ദേഹം ഖുർആനെന്ന പോലെ ബൈബിളിലെ ഉൽപ്പത്തി പുസ്തകത്തിനും ഒരു വ്യാഖ്യാനമെഴുതി. പക്ഷേ തികഞ്ഞ ഒരു മതാഭിമാനിയായിരുന്ന സർ സയ്യിദ് സർ വില്യം മൂയിറിന്റെ ലൈഫ് ഓഫ് മുഹമ്മദ് എന്ന ഗ്രന്ഥത്തിലുന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് മറുപടിയായി ഉറുദുവിലദ്ദേഹമെഴുതിയ ലേഖന പരമ്പര പുസ്തക രൂപത്തിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ ഭൗതിക വാദ പ്രവണമായ അഭിപ്രായങ്ങളും വിശ്വാസങ്ങളും കാരണം മതഭക്തരായ മുസ്ലിം പണ്ഡിതന്മാരിൽ നിന്നും അദ്ദേഹം അകന്നു പോയി. ഉലമാക്കന്മാർ അദ്ദേഹത്തിനെതിരായി മതഭ്രഷ്ട് കൽപ്പിക്കുകയും. മദീനത്ത് നിന്ന് പോലും ഫത്വകൾ സമ്പാദിച്ച് പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത കൂട്ടാളിയായിരുന്ന നവാബ് മുഹ്സി നുൽ മുൽക്ക് പോലും അദ്ദേഹത്തെ കാഫിർ എന്നു വിളിക്കാൻ മടിച്ചിരുന്നില്ല.

1885 നവംബറിൽ ഹദ്റത്ത് അഹ്മദ് (അ)സർ സയ്യിദിനെപ്പറ്റി ഭയജനകമായ ചില പ്രവചനങ്ങൾ ഹിന്ദുക്കളും മുസ്ലിംകളും അടങ്ങിയ ഒരു സദസ്സിൽ കേൾപ്പിക്കുകയുണ്ടായി. 1886 ഫിബ്രവരി 20ന് ഹോശിയാർ പൂരിൽ വെച്ച് പ്രസിദ്ധീകരിച്ച ഈ വിജ്ഞാപനത്തിൽ തനിക്ക് അല്ലാഹുവിൽ നിന്ന് പല അറിയിപ്പുകളും ലഭിച്ച കൂട്ടത്തിൽ,



സർ സയ്യിദ് അഹ്മദ് ഖാൻ

തന്നെ പറ്റിയും തന്റെ സ്നേഹിതന്മാരിൽ ചിലരെപറ്റിയും ചില ശത്രുക്കളെപറ്റിയും ഭീഷണികളും സുവാർത്താപരമായ വെളിപാടുകളും ലഭിക്കുകയുണ്ടായിട്ടുണ്ടെന്ന് പ്രസ്താവിക്കുകയും അവരിൽ ചിലരുടെ പേരെടുത്ത് പറയുകയും ചെയ്തു. അതിൽ നമ്മുടെ 'നജുമുൽ ഹിന്ദ്' ആയ ഫിലോസഫർ സഹോദരൻ എന്നു വിശേഷിപ്പിച്ചു കൊണ്ടു സർ സയ്യിദിനെ സംബന്ധിച്ച ചില പ്രവചനങ്ങളെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സർ സയ്യിദ് അത് ശ്രദ്ധിക്കുകയോ ഹദ്റത്ത് അഹ്മദി (അ)ന്റെ പ്രഖ്യാപനങ്ങളേയും പ്രവചനങ്ങളേയും ഗൗനിക്കുകയോ ചെയ്തില്ല. എന്നുമാത്രമല്ല, അദ്ദേഹം അതിന്റെ നേരെ അഹങ്കാരപ്രമത്തമായ പുച്ഛഭാവം പ്രകടിപ്പിക്കുക പോലുമുണ്ടായി. 1889 ൽ ഹദ്റത്ത് അഹ്മദ് (അ) അലീഗർ സന്ദർശിച്ച അവസരത്തിൽ ശത്രുക്കളോടോപ്പം ചേർന്നുകൊണ്ടു ഹദ്റത്ത് അഹ്മദിനെ പരിഹസിക്കാനും അദ്ദേഹം മുതിരുകയുണ്ടായിട്ടുണ്ട്.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി

(അ) മസീഹ് വാദം പുറപ്പെടുവിച്ചു തുടങ്ങിയ ഘട്ടത്തിൽ സർ സയ്യിദ് അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ മീർ ഹസ്സൻ സിയാൽ കോട്ടിക്ക് എഴുതിയ ഒരു കത്തിൽ, ഹദ്റത്ത് അഹ്മദി (അ) ന്റെ ലിഖിതങ്ങൾ ആർക്കും യാതൊരു പ്രയോജനവും ചെയ്യുകയില്ലെന്നും അവയിൽ സത്യം തീരെയില്ലെന്നും എഴുതുകയുണ്ടായി എന്നു മാത്രമല്ല വെളിപാടിനെ ആസ്പദമാക്കി പ്രവചനങ്ങൾ പറയുക തികച്ചും അസാദ്ധ്യമാണെന്നും അങ്ങനെ ആരെങ്കിലും പറയുന്നുവെങ്കിൽ അത് മാനസികമായ മാർഗഭ്രംശത്തിന്റെ ഫലം മാത്രമാണെന്നും അയാളതിൽ ദൃഢമായി വിശ്വസിക്കുന്നുവെങ്കിൽ തികഞ്ഞ ഭ്രാന്താണെന്നും അതിലദ്ദേഹം എഴുതിയിട്ടുണ്ടായിരുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കെതിരായ ആദർശങ്ങൾ വെച്ചുപുലർത്തിപോരുകയും തന്നെപ്പറ്റി ഏതാദൃശമായ ദുരഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്ത സർ സയ്യിദിന്റെ നേരേ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) യാതൊരു വിദ്വേഷവും കാണിച്ചില്ല. മറിച്ച് അദ്ദേഹത്തിന്റെ മതാഭിമാനത്തേയും സാമുദായികമായ ആവേശത്തേയും അഭിനന്ദിക്കുകയാണുണ്ടായത്. എങ്കിലും പ്രകൃതി വാദപരമായ വിശ്വാസാഭിപ്രായങ്ങൾ ഹദ്റത്ത് അഹ്മദിനെ അത്യധികം വേദനിപ്പിക്കുകയും ചെയ്തിരുന്നു.

വഹ്‌യ് (ദിവ്യ വെളിപാടുകൾ) മുഅ്ജിസ(ദിവ്യാദ്ഭുതങ്ങൾ) പ്രവചനങ്ങൾ മുതലായവയെക്കുറിച്ചും പ്രാർഥനയുടെ സ്വീകാര്യതയെകുറിച്ചും സർ സയ്യിദ് പ്രചരിപ്പിച്ച വിശ്വാസങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾക്കും ഖുർആന്റെ വ്യക്തമായ പാഠങ്ങൾക്കും എതിരാണെന്ന് ഹദ്റത്ത് അഹ്മദ് (അ) കണ്ടു. സർ സയ്യിദിനെ പോലെയുള്ള ഒരു പ്രഗല്ഭ പണ്ഡിതന്റെ പ്രസ്തുത വിശ്വാസങ്ങൾ അനേകരെ വഴിപിഴപ്പിക്കാൻപോരുന്നതാണെന്ന് മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ് അദ്ദേഹത്തെ അത്തരം വിശ്വാസത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ തുനിഞ്ഞു. സർ സയ്യിദിനെ അഭിസംബോധനം ചെയ്തുകൊണ്ട് അദ്ദേഹം ദീർഘമായ ഒരു കത്ത് 'ആയിനെ കമാലാത്തെ ഇസ്‌ലാമിൽ' പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സഹോദര നിർവിശേഷമായ സ്നേഹത്തോടെയും ആത്മാർഥതയോടും കൂടി അദ്ദേഹം എഴുതിയ ആ സന്ദേശം പ്രകൃതിവാദത്തിന്റെ അഗാധഗർത്തത്തിൽ പതിച്ച സർ സയ്യിദിന് നീട്ടികൊടുത്ത ഒരു ആത്മീയ രക്ഷാപാശമായിരുന്നു.

ഖുർആൻ വ്യാഖ്യാനമെഴുതാൻ പ്രചോദിതനായ സർ സയ്യിദ് അഹ്മദ് ഖുർആനെ സമൂലമായും തള്ളിക്കളഞ്ഞിട്ടില്ല എന്നതിൽ താൻ സന്തുഷ്ടനാണെങ്കിലും അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ ഖുർആന്റെ ആധികാരിക പാഠങ്ങൾക്ക് കടക വിരുദ്ധങ്ങളായിരിക്കുന്നതിൽ തികച്ചും അസ്വസ്ഥനാണെന്ന് പറഞ്ഞുകൊണ്ടാണ് ഈ ലേഖനം ആരംഭിച്ചത്. സർ സയ്യിദിന്റെ ഓരോവാക്കിലും യൂറോപ്യൻ തത്ത്വചിന്തക്ക് നേരെയുള്ള അത്യാദരങ്ങളും ഭയഭക്തിയുമാണ് പ്രകടമാകുന്നതെന്നു ഹ:അഹ്മദ് (അ) സോദാഹരണം ചൂണ്ടിക്കാട്ടി. അദ്ദേഹം ഇപ്രകാരം തുടർന്നു.:

താങ്കളെപ്പോലെ ഇസ്‌ലാമിനോട് സ്നേഹമുണ്ടെന്ന് പറയുകയും ഖുർആന് ഒരു വ്യാഖ്യാനമെഴുതാൻ പ്രചോദിതനായിതീരുകയും ചെയ്ത ഒരാളിൽ നിന്നും ഖുർആന്റെ പാഠങ്ങൾക്ക് പ്രത്യക്ഷ വിരുദ്ധമായ ആശയങ്ങൾ പ്രകാശിപ്പിക്കുകയും ദിവ്യ വെളിപാടുകൾ ലഭിച്ചിട്ടുള്ളവരിൽ ഭ്രാന്ത് ആരോപിക്കുകയും ചെയ്യുന്നതിന് പകരം ഒരു സത്യാന്വേഷിയെന്ന നിലയിൽ എന്റെ വാദങ്ങൾക്കാധാരമായ തെളിവുകളും യുക്തിന്യായങ്ങളും എന്നിൽ നിന്നും ആവശ്യപ്പെടുകയാണ് താങ്കൾ ചെയ്യേണ്ടിയിരുന്നത്........എന്റെ വാദങ്ങൾ സാധാരണ നിലയിലുള്ളതല്ല. അതിനെക്കുറിച്ച് സംസാരിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്നവർ ദശലക്ഷക്കണക്കിനില്ലെങ്കിലും പതിനായിരക്കണക്കിനുണ്ട്. ഹേ, എന്റെ പ്രിയപ്പെട്ട സർ സയ്യിദ്! താങ്കൾ ദൈവത്തിലേക്ക് വിളിക്കുന്ന വ്യക്തിയെ നിരാകരിക്കുന്നതും നിസ്സാരനാക്കിതള്ളുന്നതും അയാളുടെ വാദത്തെ പരീക്ഷിച്ചു നോക്കാതെ അവക്കെതിരായി ശബ്ദമുയർത്തുന്നതും ആത്മീയ നാശത്തിലേക്കുള്ള വഴിയാകുന്നു..... ദിവ്യഗ്രന്ഥങ്ങളെപ്പറ്റിയുള്ള താങ്കളുടെ വിശ്വാസങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ളത് തന്നെയാണെങ്കിൽ ദൈവം അങ്ങനെ വരുത്താതിരിക്കട്ടെ – അതായത്, അവ ദൈവത്തിന്റെ യഥാർഥവചനങ്ങളല്ലെന്നും ദിവ്യവെളിപാടുകൾ പ്രവാചകന്മാർക്കുണ്ടാകാവുന്ന ആത്മനിഷ്ഠാപരമായ ഒരു നൈസർഗിക സിദ്ധിയാണെന്നും വരികിൽ എന്നുവെച്ചാൽ ജ്ഞാനവും സത്യവും നിറഞ്ഞ വചനങ്ങൾ പുറപ്പെടുവിക്കാൻ സാദ്ധ്യമായ പ്രത്യേക പ്രകൃതിയോടുകൂടിയവർ മാത്രമാണ് പ്രവാചകന്മാരെന്നാണ് താങ്കളുടെ വാദമെങ്കിൽ താങ്കളെ പിന്തുടരുന്നത് മൂലം നിത്യനാശത്തിലകപ്പെട്ടേക്കാവുന്നവരെ രക്ഷപ്പെടുത്താനായിട്ട് താങ്കളെ പരസ്യമായി ഒരു ആത്മീയ സമരത്തിനാഹ്വാനം ചെയ്യേണ്ടത് എന്റെ ധർമമായിരിക്കുന്നതാണ്. സത്യഹൃദയത്തോടെ താങ്കൾ എന്റെ നേരെ തിരിയുകയാണെങ്കിൽ, താങ്കൾക്ക് സംതൃപ്തിയേകുന്നതിന് എന്നെ സഹായിക്കാൻ ഞാൻ ദൈവത്തോടു പ്രാർഥിക്കുന്നതാണ്. ദൈവം എന്റെ പ്രാർഥന കേൾക്കുമെന്നും താങ്കളേയും താങ്കളെപോലെ മറ്റുപലരേയും സംശയങ്ങളുടേയും സന്ദേഹവാദത്തിന്റേയും ചുഴിയിലേക്കെടുത്തെറിഞ്ഞ പിഴവിൽ നിന്നു സ്വയം രക്ഷപ്പെടുന്നതിന്നു താങ്കളെ അവൻ സ്വയം സഹായിക്കുമെന്നും എനിക്കു ദൃഢമായ വിശ്വാസമുണ്ട്. താങ്കൾ താങ്കളുടെ സ്ഥാനമാനങ്ങളെ കുറിച്ചുള്ള പരിചിന്തകളെല്ലാം മാറ്റിവെച്ചു ഏതാനും ആഴ്ചകൾ എന്നോടൊപ്പം വസിക്കുകയാണെങ്കിൽ മാനുഷികമായ ഗ്രാഹ്യ ശക്തിക്കതീതമാണെന്ന് താങ്കളിന്നു കരുതുന്ന പലസംഗതികളും യുക്തിയുക്തങ്ങളും സാദ്ധ്യതയിലുൾപ്പെടുന്നതും തന്നെയെന്നു ഏളുപ്പത്തിൽ ഗ്രഹിച്ചുതുടങ്ങുന്നതാണ്. സയൻസിന്റെയും ഫിലോസഫിയുടേയും ഉന്നത ശിഖരങ്ങൾ താങ്കൾ പ്രാപിച്ചിട്ടുണ്ടെന്നിരിക്കിലും, അതിന്റെ ചൈതന്യത്താൽ പ്രഭാപൂരിതനായിട്ടുണ്ടെന്നാലും ആ പ്രഭാപൂരം സ്വർഗീയമായ പ്രകാശത്തിനെതരിൽ നിസ്സാരമാകുന്നു....

ഞാൻ ഈ കത്ത് ദീർഘിപ്പിക്കാനുദ്ദേശിക്കുന്നില്ല. അസന്ദിഗ്ധമായ വാക്കുകളിൽ ഞാനിതാ അറിയിച്ചുകൊള്ളുന്നു. ഇക്കാലത്ത് ഉടലെടുത്തിട്ടുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനായിട്ടും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും എന്റെ സമുദായ സഹോദരങ്ങളെ രക്ഷിക്കുന്നതിനായിട്ടും ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നവനത്രെ ഞാൻ ... ഈ സന്ദേശത്തെ ലാഘവത്തോടെ കയ്യാളരുത്. വേണ്ടുവോളം, അർഹിക്കുന്ന വിധം തന്നെ ആലോചിച്ചതിന് ശേഷം അതിന് മറുപടി നൽകിയാലും!

ഈ സന്ദേശം ഹ: അഹ്മദ് (അ) തന്റെ സുപ്രസിദ്ധമായ അയിനയെ കമാലാത്തെ ഇസ്‌ലാം എന്ന കൃതിയിൽ പ്രസിദ്ധീകരിച്ചുവെങ്കിലും സർ സയ്യിദ് തികഞ്ഞ മൗനം അവലംബിച്ചു.

സർ സയ്യിദ് തന്റെ മേൽപറഞ്ഞ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന രണ്ടു പുസ്തകങ്ങൾ പുറത്തിറക്കിയിരുന്നു. അദ്ദുആ വൽ ഇസ്തിജാബത്ത്, തഹ്‌രീർ ഫീഉസൂലിൽ തഫ്സീർ എന്നി വയായിരുന്നു ആ രണ്ടു പുസ്തകങ്ങൾ പ്രാർഥന ഒരു ആരാധന മാത്രമാണെന്നും അതു ഒരു ആരാധനയെന്ന നിലയിൽ ദൈവം സ്വീകരിക്കുന്നതാണെങ്കിലും പ്രാർഥനക്ക് ഫലമുണ്ടെന്നോ പ്രാർഥനയനുസരിച്ച് കാര്യം സാധിക്കുമെന്നോ കരുതുന്നത് ശരിയല്ലെന്നും ആണ് അതിലദ്ദേഹം സമർഥിച്ചത്. എല്ലാ കാര്യങ്ങളും വിധി നിർണിതങ്ങളാണ് ദൈവം പ്രകൃതി നിയമങ്ങളിൽ ഇടപെടുന്നില്ല. ഒരു കാര്യം സംഭവിക്കുമെന്ന് ദൈവം നിർണയിച്ചിട്ടുണ്ടെങ്കിൽ അതിനായിട്ടു പ്രാർഥിക്കേണ്ട ആവശ്യമില്ല. ഒരു കാര്യം സംഭവിക്കുകയില്ലെന്നാണ് ദൈവനിർണയമെങ്കിൽ അതിനായി പ്രാർഥിച്ചത് കൊണ്ട് യാതൊരു ഫലവുമില്ല. അങ്ങനെ ദൈവത്തിന്റെ നേർക്കു മാത്രം തിരിയുമ്പോൾ ഒരു ആരാധനയെന്ന നിലക്ക് ദൈവം അത് സ്വീകരിക്കുന്നതായിരിക്കും. ഇതായിരുന്നു സർ സയ്യിദിന്റെ അഭിപ്രായം.

സർ സയ്യിദിന്റെ ഈ ആശയങ്ങൾ ഇസ്‌ലാമികമല്ലെന്ന് മാത്രമല്ല. ഖുർആൻ ശക്തിയുക്തം ഖണ്ഡിക്കുന്നതും പ്രവാചകചര്യകൾക്ക് വിരുദ്ധ വുമാണെന്നതു വ്യക്തമാണ്. ഹദ്റത്ത് അഹ്‌മദ് (അ) ആകട്ടെ, തന്റെ ഏറ്റവും വലിയ ആത്മീയായുധമായി പരിഗണിച്ചതു തന്നെ പ്രാർഥനയായിരുന്നു. അതിനാൽ ഈ അബദ്ധ തത്ത്വങ്ങളെ ഖണ്ഡിക്കേണ്ടത് തന്റെ അനുപേക്ഷണീയ ധർമമാണെന്ന് അദ്ദേഹം കരുതുകയും ചെയ്തു. 'ബറക്കാത്തു ദുആ' എന്ന പേരിൽ പ്രാർഥനയുടെ തത്ത്വ രഹസ്യങ്ങൾ വിശദീകരിച്ചു കൊണ്ട് ഒരു പുസ്തകം രചിക്കുകയും ചെയ്തു.

പ്രാർഥനയുടെ തത്ത്വരഹസ്യങ്ങളെ സംബന്ധിച്ച അറിവും പ്രാർഥനയുടെ ഉത്കൃഷ്ടമായ അനുഭവജ്ഞാനവും സർ സയ്യിദിനില്ലെന്ന് പറഞ്ഞശേഷം അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സമൂലം ഖണ്ഡിച്ചു കൊണ്ട് ഹദ്റത്ത് അഹ്‌മദ് ഇപ്രകാരം പറഞ്ഞു: ഇത്തരം അബദ്ധ വിശ്വാസങ്ങളെ ഉടക്കുവാനായിട്ടാണ് ഞാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അത്കൊണ്ട് എന്റെ ചില പ്രാർഥനകൾ മുൻകൂട്ടി സയ്യിദ് സാഹിബിനെ അറിയിച്ചുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്തുകൊള്ളുന്നു. മാത്രമല്ല ഞാനത് പ്രസിദ്ധം ചെയ്യുകയും ചെയ്യാം എന്നാൽ എന്റെ വാദങ്ങൻ സ്ഥാപിക്കപ്പെടുന്ന പക്ഷം സയ്യിദ് സാഹിബ് തന്റെ ഈ തെറ്റായ ചിന്താഗതിയെ വിട്ടൊഴിയേണ്ടതാകുന്നു.....

സയ്യിദ് സാഹിബിന് എന്റെ അടുക്കൽ വരാൻ കഴിയുന്നില്ലെങ്കിൽ സത്യം സ്വീകരിക്കുമെന്നുള്ള വാഗ്ദത്തത്തോടുകൂടി തന്നെ പറ്റി, ദൈവസവിധത്തിൽ ഞാൻ പ്രാർഥന നടത്തിയ ശേഷം എനിക്ക് വെളിപ്പടുന്ന സംഗതികൾ വെളിപ്പെടുത്തികൊള്ളാൻ എന്നെ അനുവദിക്കേണ്ടതാണ്. അതുവഴി പൊതുജനങ്ങൾക്ക് പ്രയോജനമുണ്ടാകുമല്ലോ. സയ്യിദ് സാഹിബിന്റെ അഭിപ്രായങ്ങളാണ് യഥാർഥത്തിൽ ശരിയെങ്കിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊരു വിജയവും ലഭിക്കുന്നതല്ല. അല്ലെങ്കിലോ ബുദ്ധിയുള്ളവർ സയ്യിദ് സാഹിബിന്റെ തെറ്റായ വിശ്വാസങ്ങളിൽ നിന്നു രക്ഷ പ്രാപിച്ചു ദൈവ മാർഗത്തിലേക്ക് തിരിയുമാറാകും (ബറക്കാത്തുദുആ)

ഇത്രയും പ്രസ്താവിച്ചശേഷം ഒടുവിലായിചേർത്ത ഒരു പാർസി കവിതയിൽ ഹ:അഹ്‌മദ് (അ) ഇപ്രകാരം എഴുതി. പ്രാർഥനക്ക് വല്ല ഫലവുമുണ്ടെങ്കിൽ അതെവിടെയെന്നു ചോദിക്കുന്ന ഹേ മനുഷ്യാ, ഝടുതിയിൽ എന്റെ ആടുത്തേക്ക് വരിക! ഞാൻ ഉച്ചസൂര്യനേപോലെ പ്രാർഥനയുടെ ഫലം കാണിച്ചു തരാം. ഭദ്രം! ദൈവത്തിന്റെ ശക്തി രഹസ്യങ്ങളെ നിഷേധിക്കൊല്ല. വാക്കുകൾ മതിയാക്കൂ. സ്വീകൃതമായിത്തീർന്ന എന്റെ പ്രാർഥനയുടെ പുലർച്ച നോക്കിപ്പാർക്കൂ.

ഇവിടെ സ്വീകരിക്കപ്പെട്ട പ്രാർഥനയെന്നു പറഞ്ഞതു ലേഖ്റാമിന്റെ മരണത്തെക്കുറിച്ചാണെന്ന് ഹദ്റത്ത് അഹ്‌മദ്(അ) തന്നെവ്യക്തമാക്കിയിട്ടുണ്ട്. 6 കൊല്ലത്തിനുള്ളിൽ പണ്ഡിറ്റ് ലേഖ്റാം മരണമടയുന്നതാണെന്ന് തനിക്ക് ലഭിച്ച ഒരു വെളിപാടിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു. ഇതിന് പുറമേ പ്രസ്തുത കൃതിയുടെ ഒടുവിലത്തെ പേജിൽ അതെഴുതിത്തീർന്ന ദിവസം അദ്ദേഹം കണ്ട ദിവ്യ ദർശനം വിവരിച്ചിട്ടുണ്ട്. അത് ലേഖ്റാമിന്റെ ദാരുണമായ അന്ത്യത്തെ കുറിച്ചുള്ള വ്യക്തമായ സൂചനകളടങ്ങിയതുമായിരുന്നു!

സർ സയ്യിദിന്റെ പ്രകൃതിവാദപരമായ സിദ്ധാന്തങ്ങളെ ഹദ്റത്ത് അഹ്‌മദ്(അ)ശക്തിയുക്തം വിമർശിക്കുകയും അദ്ദേഹത്തെ ആത്മീയ പരീക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം തികഞ്ഞ മൗനമവലംബിക്കു കയത്രേ ചെയ്തത്. ഹദ്റത്ത് അഹ്‌മദിനെതിരായി അദ്ദേഹം പിന്നീട് ഒരക്ഷരവും ഉരിയാടിയില്ല. എന്നല്ല ഭയഭക്തിയോടു കൂടി മാത്രമേ ആ മഹാത്മാവിനേക്കുറിച്ച് പിന്നീട് സ്മരിക്കുകയുണ്ടായുള്ളൂ. അക്കാരണത്താൽ തന്നെ, ഹദ്റത്ത് അഹ്‌മദ്(അ) സർ സയ്യിദിനെ ഒരു മിത്രമായി കണക്കാക്കിപ്പോന്നു. ഹദ്റത്ത് അഹ്‌മദി(അ)നെ ആക്ഷേപിച്ചു കൊണ്ടൊരാൾ ഒരിക്കൽ സർ സയ്യിദിന് നീണ്ടൊരു കത്തെഴുതിയപ്പോൾ, അദ്ദേഹത്തെ എതിർക്കുന്നവൻ ബുദ്ധി കെട്ടവനാണ് എന്ന് സർ സയ്യിദ് പ്രസ്താവിച്ചതായും ഹദ്റത്ത് അഹ്‌മദി (അ)ന്റെ ഒരു പുസ്തകത്തിന് ഖണ്ഡനമെഴുതാൻ തുനിഞ്ഞ മറ്റൊരാളെ അദ്ദേഹം വിലക്കിയതായും മൗലാനാ ഹാലി പ്രസ്താവിച്ചിട്ടുണ്ട്.(ഹയാത്തെ ജാവീദ്, ഖ. 2 ഭാ.437)

തന്നെ എതിർക്കുവാനും നിഷേധിക്കുവാനും ബദ്ധപ്പെടുന്നതിന്നു പകരം ഇസ്‌ലാമിനു വേണ്ടിയുള്ള തന്റെ രക്ഷാവേലയെ അലോസരപ്പെടുത്താതെ തന്റെ അന്ത്യം നോക്കിപ്പാർക്കുകയെന്ന സമീപനമെങ്കിലും സ്വീകരിക്കുന്നതാകും സുരക്ഷിതമെന്ന് ഹദ്റത്ത് അഹ്‌മദ് (അ) മതപണ്ഡിതന്മാരോട് പറഞ്ഞിരുന്നു. ആ മഹാത്മാവിനുണ്ടായ അതുല്യമായ ആത്മീയ വിജയങ്ങൾ സർ സയ്യിദിനെ വിചാര മഗ്നനാക്കിയെന്നുവേണം കരുതാൻ. എന്തെന്നാൽ സർ സയ്യിദ് ഒരു ബദ്ധശത്രുവായി തിരിഞ്ഞില്ല. ആ പുണ്യാത്മാവിനെതിരായി പിന്നീടൊരിക്കലും ഒരക്ഷരം പോലും പറഞ്ഞതുമില്ല.

എങ്കിലും സർ സയ്യിദ് അഹ്‌മദ് ഖാൻ ദൈവിക ശിക്ഷക്കിരയാവുക തന്നെ ചെയ്തു. ഹദ്റത്ത് അഹ്‌മദ്(അ) പ്രവചിച്ചതിൻ വണ്ണം തന്നെ സർ സയ്യിദ് ആയുരാന്ത്യത്തിൽ പല ദുരന്താനുഭവങ്ങളുമുണ്ടായി. വാർദ്ധക്യ കാലത്ത് അദ്ദേഹത്തിന് സീമന്ത പുത്രന്റെ ദാരുണ മരണം കാണേണ്ടിവന്നു. ഈ വിരഹവ്യഥയിൽ നിന്നും മോചനം നേടുന്നതിന്നു മുമ്പായിത്തന്നെ മറ്റൊരു ഭയങ്കര ദുഖവും അദ്ദേഹത്തെ പിടികൂടി. അലിഗർ കോളേജിലെ കെട്ടിട നിർമാണാർഥം അദ്ദേഹം വളരെ പാടുപെട്ടു പിരിച്ചെടുത്ത 1,05,490 രൂപ ശാം ബിഹാരി ലാൽ എന്നൊരാൾ

പിടുങ്ങിക്കളഞ്ഞുവെന്നതാണത്. അപമാന ഭാരവും ദുഖവും നിമിത്തം അദ്ദേഹം മൂന്നു ദിവസം വരെ ആഹാരങ്ങളൊന്നും കഴിച്ചില്ലെന്നു മാത്രമല്ല പല തവണ പ്രജ്ഞയറ്റ് വീഴുകയും ചെയ്തു.തദവസരത്തിൽ താൻ അലീഗറിൽ തന്നെയുണ്ടായിരുന്നില്ലെങ്കിൽ പിതാവ് ശോകപാരവശ്യം നിമിത്തം മരണമടഞ്ഞേനേ എന്നു പുത്രൻ സയ്യിദ് മഹ്മൂദ് പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്.

സർസയ്യിദിന്റെ ചരമം അടുത്തിട്ടുണ്ടെന്ന് ദൈവത്തിൽ നിന്നു അറിവുകിട്ടിയതിനെ തുടർന്ന് ഹദ്റത്ത് അഹ്മദ് (അ) 1897 മാർച്ച് 12-ാം തീയതി ഒരു വിജ്ഞാപനം മുഖേന അദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിന് ക്ഷണിക്കുകയുണ്ടായി. അതിലിപ്രകാരം പറഞ്ഞിരുന്നു. പ്രാർഥന ഫലിക്കില്ലെന്ന ധാരണ സയ്യിദ് സാഹിബിന്ന് പറ്റിയ ഒരു പിഴവാണ്, കഷ്ടം! നാൽപ്പത് ദിവസമെങ്കിലും അദ്ദേഹം എന്റെ അടുക്കൽ താമസിച്ചിരുന്നുവെങ്കിൽ നവവും വിശുദ്ധവുമായ വിവരങ്ങൾ അദ്ദേഹം നേടിയിരിക്കുമായിരുന്നു. ഇനി നാം തമ്മിൽ മറുലോകത്ത് വച്ചായിരുക്കും കണ്ടുമുട്ടുക. നേരിട്ടു കൂടിക്കാഴ്ച്ച നടത്തുവാൻ കൂടി അവസരം ലഭിച്ചില്ലെന്നത് കഷ്ടം തന്നെ!. സയ്യിദ് സാഹിബ് ഈ വിജ്ഞാപനം ശ്രദ്ധാപൂർവം പരായണം ചെയ്യട്ടെ. എന്തെന്നാൽ ഇനി കൂടിക്കാഴ്ച്ചക്ക് പകരമായി ഈ വിജ്ഞാപനം മാത്ര മാണുള്ളത്. (വിജ്ഞാപനം12-3-1899; തദ്ക്കിറ- ഒന്നാം പതിപ്പ്, ഭാ 289).

എന്നാൽ നമസ്കാരം, നോമ്പ് തുടങ്ങിയ നിർബന്ധകർമങ്ങൾ പോലും ഉപേക്ഷിച്ചു കഴിഞ്ഞിരുന്ന സർസയ്യിദിന് ആ സ്വർഗീയ വിളിക്കുത്തരം നൽകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. അദ്ദേഹം കൃത്യം ഒരു കൊല്ലം കഴിഞ്ഞു 1898 മാർച്ച് 28-ാം തിയതി ചരമമടഞ്ഞു.

---

പേജ് 9ൽ നിന്നും തുടർച്ച

സാമ്പത്തിക അരാചകത്വം, അശാന്തി എന്നിവ ഇന്നുള്ള അവസ്ഥ മാത്രമല്ല. ഇതെല്ലാം വളരെ ഭയാനകമായ ഒരു ഭാവിയുടെ സൂചന കൂടി നൽകുന്നുണ്ട്.

പാകിസ്താന് സ്വാതന്ത്ര്യം ലഭിച്ചിട്ട് 62,63 വർഷം പിന്നിട്ടിരിക്കുകയാണ്. അവിടെ ഇതെല്ലാം അതിന്റെ എല്ലാ സീമകളെയും അതിലംഘിച്ചിരിക്കുന്നതായി കാണാം. നിത്യവും ഇവയിലെല്ലാം അവിടെ വർധനവ് മാത്രമാണ് കാണുന്നത്. നാളെ എന്തായിത്തീരും എന്ന് ആർക്കും ഒന്നും പറയാൻ പറ്റാത്ത അവസ്ഥയാണ്. അതുകൊണ്ട് ശോഭനമായ ഒരു ഭാവി നമുക്കെങ്ങനെ പ്രതീക്ഷിക്കാൻ സാധിക്കും. ഇംഗ്ലീഷുകാരുടെ അടിമത്തത്തിൽ നിന്നും മോചനം ലഭിച്ചു എന്നത് ശരി. എന്നാൽ സ്വന്തം ആളുകളുടെ അടിമത്തത്തിന്റെ ചങ്ങല മുമ്പെത്തേക്കാൾ കൂടുതൽ ഞെരുക്കിക്കളയുകയാണ് ചെയ്തത്. അല്ലാഹു ആ നാടിനോട് കരുണ ചൊരിയുമാറാകട്ടെ. പാകിസ്താനെ നേടിയെടുത്തുകൊണ്ട് പാകിസ്താൻ സ്ഥാപകൻ പ്രഖ്യാപിച്ചിരുന്നത് ഇവിടെ എല്ലാ മതസ്ഥർക്കും മതസ്വാതന്ത്ര്യം ഉണ്ടെന്നായിരുന്നു. പാകിസ്ഥാൻ പൗരൻ എന്ന നിലക്ക് എല്ലാ പൗരന്മാരും തുല്യരാണ്. എന്നാൽ ഇന്നവിടെ അഹ്മദികളോട് എന്തെല്ലാമാണ് ചെയ്തുകൂട്ടാത്തത്. തെറ്റായ കാര്യങ്ങൾ ആരോപിക്കുന്നു. ഹദ്റത്ത് ഖാത്തമുൽ അമ്പിയാ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ അടിമത്തത്തിൽ കഴിച്ചുകൂട്ടുന്നതിന് ഓരോ അഹ്മദിയും ആയിരമായിരം സ്വാതന്ത്ര്യത്തേക്കാളും മുൻഗണന നൽകുന്നവരാണ്. അതിനായി തങ്ങളുടെ ശിരച്ഛേദത്തിന് പോലും അവർ തയ്യാറാണ്. അഹ്മദികൾക്കെതിരിൽ കറ്റുകെട്ടും കുപ്രചരണവും നടത്തിക്കൊണ്ട് അഹ്മദികളെക്കുറിച്ച് പറയുന്നത് നഊദുബില്ലാഹ് ഞങ്ങൾ തിരുനബി (സ) യെ നിന്ദിക്കുന്നവരാണെന്നാണ്. ഞങ്ങൾ ഞങ്ങളുടെ പൗരാവകാശ നിഷേധത്തിന് ഒരു പുല്ലുവിലയും കൽപ്പിക്കുന്നില്ല. അത് ഞങ്ങൾക്ക് പ്രശ്നമല്ല. എല്ലാ വിധ അവകാശങ്ങളും ഞങ്ങൾക്ക് നിഷേധിക്കപ്പെട്ടാലും ഞങ്ങൾ സഹിക്കാൻ തയ്യാറാണ്. സഹിക്കുന്നുമുണ്ട്. എന്നാൽ ഈ മുസ്‌ലിം നാമധാരികളായ മുല്ലാവർഗത്തിന്റെയും ഭരണാധികാരികളുടെയും ആഗ്രഹമനുസരിച്ച് ഞങ്ങൾ ഞങ്ങളെ തിരുനബി (സ) യുടെ ദാസത്വത്തിൽ നിന്ന് ഒരിക്കലും മാറ്റിനിർത്താൻ തയ്യാറല്ല. അഹ്മദികൾ പാകിസ്താനിൽ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കാത്തത് എന്തുകൊണ്ടാണെന്നറിയാമോ? പാക്കിസ്താൻ ഭരണകൂടം പറയുന്നത് നിങ്ങൾക്ക് വോട്ട് ചെയ്യണമെങ്കിൽ, സ്വാതന്ത്ര്യം വേണമെങ്കിൽ നിങ്ങൾ മുസ്‌ലിംകളല്ലെന്നും നിങ്ങൾക്ക് തിരുനബി (സ) യുമായി ബന്ധമില്ലെന്നും നിങ്ങൾ പ്രഖ്യാപിക്കുക എന്നാണ്. എന്നാൽ അല്ലാഹുവാണെ സത്യം! ഞങ്ങളിലുള്ള ഓരോ അഹ്മദിയും തങ്ങളുടെ ശരീരം തുണ്ടം തുണ്ടമാക്കാൻ തയ്യാറാണ്. എന്നാൽ ഞങ്ങളുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയിൽ നിന്നും ഞങ്ങളെ അകറ്റുന്ന ഒരു സമ്മതിദാനവകാശത്തിലേക്കും ഞങ്ങൾ തിരിഞ്ഞുനോക്കുകപോലും ചെയ്യുന്നില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്വാതന്ത്ര്യം ഭൗതികരായ നിങ്ങൾക്ക് ഭൂഷണമായിരിക്കട്ടെ. അങ്ങനെയുള്ള സ്വാതന്ത്ര്യത്തിന് പകരം ഞങ്ങൾ ഇഷ്ടപ്പെടുന്നത് തിരുനബി (സ) യുടെ പാദത്തിന്റെ മൺതരികളായി മാറിക്കൊണ്ട് അല്ലാഹുവിന്റെ യഥാർഥ ദാസരാക്കിത്തീർക്കുന്ന അടിമത്വത്തെയാണ്. അത് സ്രഷ്ടാവിനോടുള്ള കടപ്പാടുകളെ മനസ്സിലാക്കിത്തന്നുകൊണ്ട് അത് നിറവേറ്റുന്നവരാക്കി ഞങ്ങളെ മാറ്റുന്നതാണ്. അതേപോലെ സൃഷ്ടികളോടുള്ള കടമകൾ മനസ്സിലാക്കിക്കൊണ്ട് അത് നിറവേറ്റുന്നവരുമാക്കിത്തീർക്കുന്നതാണ്. ഇൻശാ അല്ലാഹുതആല ഒരു കാലം വരും; ഞങ്ങളുടെ ഈ വിനയം ഞങ്ങളുടെ ഈ അടിമത്തം ലോകത്തിന്ന് യഥാർഥ സ്വാതന്ത്ര്യമെന്താണെന്ന് കാണിച്ചുകൊടുക്കുന്നതായിരിക്കും. ഇന്ന് സ്വതന്ത്രരാണെന്ന് പറയുന്നവർ അനാചാരത്തിന്റെയും മറ്റു ഭാരങ്ങളുടെയും ബന്ധനത്തിലാണുള്ളത്. ഇവരോ ഇവരുടെ മക്കളോ മുഹമ്മദീ മസീഹിന്റെ ദാസത്വത്തിൽ ഒരു നാൾ അഭിമാനം കൊള്ളുന്നതായിരിക്കും. ഇതുമുഖേന അവർക്ക് ഖാത്തമുൽ അമ്പിയ, ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ഇവിടെ സ്ഥാപിക്കാൻ വന്ന യഥാർഥ സ്വാതന്ത്ര്യം എന്താണെന്ന് മനസ്സിലാകുന്നതാണ്. അല്ലാഹു ഈ സ്വാതന്ത്ര്യത്തിന്റെ ദിനങ്ങൾ വേഗം കാണിക്കുമാറാകട്ടെ. അല്ലാഹു അയച്ച വ്യക്തികളെ നിഷേധിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ആ ഭീകരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടുമാറാകട്ടെ. അല്ലാഹു ഓരോ അഹ്മദിക്കും ക്ഷമയോടും സ്ഥിരചിത്തതയോടും ഈ കാഠിന്യത്തിന്റെ നാളുകൾ ദുആയിൽ കഴിച്ചുകൂട്ടാൻ തൗഫീഖ് നൽകുമാറാകട്ടെ.

വിവർത്തനം
എം. നാസിർ അഹ്മദ്, കൊടിയത്തൂർ

# ഹുദൂദിന്റെ ദുർവ്യാഖ്യാനവും പ്രഥമ മുസ്‌ലിം നൊബേൽ ജേതാവിന്റെ ഭ്രഷ്ടും

മതായാഥാസ്തികത്ത്വത്തിന്റെ സമ്മർദ്ദത്താൽ സ്വന്തം രാജ്യത്തുനിന്നും തിരസ്കൃതനായ മഹാനായ ശാസ്ത്ര പ്രതിഭയായിരുന്നു പ്രൊഫ.അബ്ദുസലാം സാഹിബ്

പ്രൊഫ. ഇഫ്തിഖാർ അഹ്മദ്. ബി.

**പാ**കിസ്താനിലെ മുല്ലായിസം ഇസ്‌ലാമിക ശരീഅത്തിന്റെ പേരിൽ നിർമിച്ചെടുത്ത ശിക്ഷാനിയമങ്ങൾ ഹുദൂദ് ഓർഡിൻസ് എന്ന പേരിൽ 1979 മുതൽ തന്നെ നിലനിന്നു വരുന്നു. ഹുദൂദ് നിയമങ്ങളെ തങ്ങൾക്കാവുന്ന വിധത്തിലൊക്കെ ദുർവ്യാഖ്യാനം ചെയ്യുന്നതിൽ, താൽ ക്കാലികമായിട്ടാണെങ്കിലും, വിജയിച്ചുകൊണ്ടിരിക്കുന്ന പാകിസ്താനിലെ ഇസ്‌ലാമിക ഭരണകൂടത്തിന്റെ ദുർവാശിയുടെ ഫലമായി ലോകത്തെ പ്രഥമ മുസ്‌ലിം നൊബേൽ സമ്മാനജേതാവായ ഡോ. അബ്ദുസ്സലാമിനെതിരെ ഏർപ്പെടുത്തിയ ഭ്രഷ്ടിന് കഴിഞ്ഞ മാസത്തോടെ 3 പതിറ്റാണ്ട് തികഞ്ഞുകഴിഞ്ഞു.

ജീവിച്ചിരിക്കെ അദ്ദേഹത്തെ അംഗീകരിക്കാതിരുന്ന ഭരണകൂടവും മതമേധാവികളെന്ന് സ്വയം പ്രഖ്യാപിക്കുന്നവരും അദ്ദേഹം മരിച്ചിട്ട് പത്ത് വർഷം കഴിഞ്ഞിട്ടും അനങ്ങാപ്പാറ നയം സ്വീകരിച്ചുകൊണ്ടിരിക്കുന്നതിൽ രാജ്യത്തുടനീളം അമർഷത്തിന്റെ മുറുമുറുപ്പുകൾ ഉയർന്നുതുടങ്ങിയിട്ടുണ്ട്. ഈ ഭ്രഷ്ടിലൂടെ പാകിസ്താൻ, മറ്റ് പല മേഖലകളിലും കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന കാപട്യത്തിന്റെ ദുര്യോധനമുഖത്തിന് ഒരു പുതിയ ചായക്കൂട്ട് കൂടി ചേർത്തുവെച്ചിരിക്കുന്നു.

ഹുദൂദ് നിയമങ്ങൾ എന്നാൽ വിശുദ്ധ ഖുർആനിലൂടെ ദൈവം അവതരിപ്പിച്ച നിയമങ്ങൾ എന്ന് വിവക്ഷ. കൊലപാതകിയെ, കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ ദയാധനം സ്വീകരിക്കാതെ മാപ്പുനൽകാതിരുന്നാൽ, വധശിക്ഷയ്ക്ക് വിധേയമാക്കാനും മോഷ്ടിക്കുന്നവന്റെ കൈകൾ വെട്ടിക്കളയാനുമൊക്കെയുള്ള നിയമങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നതാണ്. ഇസ്‌ലാം തന്റെ മതമായി സ്വീകരിച്ച് അതുപേക്ഷിച്ചു പോകുന്നവനെ എറിഞ്ഞുകൊല്ലാനും ഹുദൂദ് നിയമം അനുശാസിക്കുന്നു എന്ന് ചില പണ്ഡിതന്മാർ ഖുർആനിക വ്യാഖ്യാനങ്ങളുടെ പശ്ചാത്തലത്തിൽ ശാഠ്യം പിടിക്കുന്നുണ്ട്. പക്ഷേ ഖുർആനിൽ ഒരിടത്തും തന്നെ ഇസ്‌ലാം സ്വീകരിക്കാത്തവരെ നിർബന്ധമായി അതിന്റെ കുടക്കീഴിൽ കൊണ്ട് വരണമെന്നോ അതിന് ഏത് നികൃഷ്ടമായ രീതിയും അവലംബിക്കാമെന്നോ എന്നൊന്നും ഒരു പരാമർശവുമില്ല. മറിച്ച് വ്യക്തിക്ക് അത് തികഞ്ഞ മതസ്വാതന്ത്ര്യം നൽകുന്നുണ്ട്താനും. ജിഹാദ് എന്ന പദത്തെ, തങ്ങളെക്കൊണ്ടാവുന്ന വിധത്തിലൊക്കെ ദുർവ്യാഖ്യാനം ചെയ്ത്, ആഗോളതലത്തിൽ ഇസ്‌ലാമിക ഭീകരവാദം എന്ന പുതിയ സംജ്ഞയ്ക്ക് പ്രചുരപ്രചാരം നൽകിയ മതപണ്ഡിതന്മാരിൽ ഏറ്റവും മുൻപന്തിയിലുള്ളവരാണ് പാകിസ്താനിലെ ഉലമാക്കൾ. ആകാശത്തിനു കീഴെയുള്ള ഏറ്റവും നികൃഷ്ടരായ ജീവികളായി തന്റെ മതത്തിലെ ഉലമാക്കൾ മാറുന്ന കാലത്തെ ലോകാവസാനത്തിന്റെ അടയാളങ്ങളിൽ ഒന്നായി വിശേഷിപ്പിച്ച പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി (സ) ഒരിക്കലും മതപ്രചരണത്തിനോ ആശയപ്രചരണത്തിനോ അക്രമത്തിന്റെ പാത സ്വീകരിച്ചിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ ഏവരും സമ്മതിക്കുന്നു. വിശ്വപ്രശസ്ത പാശ്ചാത്യ ചിന്തകനും ദാർശനികനും ഗ്രന്ഥകാരനുമായ വില്യം മൂർ അതിൽ പ്രഥമസ്ഥാനീയനാണ്.

ഇത്തരമൊരു പ്രത്യയശാസ്ത്ര സാഹചര്യത്തിൽ പിന്നെയെങ്ങനെയാണ് ഭ്രഷ്ട് പോലുള്ള അനാചാരങ്ങൾ കടന്നുകൂടിയത്? സാമൂഹികജീവിതത്തിൽ മതസൗഹാർദത്തിന്റെ വെള്ളിവെളിച്ചം നൽകാനാണ് താൻ കിണഞ്ഞുപരിശ്രമിക്കുന്നതെന്ന് ആണയിട്ടു പറഞ്ഞ പാകിസ്താൻ മുൻപ്രസിഡന്റ് പർവേസ് മുഷറഫ് കറാച്ചിയിലുള്ള ക്ഷേത്രത്തിലടക്കം സന്ദർശനം നടത്തി തന്റെ പ്രജകൾക്കിടയിലുള്ള യാഥാസ്ഥിതികരുടെ ഭൂരിപക്ഷത്തിൽ നിന്നും ആധുനികരെ അടർത്തിമാറ്റി കൈയടി വാങ്ങിയപ്പോൾ ഭൗതികശാസ്ത്രത്തിൽ ഐൻസ്റ്റീൻ കഴിഞ്ഞാൽ ആര് എന്ന ചോദ്യത്തിന് തന്റെ രാജ്യം നൽകിയ ഉത്തരമായ ഡോ. അബ്ദുസ്സലാമിന്റെ ദേഹവിയോഗത്തിന്റെ പത്താം വാർഷികത്തിന്, മുമ്പത്തെപ്പോലെ തന്നെ തികഞ്ഞ നിസ്സംഗതയിലൂടെ പ്രതികരിച്ച് ഉലമാക്കൾ നടത്തിയ ഹുദൂദ് നിയമങ്ങളുടെ ദുർവ്യാഖ്യാനത്തിന് വശംവദനായിപ്പോയതിൽ സ്വന്തം നാട്ടുകാരിൽ നിന്നു തന്നെയുള്ള ബുദ്ധിജീവികളുടെയും ശാസ്ത്രകാരന്മാരുടെയും വിമർശനത്തെ അതിജീവിക്കാനുള്ള തീവ്രയജ്ഞത്തിലായിരുന്നു. മുഷറഫും പാക് രാഷ്ട്രീയചിത്രങ്ങളും ഇതിനിടയിൽ ചരിത്രത്തിന്റെ ചവറ്റുകൊട്ടകളിലേക്ക് വലിച്ചെറിയപ്പെട്ടു. ആസിഫ് അലി സർദാരിയുടെ പുതിയ തന്ത്രങ്ങൾക്കൊന്നും വിലകൽപ്പിക്കാത്ത ഒരു കൂട്ടം ബുദ്ധിജീവികൾ ഇന്നും ഈ ഭ്രഷ്ടിനെതിരെ തങ്ങളാലാവുംവിധം പ്രതികരിക്കുന്നുണ്ട്...

1996 നവംബർ 21നായിരുന്നു ഡോ. അബ്ദുസ്സലാം തന്റെ എഴുപതാമത്തെ വയസ്സിൽ അന്തരിച്ചത്. പാകിസ്താൻ പൗരത്വം ഒരിക്കലും ഉപേക്ഷിക്കാതെ വളരെ വർഷങ്ങളോളം വിദേശ രാഷ്ട്രങ്ങളിൽ ഗവേഷണങ്ങളുമായി ജീവിതം നയിച്ച അദ്ദേഹത്തിന് 1979 ലാണ് നൊബേൽ സമ്മാനം ലഭിച്ചത്. അടിസ്ഥാന കണങ്ങൾക്കിടയിലുള്ള ബലത്തിന്റെ വിനിയമത്തെക്കുറിച്ചുള്ള കണ്ടെത്തലുകൾക്കാണ് അദ്ദേഹത്തിന് സ്വീഡിഷ് കമ്മറ്റി പുരസ്ക്കാരം നൽകി ആദരിച്ചത്. അതായത് വിദ്യുത്കാന്തിക ബലവും ദുർബല അണുകേന്ദ്രബലവും തമ്മിലുള്ള ഏകീകരണമാണ് അദ്ദേഹം തെളിയിച്ചത്. ഗണിതശാസ്ത്രവുമായി ഈ തിയറിക്ക് അഭേദ്യബന്ധമുണ്ട് എന്നത് ഇതിനെ കൂടുതൽ സങ്കീർണമാക്കുന്നു. അബ്ദുസ്സലാമിനു ശേഷം വളരെ കുറച്ചു ശാസ്ത്രകാരന്മാർ മാത്രമേ ഈ മേഖലയിൽ പ്രവർത്തിച്ചിട്ടുമുള്ളൂ എന്നത് കൂടി മേൽപ്പറഞ്ഞ വസ്തുതകളുമായി കൂട്ടി വായിക്കു

മ്പോൾ അദ്ദേഹത്തിന്റെ പ്രസക്തിയുടെ യഥാർഥ രൂപം നമുക്ക് ബോധ്യമാകും.

1954ലാണ് പാകിസ്താന്റെ ഈ ബുദ്ധിവിസ്മയം സ്വന്തം രാഷ്ട്രം ഉപേക്ഷിച്ച് ഇംഗ്ലണ്ടിലെത്തുന്നത്. അതിന് കാരണമോ? താൻ താലോലിച്ചിരുന്ന വിശ്വാസാദർശങ്ങളോട് നീതി പുലർത്തിയതും! അഹ്മദിയ്യാ പ്രസ്ഥാനത്തിൽ പെട്ടതിനാൽ അദ്ദേഹത്തിന് പലായനം ചെയ്യേണ്ടി വന്നു: ഹുദൂദ് നിയമപ്രകാരം ഈ പ്രസ്ഥാനത്തിന് ഇസ്‌ലാമികത അവകാശപ്പെടാൻ സാധ്യമല്ല എന്ന ഉലമാക്കളുടെ ഫത്‌വ അത്യാന്താധുനികമെന്ന് സ്വയം വിശേഷിപ്പിക്കുന്ന തങ്ങളുടെ രാഷ്ട്രതന്ത്രജ്ഞതയ്ക്ക് ഒരു മാറ്റായി കൂട്ടിച്ചേർത്തുകൊണ്ട് തന്നെ പാക് ഭരണകൂടം ഇന്നും കൊണ്ട് നടക്കുന്നു!

ആരാണ് യഥാർഥ മുസ്‌ലിം എന്ന ചോദ്യത്തിന് ഉത്തരമന്വേഷിക്കാൻ പുറപ്പെട്ടാൽ പള്ളികളിലിരുന്ന് ഇസ്‌ലാം പ്രസംഗിക്കുന്നവരടക്കമുള്ള പലർക്കും സാധാരണക്കാരായ വിശ്വാസികൾ കല്ലെറിഞ്ഞ് കൊല്ലലെന്ന ഹുദൂദ് ശിക്ഷ തന്നെ വിധിക്കേണ്ടിവരുമെന്നതിനാൽ അതിലേക്ക് പോകുന്നില്ല. സുൾഫിക്കർ അലി ഭൂട്ടോയുടെയും സിയാ-ഉൾ-ഹഖിന്റെയും ഏകാധിപത്യപരമായ ഭരണസംവിധാനങ്ങൾക്കിടയിൽ ഉലമാക്കൾ ഉറഞ്ഞു തുള്ളിയപ്പോൾ ഒരുപാട് ഹുദൂദ് നിയമങ്ങൾ പാകിസ്താനിലെ ഇസ്‌ലാമിക ശരീഅത്തിൽ കടന്നുകൂടി എന്നത് ഏതൊരു ചരിത്രകാരനും സ്ഫടിക തുല്യമായ വ്യക്തതയോടെ കണ്ടറിയാൻ കഴിയുന്നതാണ്.

കേംബ്രിഡ്ജ് സർവകലാശാലയിലെ ഭൗതികശാസ്ത്ര വിഭാഗം ലക്ചററായി ഔദ്യോഗികജീവിതം തുടങ്ങാൻ, പക്ഷേ, അബ്ദുസ്സലാമിന് തന്റെ പലായനം കൊണ്ട് ഭാഗ്യം ലഭിച്ചു. ഗവേഷണങ്ങൾക്കിടയിലും അദ്ദേഹം നിരന്തരം തന്റെ വിശ്വാസാദർശങ്ങളോടും അതിന്റെ ന്യൂനപക്ഷം വരുന്ന വക്താക്കളോടും തന്റെ മാതൃരാജ്യ ഭരണകൂടം കാണിക്കുന്ന ക്രൂരമായ മർദനങ്ങൾ ക്കും പീഢനങ്ങൾക്കുമെതിരെ അപേക്ഷയുടെ സ്വരത്തിൽ സംവദിച്ചു കൊണ്ടേയിരുന്നു. ഏറ്റവുമൊടുവിൽ താൻ മരിച്ചാൽ തന്നെ പാകിസ്താനിലെ അഹ്മദിയ്യാകേന്ദ്രമായ റബ്‌വയിൽ അടക്കം ചെയ്യണം എന്ന ആഗ്രഹവും പ്രകടിപ്പിച്ചു. ആ ആഗ്രഹം പലതരം സമ്മർദങ്ങൾക്കും വഴങ്ങിയ ശേഷമാണ് ഗവൺമെന്റ് പൂർത്തീകരിച്ചത്.

പാക് ഹുദൂദ് നിയമപ്രകാരം അബ്ദുസ്സലാമിന് അവകാശപ്പെടാൻ പാടില്ലായിരുന്നു. കാരണം ഹുദൂദ് നിയമപ്രകാരം അഹ്മദികൾ മുസ്‌ലിംകളല്ല. ഇതിനിടയിൽ നൊബേൽ സമ്മാനം നേടുന്ന ആദ്യ മുസ്‌ലിം എന്ന സ്ഥാനം പാകിസ്താൻ ആറ്റോമിക എനർജി കമ്മീഷനെ സ്ഥാപിക്കുന്നതിൽ മുൻകൈയെടുക്കുകയും പാക് പ്രസിഡന്റിന്റെ ഔദ്യോഗിക ശാസ്ത്ര ഉപദേഷ്ടാവ് എന്ന രീതിയിൽ കുറച്ച് കാലം പ്രവർത്തിച്ചതടക്കമുള്ള പലതും അഹ്മദിയ്യാ പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നു എന്ന ഒറ്റക്കാരണത്താൽ സർക്കാർ മറന്നുകളഞ്ഞിരുന്നു. 'അബ്ദുസ്സലാം - ദ് ഫസ്റ്റ് മുസ്‌ലിം നൊബേൽ ലോറേറ്റ്' എന്ന കബറിടത്തിൽ കൊത്തിവെച്ച വാക്കുകൾ വരെ ഒടുവിൽ ഉലമാക്കളുടെ നേതൃത്വത്തിലുള്ളവർ മാറ്റിയെഴുതി 'മുസ്‌ലിം' എന്ന വാക്ക് മായ്ച്ചുകളഞ്ഞുകൊണ്ട്! ആ വാക്കില്ലാതെ ബാക്കിവരുന്ന വാചകം ഉണ്ടാക്കുന്ന അർഥശൂന്യതയെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ!

"ഇത് മുഴുവനും രാഷ്ട്രീയമാണ്, മിസ്റ്റർ സലാം, എനിക്കൊരൽപ്പം സമയം തരൂ, ഞാൻ തന്നെ ശരിപ്പെടുത്തിത്തരാം ഈ ദുരവസ്ഥ" - പ്രധാനമന്ത്രിയായിരിക്കെ തന്നെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ച് അബ്ദുസ്സലാമിന് ബേനസീർ ഭൂട്ടോ നൽകിയ മറുപടിയായിരുന്നു ഇത്. പക്ഷേ തന്റെ രാഷ്ട്രീയ ജീവിതത്തിന് പോറലേൽക്കരുതെന്ന് ആഗ്രഹിച്ച ബേനസീർ ഒടുവിൽ അവരുടെ വാക്ക് പാലിച്ചില്ല എന്നു മാത്രമല്ല, പറഞ്ഞുറപ്പിച്ച അഭിമുഖം അവസാന നിമിഷത്തിൽ റദ്ദാക്കുകയും ചെയ്തു.

ഇസ്‌ലാമിക ജീവിതരീതിയിൽ, ആധുനിക ശാസ്ത്രത്തോട് അബദ്ധവശാൽ വന്നുചേർന്ന മുൻവിധികളെ തുടച്ചുമാറ്റുകയും മുസ്‌ലിം രാഷ്ട്രങ്ങളിൽ ശാസ്ത്രമേഖലയിലും വിദ്യാഭ്യാസത്തിലും കൂടുതൽ നിക്ഷേപങ്ങൾ നടത്തി അറിവ് നേടാൻ ഏതറ്റം വരെയും പോകണമെന്ന പ്രവാചക തിരുമേനിയുടെ ആഹ്വാനത്തെ ശിരസ്സാവഹിക്കുകയും ചെയ്ത തന്റെ ജീവിത ദൗത്യത്തോട് ഇസ്‌ലാമികമെന്ന് കൊട്ടിഘോഷിക്കുന്ന തന്റെ ഭരണകൂടം മോശമായ രീതിയിൽ പ്രതികരിച്ചതിൽ ഏറെ മനംനൊന്ത ശേഷമാണ് അബ്ദുസ്സലാം കാലയവനികയ്ക്കപ്പുറത്തേക്ക് മറഞ്ഞത്. മുസ്‌ലിം രാഷ്ട്രങ്ങൾ മുഴുവനും ചേർന്ന് ഒരു 'ഇസ്‌ലാമിക് സയൻസ് ഫൗണ്ടേഷൻ' രൂപവൽക്കരിക്കണം എന്ന് പലവുരു ആവർത്തിച്ച ഇദ്ദേഹത്തിന്റെ രോദനം ഉലമാക്കളുടെ ഇടപെടലുകൾ കാരണം ഇന്നും വെറുമൊരു സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു.

നൊബേൽ സമ്മാനം ലഭിച്ച ശേഷം അദ്ദേഹം നടത്തിയ ലോകരാഷ്ട്രങ്ങളുടെ തലസ്ഥാനങ്ങളിലേക്കുള്ള യാത്രയ്ക്കിടെ, ലിബിയയിലെത്തിയപ്പോൾ കേണൽ ഗദ്ദാഫി, തന്റെ രാഷ്ട്രത്തിനുവേണ്ടി അണുബോംബുണ്ടാക്കിത്തരുമോ എന്ന് ചോദിച്ചപ്പോൾ, താൻ അത്തരത്തിലുള്ള ഒരു ശാസ്ത്രജ്ഞനല്ല എന്നായിരുന്നു അബ്ദുസ്സലാം കൊടുത്ത മറുപടി. വിഭജനത്തിനു മുമ്പുള്ള ഇന്ത്യയിലെ തന്റെ പ്രൈമറി വിദ്യാഭ്യാസം നടത്തിയ അധ്യാപകരെക്കാണാൻ വളരെ ആവേശത്തോടെ നമ്മുടെ ഗവൺമെന്റ് സന്ദർശനത്തിനിടെ സൗകര്യം ചെയ്തുകൊടുത്തത് അദ്ദേഹം എന്നും എടുത്തുപറയാറുണ്ടായിരുന്നു. എന്നാൽ, പുരസ്ക്കാരലബ്ധിക്ക് ശേഷം മാതൃരാജ്യത്ത് സന്ദർശകനായി എത്തിയപ്പോൾ പ്രഭാഷണങ്ങളിൽ ഒരിടത്തും ഇസ്‌ലാമിക പരാമർശങ്ങൾ നടത്തരുതെന്ന് മുന്നറിയിപ്പ് നൽകി പാകിസ്താൻ!

നേരെ മറിച്ച്, സ്വന്തം രാഷ്ട്രത്തിലെ ആണവരഹസ്യങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ചോർത്തിക്കൊടുത്ത് പിറന്ന നാടിനെ അപമാനത്തിന്റെ കൂപ്പുകുത്തലിലേക്ക് കൈപിടിച്ച് ആനയിച്ച ഡോ. എ.ക്യു. ഖാൻ പാകിസ്താനികൾക്കിടയിലെ ആരാധ്യപരിവേഷത്തിലേക്ക് ഉയർത്തപ്പെട്ടത് ഒരു രാഷ്ട്രത്തിന് അത് അർഹിക്കുന്ന ഭരണകൂടത്തെ മാത്രമേ ലഭിക്കുന്നുള്ളൂ എന്ന യാഥാർഥ്യത്തെ ഉദ്ഘോഷിക്കുന്നു.

പാകിസ്താൻ ഉപേക്ഷിച്ച അബ്ദുസ്സലാം എന്ന ശാസ്ത്രപ്രതിഭയ്ക്ക് ഇന്ത്യയടക്കമുള്ള മറ്റ് രാഷ്ട്രങ്ങളിൽ ജനസമ്മിതി കൂടിവരികയാണ്. സ്വന്തം രാജ്യത്തിന്റെ പാഠപുസ്തകങ്ങളിൽ പേര് പരാമർശിക്കപ്പെടാതെ പോയ ഈ പ്രതിഭാശാലിയുടെ അതിസങ്കീർണമായ പഠനങ്ങളുടെ തുടർച്ചയായുള്ള ഗവേഷണങ്ങൾ നമ്മുടെ കൊച്ചു കേരളത്തിലുള്ള ഗണിതശാസ്ത്രവിദ്യാർഥികൾക്കിടയിലടക്കം നടക്കുന്നു എന്നത് ശുഭപ്രതീക്ഷയ്ക്ക് വകനൽകുന്നു.

"നിങ്ങൾ സയ്യിദിയോ, സുന്നിയോ, ശിയായോ ആയിക്കോളൂ; പക്ഷേ, നിങ്ങളെന്നാണ് യഥാർഥ മുസൽമാന്മാരാകുന്നത്?" എന്ന പ്രശസ്ത കവി മുഹമ്മദ് ഇഖ്ബാലിന്റെ കവിതാശകലം ഇവിടെ വീണ്ടും പ്രസക്തമാകുകയാണ്.



# യേശു:

## മിഥ്യാവാദങ്ങൾ ഖണ്ഡിക്കപ്പെടുന്നു

എ. ആർ മലബാരി

ദൈവപ്രേഷിതനായ മഹാനായ ഒരു പ്രവാചകനാണ് യേശു. ബൈബിൾ വരച്ചു കാണിക്കുന്ന യേശുവിന്റെ ചരിത്രം അവ്യക്തതകളും സന്ദിഗ്ദ്ധകളും നിറഞ്ഞതാണ്. A Man That Is Called Jesus എന്ന പുസ്തകത്തിൽ നിന്നെടുത്തതാണീ ലേഖനം

യേശു ബത്‌ലഹേമിലാണ് ജനിച്ചതെന്നും മുപ്പത്തിമൂന്നാം വയസ്സിൽ അദ്ദേഹം ക്രൂശിതനായെന്നും ക്രിസ്തീയലോകം മുഴുവൻ പഠിപ്പിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്യുന്നു, എന്നാൽ ഈ രണ്ട് വസ്തുതകളും തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരിക്കയാണ്. യേശുവിന്റെ ജനനം നടന്നത് ബെത്‌ലഹേമിലല്ല മറിച്ച് നസറേത്തിലാണെന്നാണ് സമുന്നതരായ ആധികാരിക സഭാപണ്ഡിതന്മാരടക്കം ഇപ്പോൾ സമ്മതിച്ചിരിക്കുന്നത്. സന്നിദ്രം സംഘത്തിനും (യഹൂദ ന്യായാധിപസഭ) പോണ്ടിയാസ് പീലാത്തോസിനും മുമ്പാകെ യേശു വിചാരണക്കായി ഹാജരാക്കപ്പെട്ടത് മുപ്പത്തിമൂന്നാം വയസ്സിലാണ് എന്നതിനേക്കാൾ നാൽപ്പതിനോടടുപ്പിച്ച പ്രായത്തിലായിരിക്കാനാണ് കൂടുതൽ സാധ്യത. യേശുവിന്റെ ജനനസമയത്തേയും സ്ഥലത്തേയും സംബന്ധിച്ചു ള്ള ഈ വസ്തുതാപരമായ പിഴവുകൾ എങ്ങിനെ ഉദ്ഭവിച്ചുവെന്നും പിന്നീട് എങ്ങനെ അതിന് സാർവത്രികാംഗീകാരം ലഭിച്ചുവെന്നതും കൗതുകകരമായ വസ്തുതകളാണ്. ഈ പിഴവുകൾ ആകസ്മികമായി സംഭവിച്ചതല്ല. അല്ലെങ്കിൽ പിന്നെ അവബോധ പൂർവമോ കരുതിക്കൂട്ടിയോ സൃഷ്ടിച്ചതാകണം. എങ്കിൽ അത് എന്ത്കൊണ്ട് സംഭവിച്ചു. ഏതായാലും യേശുവിനെ സംബന്ധിച്ച സത്യസന്ധമായ അന്വേഷണങ്ങൾ അദ്ദേഹത്തിന്റെ യഥാർഥ ജീവിതത്തേയും സ്വഭാവത്തേയും ബാധിക്കില്ല. യേശുവിന്റെ യഥാർഥമഹത്ത്വം അദ്ദേഹത്തിന്റെ ജനനസമയത്തിലോ ജനനസ്ഥാനത്തിലോ അല്ല നിലകൊള്ളുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

**മിഥ്യാവാദങ്ങൾ ഖണ്ഡിക്കപ്പെടുന്നു**

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല ക്രിസ്തീയ വേദപുസ്തകത്തിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്നത്. യേശുവിന്റെ ജനന സംബന്ധിയായി സുവിശേഷകാരന്മാരുടെ തിരുവെഴുത്തുകളിൽ പ്രതിപാദിക്കപ്പെട്ട എല്ലാ സാഹചര്യ തെളിവുകളും സംശയഗ്രസ്തമാണ്. ഒരു നിശ്ചിത സ്ഥലത്തും സമയത്തും നടന്ന ഒരു സംഭവം പിന്നീട് അതേ സ്ഥലത്തും സമയത്തുമല്ല നടന്നത് എന്ന് തെളിയിക്കപ്പെടുമ്പോൾ അത് സംബന്ധമായി പറയപ്പെട്ട എല്ലാകാര്യങ്ങളെ കുറിച്ചും നാം സന്ദേഹിക്കുക എന്നത് തികച്ചും സ്വാഭാവികമാണ്. പ്രത്യേകിച്ച് ആ സംഭവത്തെക്കുറിച്ച് ബാഹ്യമായും സ്വതന്ത്രമായും മറ്റു യാതൊരു തെളിവുമില്ലെന്നിരിക്കെ അങ്ങനെ ചിന്തിക്കുന്നതിൽ സാംഗത്യവുമുണ്ട്. ജനനത്തിനു ശേഷം താനൊരു റോമൻ പ്രജയാണെന്നു രേഖപ്പെടുത്താൻ പൂർണ ഗർഭിണിയായ അവസ്ഥയിൽ നസറേത്തിൽ നിന്നും തൊണ്ണൂറു കിലോമീറ്റർ അകലെയുള്ള ബത്‌ലഹേമിലേക്ക് മറിയം അതിദുഷ്ക്കരമായ യാത്ര നടത്തുന്നു1 പിന്നീട് പൊതു സത്രത്തോട് ചേർന്നുള്ള കാലിത്തൊഴുത്തിൽ യേശുവിന്റെ തിരുപ്പിറവി നടക്കുന്നു.2 തുടർന്ന് വിദൂര നക്ഷത്രത്താൽ മാർഗദർശനംചെയ്യപ്പെട്ട കിഴക്ക് നിന്നുള്ള ജ്ഞാനികളുടെ ആഗമനം. അതിന് ശേഷം നവജാത ശിശുവിന് അവരുടെ വിലപിടിപ്പുള്ള തിരുമുൽക്കാഴ്ച്ചയുടെ സമർപ്പണം.3 ഹെറെദോ രാജാവിന്റെ ശിശുഹത്യ4 തുടർന്ന് ഉണ്ണിയേശുവിനേയും എടുത്തുകൊണ്ടുള്ള മറിയയുടെയും ജോസഫിന്റെയും ഈജിപ്തിലേക്കുള്ള പലായനം.5 ഇവയെല്ലാം തന്നെ പലസ്തീൻ ചരിത്രത്തിലെ സത്യസന്ധമായ വസ്തുതയേക്കാൾ സുവിശേഷകാരന്മാരുടെ ചമത്കാരപൂർണമായ കൽപ്പിത കഥകളാണെന്ന് ബൈബിൾ വിമർശകന്മാർ പറയുന്നു. സുവിശേഷങ്ങൾ വരച്ചുകാട്ടുന്ന യേശുവിന്റെ ജീവചരിതത്തിൽ ഓരോ ദിവസം കഴിയുന്തോറും ഭാവനാകൽപ്പിതങ്ങളായ കഥകൾ കൊണ്ട് ആ ജീവിതം ആവരണം ചെയ്യപ്പെടുന്നതായി നാം കാണുന്നു. സാമാന്യ ബുദ്ധിയുടെ വീക്ഷണകോണിൽ നോക്കുകയാണെങ്കിൽ സുവിശേഷങ്ങളിലെ യേശുവിന്റെ ജീവിതത്തിന്റെ അവസാനകാലത്തെ വിവരണങ്ങൾ അദ്ദേഹത്തിന്റെ ജനനകഥയേക്കാൾ അവിശ്വസനീയമായിത്തീരുന്നു. ഇതിന്റെ ഫലമായി പതിനെട്ടാം നൂറ്റാണ്ടിൽ ആവിർഭവിച്ച ഒരു ചിന്താസരണിക്കു മുമ്പിൽ സുവിശേഷങ്ങൾ വരച്ചുകാട്ടിയ യേശുവിന്റെ ജീവിതം അങ്ങേയറ്റം വിചിത്രവും അസംഭവ്യവുമായി മാറി. അവരാകട്ടെ യേശുവിന്റെ ചരിത്രപരമായ അസ്തിത്വത്തെ പൂർണമായും നിഷേധിക്കുന്നവരുമായിരുന്നു. ബ്രൂണോ ബോവർ ( Bruno Bauer ) ആൽബർട്ട് കാൽത്തോഫv( Albert Kalthoff) ആർതർ ഡ്രൂസ്(Arther Drews) എന്നീ പ്രശസ്തരായ ചിന്തകന്മാരും പണ്ഡിതന്മാരും ആ ചിന്താസരണിയിൽ പെട്ടവരായിരുന്നു. ബർട്രണ്ട് റസ്സൽ (Betrand Russell) പോലും

'ചരിത്രപരമായി യേശു ജീവിച്ചിരുന്നിട്ടുണ്ടോ എന്നകാര്യം തികച്ചും സംശയാസ്പദമാണ്'6 എന്നാണ് അഭിപ്രായപ്പെട്ടത്.

യേശുവിന്റെ ചരിത്രപരമായ അസ്തിത്വത്തിനെതിരെയുള്ള സംശയം ഗൗരവതരമായ രീതിയിൽ ആദ്യമായി പ്രകടിപ്പിക്കുന്നത് ഇരുനൂറു വർഷങ്ങൾക്കു മുമ്പു മാത്രമാണ് എന്ന വസ്തുത ശ്രദ്ധേയമാണ്. അതിന് മുമ്പുള്ള സുദീർഘമായ പതിനെട്ടു നൂറ്റാണ്ടു കാലം സ്തോഭജനകമായ ഈ സത്യത്തെക്കുറിച്ച് അത്തരമൊരു വെളിപ്പെടുത്തൽ ആധികാരിക സ്ഥാനങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല. യേശുവിൽ വിശ്വസിച്ചിരുന്നവരുടെ നിലപാടിനെ ഈ വെളിപ്പെടുത്തൽ അതീവ ദുർബലമാക്കി. സത്യത്തിന് എപ്പോഴെങ്കിലും അതിന്റെ സാധുത തെളിവുകളുടെ അപര്യാപ്തത മൂലം കൈമോശം വന്നുപോയിട്ടുണ്ടെങ്കിൽ ഇവിടെ യേശുവിന്റെ കാര്യത്തിൽ സംഭവിച്ചത് അതായിരുന്നു. യേശുവിന്റെ ജീവിതത്തെ കുറിച്ച് ബൈബിൾ പുതിയ നിയമത്തിനും ക്രിസ്തീയ മത സാഹിത്യങ്ങൾക്കും പുറത്തുനിന്നുള്ള തെളിവുകൾ നന്നെ കുറഞ്ഞിട്ടും ചരിത്രത്തിൽ മറ്റേതൊരു വ്യക്തിയേക്കാളും ലോക ജനതയുടെ വലിയൊരു വിഭാഗത്തെ അദ്ദേഹത്തിന്റെ ജീവിതത്തിന് ആകർഷിക്കാൻ കഴിഞ്ഞു എന്നത് വാസ്തവത്തിൽ വിസ്മയകരമാണ്. യേശുവിന്റെ ജീവിതത്തെക്കുറിച്ച് സുപ്രധാനമായ ബാഹ്യതെളിവുകളുടെ ദൗർലഭ്യത്തിന് കാരണം ക്രിസ്തു സഭയുടെ നശീകരണ പ്രവണതയാണ്. ഒരിക്കൽ ദൈവമായി അവരോധിക്കപ്പെട്ട യേശുവിന്റെ ലൗകിക ജീവിതത്തെ സംബന്ധിച്ചുള്ള സകല തെളിവുകളും നശിപ്പിക്കുന്നതിൽ അവർ വളരെയേറെ വിജയിക്കുകയുണ്ടായി. യേശുവിൽ അരോപിക്കപെട്ട ഈ ദൈവികതയെക്കുറിച്ചുള്ള വിയോജിപ്പുകൾക്കെതിരെ അപകീർത്തികരം എന്ന് പറഞ്ഞ് സഭ ഇപ്പോഴും തുടരുന്ന നയം വേദനാജനകമായ ഒരു സത്യമാണ്. അപ്റ്റൺ സിങ്ക്ളയർ (Upton Sinclair ) പറയുന്നു: 'എല്ലാ പൗരാണിക കഥാപാത്രങ്ങളിലും സംഭവിച്ചത് പോലെ ഇതിഹാസ നിർമാതാക്കൾ അദ്ദേഹത്തിൽ ഒരിക്കൽ പ്രവർത്തനമാരംഭിച്ചു. അദ്ദേഹത്തിന്റെ ചരിത്ര രേഖകളിൽ വ്യാജ ചരിത്ര നിർമാതാക്കൾ സാത്വികതയോടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. വിഭാഗീയ വാദക്കാർ അദ്ദേഹത്തെ പങ്കിട്ടെടുത്തു. അന്ധവിശ്വാസികളും അധികാരമോഹികളും അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി അദ്ദേഹത്തെ ഉപയോഗിച്ചു. പതിനെട്ടു നൂറ്റാണ്ടുകളായി ഈ തീവ്രയത്നം തുടരുകയായിരുന്നു. അതൊരു ആഗോള ശ്രമമായിരുന്നു. മാനവരാശിയുടെ ഭാഗധേയം ആ ശ്രമവുമായി ബന്ധിതവുമായിരുന്നു.7

എന്തായിരുന്നാലും കഴിഞ്ഞ രണ്ടായിരം വർഷത്തെ യഹൂദ ചരിത്രം നൽകുന്ന തെളിവുകൾ യേശു വെറുമൊരു ഇതിഹാസ പുരുഷൻ മാത്രമായിരുന്നുവെന്ന വീക്ഷണത്തിനെതിരായിരുന്നു. യേശു എന്ന ചരിത്ര പുരുഷൻ നിലനിന്നിരുന്നു എന്ന് മാത്രമല്ല അദ്ദേഹം യഹൂദികളുടെ മതപരവും രാഷ്ട്രീയവുമായ ഐക്യദാർഢ്യത്തിന് അപരിഹാര്യമായ ആഘാത മേൽപ്പിക്കുകയുമുണ്ടായി എന്ന നിലപാടുകാരുമായിരുന്നു യഹൂദർ. യേശു തീർച്ചയായും അവരിൽപ്പെട്ട ഒരാളായിരുന്നു. അത് കൊണ്ട് മറ്റേതൊരു ജനത യേക്കാളും യഹൂദികൾ യേശുവിനെ സംബന്ധിച്ചു പറഞ്ഞ കാര്യങ്ങൾ വിശ്വാസയോഗ്യമാണ്. അദ്ദേഹം കൽപ്പിതമായ ഒരു ഇതിഹാസ കഥാപാത്ര മായിരുന്നുവെങ്കിൽ യഹൂദികൾ ആ സത്യം ഉച്ചത്തിൽ വിളിച്ചു പറയുമായിരുന്നു. കഴിഞ്ഞ എത്രയോ നൂറ്റാണ്ടുകളായി തികച്ചും സാങ്കൽപ്പികമായ ഒരു കഥാപാത്രത്തിനെതിരെയായിരുന്നു യഹൂദന്മാർ തങ്ങളുടെ ധിഷണാ വൈഭവവും പ്രായോഗിക ബുദ്ധിയും കൊണ്ട് പല്ലും നഖവുമുപയോഗിച്ച് പോരാടിയത് എന്ന് പറയുന്നത് ഒരു അസംബന്ധം മാത്രമാണ്. പക്ഷേ യേശുവിന്റെ സ്വഭാവത്തെയും വ്യക്തിത്വത്തേയും കുറിച്ച് യഹൂദികൾ പ്രകടിപ്പിച്ച അഭിപ്രായം ഞങ്ങളെ ഏതെങ്കിലും വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് ധരിക്കരുത്. യഹൂദികൾ എപ്പോഴും യേശുവിനെതിരെ ശമനം വരാത്ത ശത്രുതയിലായിരുന്നു. യേശുവിനെപറ്റിയുള്ള അവരുടെ ധാർമികവും മതപരവുമായ വിലയിരുത്തലുകൾ പക്ഷപാതിത്വപരവും അവിശ്വസനീയവുമായിരുന്നു. പക്ഷേ യേശു എന്ന വ്യക്തി ജീവിച്ചിരുന്നുവോ എന്ന തർക്കത്തിൽ യഹൂദികളുടെ പരാമർശങ്ങൾ ഒരു തെളിവായി ഞങ്ങൾ എടുക്കുന്നു എന്നുമാത്രം.

യേശുവിന്റെ ചരിത്രപരമായ അസ്തിത്വത്തെ സംബന്ധിച്ച ചർച്ച ഇപ്പോഴും പണ്ഡിതന്മാർക്കിടയിൽ മാത്രം ഒതുങ്ങുന്ന ഒരു ധൈഷണിക സംവാദമാണ്. ഇത് ഒരുകാര്യം വ്യക്തമാക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് നാം നടത്തുന്ന വിപുലമായ ചർച്ചകൾ ആധാരമാക്കുന്ന തെളിവുകളെല്ലാം സുവിശേഷങ്ങളിൽ നിന്നുള്ളതാണ്. അവയൊന്നും തന്നെ യേശുവിനെസംബന്ധിച്ച വാദമുഖങ്ങൾക്ക് സമർഥങ്ങളോ സുസമ്മതങ്ങളോ അല്ല. ബുദ്ധിപരമായി അവ സാംഗത്യമുള്ളതുമല്ല. വാസ്തവത്തിൽ തെളിവുകളെല്ലാം നിരാശാജനകമാം വിധം അപര്യാപ്തങ്ങളാണ്. ദൈവത്തിന്റെ പുത്രനാണെന്ന് കരുതി ക്രിസ്ത്യാനികൾ ആരാധിക്കുന്ന യേശുവിനെ ഗർഭം ധരിച്ചതിനും പ്രസവിച്ചതിനും കന്യാമറിയത്തേക്കാൾ സാധ്യത മഗ്ദലനമറിയത്തിനാണെന്ന് ആരെങ്കിലും വാദിച്ചാൽ സുവിശേഷത്തെ മാത്രം ആധാരമാക്കി അവരുടെ പിഴവുകൾ ചൂണ്ടിക്കാട്ടാൻ സാധ്യമല്ല. ബൈബിളിലെ തെളിവിന്റെ അഭാവത്തെ പറ്റി അറിയാവുന്ന ബ്രൂണോ ബോവറിനും സമാന ചിന്താഗതിക്കാരുടേയും യേശുവിനെസംബന്ധിച്ച ചരിത്ര നിഷേധത്തിൽ അദ്ഭുതമില്ല. ക്രിസ്തുവും അദ്ദേഹത്തിന്റെ അനുചരന്മാരും ഇഹലോകം വിട്ടുപോയ അതേ വേഗതയിൽ ഹിബ്രു ഭൂമികയിൽ കിളിർത്തുവന്ന ക്രിസ്തുമതത്തെ ഗ്രീക്ക് റോമൻ മിത്തോളജിയിലേക്ക് പറിച്ചു നട്ടതിനെപറ്റിയും അവർക്കറിയാമായിരുന്നു.

> ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് (അവന്റെ സ്ഥാനത്തിന്) യോജിച്ചതല്ല. അവൻ പരിശുദ്ധനാണ്. ഏതെങ്കിലും ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ 'ഉണ്ടാവുക' എന്നവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു.(എന്നിരിക്കെ അവന് സന്താനങ്ങളുടെ ആവശ്യമെന്ത?)
>
> (വിശുദ്ധഖുർആൻ 19:36)

## സഫലമായ ആശയ പ്രചാരണം
# ഖുർആനിലെ മാതൃക



**മതപ്രചരണത്തിൽ ഔചിത്യവും വിവേകവും യുക്തി ദീക്ഷയും പ്രധാന ഘടകങ്ങളാണ്. സംഘർഷങ്ങളല്ല സത്യത്തിന്റെ പ്രസരണമാണ് പ്രചരണത്തിലൂടെ സംഭവിക്കേണ്ടത്**

**മുഹമ്മദ് നജീബ് ഖാൻ**

**ഭൂ**മി ഉണങ്ങി വരണ്ടു പോവുകയും തന്മൂലം സസ്യലതാദികൾക്കും ജീവജാലങ്ങൾക്കും നിലനിൽക്കാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ, ഭൂമിയെയും അതിലെ സർവ വസ്തുക്കളെയും ഹരിതാഭമായി നിലനിർത്തുന്നതിനു വേണ്ടി പ്രപഞ്ചനിയന്താവ് ആകാശത്ത് നിന്ന് ജീവജലം ഇറക്കുന്നു. ഈ പ്രതിഭാസം അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ഒരു പ്രാപഞ്ചിക നിയമമാണ്. ഈ പ്രകൃതി നിയമത്തിനു മാറ്റം സംഭവിക്കുകയെന്നത് അസാധ്യമായ കാര്യമാകുന്നു. അല്ലാഹു പറയുന്നു: ലാ തബ്ദീല ലി സുന്നത്തില്ലാഹി. അതായത്, നിങ്ങൾ അവന്റെ നടപടി ക്രമത്തിനു യാതൊരു വ്യത്യാസവും കാണുകയില്ല. ഭൗതീക ലോകത്തെ ഈ നടപടിക്രമം തന്നെയാണ് ആത്മീയ ലോകത്ത് ജനങ്ങളെ സമുദ്ധരിക്കുന്നതിനു വേണ്ടി ഉദാഹരണമായി അല്ലാഹു വിശുദ്ധ ഖുർആനിൽ എടുത്തു പറഞ്ഞിട്ടുള്ളത്. അതായത് മനുഷ്യൻ ധാർമികമായും, സാംസ്കാരികമായും, ആത്മീയമായും അധ:പതിക്കുമ്പോൾ ദൈവീക സവിധത്തിൽ നിന്ന് ഏതെങ്കിലും ഒരു വരിഷ്ഠദാസൻ അവതരിച്ചു കൊണ്ട് ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽപന്ഥാവിൽ നയിക്കുകയും, അങ്ങനെലോകത്ത് ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ പ്രഘോഷിക്കുന്ന ഒരു ആത്മീയ പ്രാപഞ്ചിക പ്രതിഭാസമാണ്. ഹദ്റത്ത് ആദം നബി (അ) മുതൽ ഇങ്ങോട്ട് ഏകദേശം ഒന്നേകാൽ ലക്ഷം പ്രവാചകന്മാർ ഭൂമിയിൽ പ്രകടമായിട്ടുള്ളത് ഈ ഒരു ആത്മീയ പ്രാപഞ്ചിക പ്രതിഭാസ നിയമത്തിനനുസൃതമായിട്ടാണ്. പ്രാവചകന്മാർ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളാണ്. അവർ ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്നു.യഥാർഥ ദൈവത്തെപറ്റി ജനങ്ങളെ പ്രബോധിക്കാനാണ് അവർ ദൈവത്താൽ നിയോഗിതരായിരിക്കുന്നത്.ഈ പ്രബോധന കർത്തവ്യം അവർ ദൈവത്തിന്റെ തൃപ്തിക്കും, ആജ്ഞകൾക്കനുസൃതമായും ഭൂമിയിൽ യഥോചിതം നിർവഹിക്കുന്നു. ലോകത്ത് അവതരിച്ച ഒരു പ്രവാചകനും ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനായി ആയുധങ്ങൾ ഉപയോഗിക്കുകയോ, മർദനമുറകൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലയെന്നത് ചരിത്രസത്യമാണ്. അത്തരത്തിലുള്ള ഒരു അദ്ധ്യാപനവും നമുക്ക് മത സാഹിത്യങ്ങളിൽ കാണുവാനും സാധ്യമല്ല. എന്നാൽ പ്രവാചകന്മാരുടെ അനുയായികൾ കാലാന്തരേണ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്ന് അകന്നു പോകുന്നതിന്റെ ഫലമായി സങ്കുചിത മനോഭാവികൾ ആയിതീരുകയും, തങ്ങൾ മാത്രമാണ് യഥാർഥ ദൈവത്തിന്റെ വക്താക്കളെന്ന് അസഹിഷ്ണുതയോടെ പ്രഘോഷിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെ ഓരോ മത വിഭാഗവും ചെയ്യുന്നതിന്റെ ഫലമായി ജനങ്ങൾക്ക് യഥാർഥ സത്യം മനസ്സിലാക്കാനുള്ള കവാടങ്ങൾ അടക്കപ്പെടുന്നു. വർത്തമാന കാലത്ത് വൈജ്ഞാനിക രംഗങ്ങളിൽ മനുഷ്യൻ വിജയം കൈവരിച്ചെങ്കിലും ധാർമികവും ആത്മീയവുമായ അവബോധം ഇല്ലാത്തതിനാൽ മനുഷ്യൻ അധ:പതനത്തിലേക്ക് വഴുതിവീഴുന്നു. മനുഷ്യൻ അല്ലാഹുവിൽ നിന്ന് അകന്നുപോയിരിക്കുന്നു. തത്ഫലമായി എല്ലായിടത്തും അശാന്തിയും അസമാധാനവും പ്രകടമായി കൊണ്ടിരിക്കുന്നു. ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ മനുഷ്യൻ പരസ്പരം കലഹിച്ചു കൊണ്ടിരിക്കുകയാണ്. എവിടെയും മത വിദ്വേഷത്തിന്റേയും മത സ്പർദ്ധയുടെയും കരാള ഹസ്തങ്ങൾ മനുഷ്യജീവിതങ്ങളെ നിഗ്രഹിച്ചു കൊണ്ടിരിക്കുന്ന ഭയാനകമായ കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നത്തെ സമൂഹം പരസ്പരം മത സഹിഷ്ണുതയില്ലാത്ത ഒരു ആൾകൂട്ടമായി മാറിയിരിക്കുകയാണ്. തങ്ങൾക്കെതിരിൽ ഒരു വാക്ക് പോലും കേൾക്കാൻ, അത് അവരുടെ മത പ്രമാണങ്ങൾക്ക് അനുകൂലമാണെങ്കിൽ പോലും കേൾക്കാൻ ഇഷ്ടപെടാത്ത ഒരു മത സാമുഹിക അന്തരീക്ഷം നമുക്ക് ചുറ്റും സംജാതമായികൊണ്ടിരിക്കുകയാണ്. എന്നാൽ ഓരോ മതത്തിന്റെയും വക്താക്കൾ, തങ്ങളുടെ മതാദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ, ദൈവം ഉണ്ടെന്നും അവൻ നമ്മളോട് സംസാരിക്കുന്നുണ്ടെന്നും അനുഭവത്തിലൂടെ യുക്തിക്കും ബുദ്ധിക്കും നിരക്കുന്ന തരത്തിൽ ജനങ്ങളെ ബോധ്യപെടുത്താൻ ബാധ്യസ്ഥരാണ്. അതാണ് യഥാർഥത്തിലുള്ള ദൈവീക വിശ്വാസം. ഇത്തരം അനുഭവത്തിലധിഷ്ഠിതമായ ദൈവീക ജ്ഞാനത്തിന്റെ വക്താക്കളായിരുന്നു പ്രവാചകന്മാർ. അവർ തങ്ങൾക്ക് ലഭിച്ചുക്കൊണ്ടിരുന്ന അഭൗമീക ജ്ഞാനത്തെ സംബന്ധിച്ച് മറ്റു മതസ്ഥരുമായി സംവദിക്കാൻ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. പിന്നെന്തിനാണ് അവരുടെ അനുയായികൾ ഇന്ന് ഭയപ്പെടുന്നത്. സർവ പ്രവാചകന്മാരും ദൈവത്തിന്റെ കാരുണ്യമെന്ന ഗുണത്തെ സ്വായത്തമാക്കിക്കൊണ്ട്, മനുഷ്യകുലത്തെ ദൈവത്തിന്റെ ശാപത്തിൽ നിന്നും ശിക്ഷയിൽ നിന്നും മോചിപ്പിക്കാനും, ദൈവവുമായി ബന്ധിപ്പിച്ചു നിർത്താനും ശ്രമിച്ചവരുമായിരുന്നു. ഈ ഗുണമാണ് തദാനുയായികൾ സ്വായത്തമാക്കേണ്ടത്. ഇസ്‌ലാം വിഭാവനം ചെയ്യുന്ന ആശയ സംവാദവും ഇത്തരം ഗണത്തിൽ ഉൾപെട്ടതാണ്. അംഗബലം വർദ്ധിപ്പിക്കുകയെന്ന ആശയം ഒരിക്കലും ഇസ്‌ലാമിന്റെ അജണ്ടയിൽ ഇല്ല. ജനങ്ങളെ സൃഷ്ടിച്ച സ്രഷ്ടാവിനെ പരിചയപെടുത്തി കൊടുക്കുകയും അവനുമായി അഗാധമായ ഒരു ബന്ധം സ്ഥാപിച്ചെടുക്കുകയും ചെയ്യുകയെന്നുള്ളതാണ്. അതുകൊണ്ട് ദൈവത്തിലേക്ക് ക്ഷണിക്കുന്നവന്

ദൈവവുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കണമെന്ന് ഇസ്‌ലാം കൽപ്പിക്കുന്നു. ആശാവഹമായ ഒരു ആശയ സംവാദത്തിനു ഇസ്‌ലാം വിഭാവനം ചെയ്യുന്ന മാർഗ നിർദേശങ്ങൾ സർവ മതസ്ഥർക്കും വെളിച്ചമേകുന്നതാണ്.

**സന്ദേശപ്രചരണം:**
**ഖുർആനികനിർദേശങ്ങൾ**

ദഅ്‌വത്തെ ഇലല്ലാഹ് അല്ലാഹുവിലേക്ക് ക്ഷണിക്കുകയെന്ന പരിശുദ്ധമായ കർമം പ്രവാചകന്മാരുടെ വിയോഗാനന്തരം ഓരോ വിശ്വാസിയും നിറവേറ്റേണ്ട കടമയാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അത് ഇപ്രകാരം ഉപദേശിക്കുന്നു:

തത്ത്വ ജ്ഞാനവും നല്ല ഉപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക. എറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവനെ സംബന്ധിച്ച് അല്ലാഹുനന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചപവരേയും അവൻ നന്നായി അറിയുന്നു. (സൂറത്ത് അന്നഹൽ 126)

വിശുദ്ധ ഖുർആന്റെ ഈ വചനത്തിൽ അല്ലാഹു ഒരു വിശ്വാസിയോട് സന്ദേശ പ്രചാരണം ചെയ്യാൻ നിർദേശിക്കുന്നതോടൊപ്പം, അതിന്റെ പ്രവർത്തന രീതിയേയും യുക്തിയേയും കുറിച്ച് വിശദമായി വെളിച്ചം വീശിയിട്ടുണ്ട്. അല്ലാഹു അല്ലെങ്കിൽ ദൈവം എന്ന വാക്ക് എല്ലാ മതവിശ്വാസികളും ഉപയോഗിക്കുന്ന ഒന്നാണ്. എല്ലാ മതങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരുമാണ്. എന്നാൽ ഇസ്‌ലാം അല്ലാഹുവിലേക്കുള്ള ക്ഷണം ആദരവായ നബി കരീം (സ) യുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പറഞ്ഞിട്ടുള്ളത്. നിന്റെ റബ്ബിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. ആദരവായ നബി (സ)യുടെ ദൈവവും മറ്റുള്ളവരുടെ ദൈവവും തമ്മിലുള്ള വ്യത്യാസം എന്താണ്? ദൈവശാസ്ത്ര പരമായി മറ്റുള്ളവരുടെ ദൈവത്തിന്റെ ഗുണത്തിലും സത്തയിലും പ്രവർത്തനത്തിലും മുഹമ്മദ് നബി(സ)യുടെ ദൈവത്തിന്റെ അതുല്യതയും ഏകത്വവും യുക്തിവിചിന്തനത്തിന് വിധേമാക്കിയാൽ വ്യക്തമാവുന്നതാണ്. മറ്റുള്ളവർ അപൂർണനായ ദൈവത്തിന്റെ വ്യത്യസ്തങ്ങളായ ദിശകളിലേക്കാണ് ജനങ്ങളെ വിളിക്കുന്നത്. അവരുടെ ദൈവസങ്കൽപ്പങ്ങളെല്ലാം മാനുഷിക ഭാവങ്ങൾകൊണ്ട് വികലമാണെന്ന് നിഷ്പക്ഷ പഠനത്തിൽ നമുക്ക് ബോദ്ധ്യമാകും. അല്ലാഹു പറയുന്നു, അല്ലയോ മുഹമ്മദ് (സ) നീ സ്വയം ഏതൊരു ദൈവത്തിലാണ് എത്തിചേർന്നിട്ടുള്ളത്, ഏതൊരു അല്ലാഹുവിലാണ് നീ വിലയം പ്രാപിച്ചിട്ടുള്ളത്,നിന്റെ ഹൃദയ ദൃഷ്ടികൊണ്ട് ഏത് അല്ലാഹുവിനെയാണ് നീ കണ്ടുമുട്ടിയിട്ടുള്ളത്, സമ്പൂർണവും സവിശേഷവുമായരീതിയിൽ ഏതൊരു അല്ലാഹുവാണ് നിന്നിൽ വിളങ്ങിയിട്ടുള്ളത്,ആ അല്ലാഹുവിലേക്ക് നീ ജനങ്ങളെ വിളിക്കുക. അതുപോലെ, അല്ലാഹുവിന്റെ എല്ലാ സവിശേഷ ഗുണങ്ങളെയും സ്വാംശീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ മാതൃകയായിത്തീർന്ന ആദരവായ നബി(സ) യുടെ ദൈവത്തിലേക്ക് നിങ്ങളും ജനങ്ങളെ വിളിക്കുക. എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്ഥലകാല സമയ പരിധികൾക്കതീതനും സർവജ്ഞനും സർവശക്തനും സർവവ്യാപിയുമായ, എല്ലാ വിധ ന്യൂനതകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും നിഷ്ക്രിയത്വങ്ങളിൽ നിന്നും പരമ പരിശുദ്ധനും അരൂപിയും ആയ ആ അല്ലാഹുവിലേക്ക് നിങ്ങൾ ജനങ്ങളെ ക്ഷണിക്കുക. ഓരോ മതസ്ഥരും മനസ്സിലാക്കേണ്ട കാര്യമാണിത്. തങ്ങൾ വിഭാവനം ചെയ്യുന്ന മതത്തിലേക്കല്ല ജനങ്ങളെ വിളിക്കേണ്ടത്. മറിച്ച് തങ്ങൾ മനസ്സിലാക്കിയ ദൈവത്തിലേക്ക് തെളിവുകളുടെയും, അടയാളങ്ങളുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ വിളിക്കുക. ആയതിനാൽ ആശയ പ്രചാരണത്തിന്റെ ഒന്നാമത്തെ രീതി എന്നു പറയുന്നത്, ദൈവവുമായി അഭേദ്യമായ ഒരു ബന്ധം സ്ഥാപിച്ചെടുക്കണം എന്നുള്ളതാണ്. അതിൽ നിന്നാണ് മറ്റെല്ലാ രീതികളുടെയും ഉദ്ഭവം. നോക്കുക ഇസ്‌ലാമിന്റെ പ്രാവാചകനായ ആദരവായ നബി (സ)ക്ക് ഏകദേശം മുപ്പത് വയസ്സ് പ്രായമായപ്പോൾ അതായത് നിറഞ്ഞ യുവത്വത്തിൽ മക്കക്കാരുടെ നാനാതരം ദുഷ്കൃത്യങ്ങളിലും, പാപകർമങ്ങളിലും, മനസ്സുമടുത്ത് നഗരത്തിനു വെളിയിൽ രണ്ടോ മൂന്നോ നാഴിക അകലെയുള്ള ഒരു കുന്നിൻപുറത്ത് പകൽപോലും ആരും ഒറ്റക്ക് കയറിചെല്ലാൻ ഭയപ്പെടുന്ന ആ ഗുഹയിൽ, ഹിറാ ഗുഹയിൽ സ്വന്തം സമുദായത്തിന്റെ സംസ്കരണത്തിനുവേണ്ടി പ്രപഞ്ചനാഥന്റെ സന്നിധിയിൽ കേഴുകയാണ്. മുപ്പത് വയസ്സു മുതൽ നാൽപ്പത് വയസ്സു വരെ ഏകദേശം പത്തു വർഷക്കാലം അദ്ദേഹത്തിന്റെ പ്രാർഥനകൾ സ്വന്തം കാര്യങ്ങൾക്കു വേണ്ടിയുള്ളതായിരുന്നില്ല.സാമൂഹിക സംസ്ക്കരണത്തിനു വേണ്ടിയുള്ളതായിരുന്നു.വ്യക്തിപരമായ കാരണ നിവാരണങ്ങൾക്കു വേണ്ടിയുള്ള കണ്ണുനീർ ആയിരുന്നില്ല അവിടെ വീണത്, മറിച്ച് മക്കയിലെ ജനങ്ങളെ പൈശാചികതയുടെ കരങ്ങളിൽനിന്ന് മോചിപ്പിച്ചുകൊണ്ട് പരമകാരുണികനായ അല്ലാഹുവിന്റെ യഥാർഥ ദാസന്മാരാക്കിത്തീർക്കാൻ എങ്ങനെ സാധിക്കുമെന്ന ചിന്തയായിരുന്നു. ഊഹത്തിലധിഷ്ഠിതമായ ദൈവങ്ങളെ ആരാധിക്കുന്നവരെ എങ്ങനെയാണ് സത്യദൈവത്തിന്റെ ദാസന്മാരാക്കിത്തീർക്കാൻ കഴിയുകയെന്ന ചിന്തയായിരുന്നു. അതുകൊണ്ട് ഒരു ദാഈഇലല്ലാഹ്, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ഒരു വ്യക്തി ആദരവായ നബി (സ)യുടെ ഹൃദയ വേദനകളെയും, വികാരങ്ങളെയും അതേ ദർപ്പണത്തിൽ ഉൾകൊള്ളേണ്ട ആവശ്യം ഉണ്ട്.

**സന്ദേശ പ്രചരണത്തിൽ**
**ഹിക്ക്മത്തി(യുക്തി)ന്റെ സ്ഥാനം.**

പ്രസ്തുത വചനത്തിൽ അല്ലാഹുവിലേക്ക് ക്ഷണിക്കേണ്ട രീതിയും രൂപവും വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:ഒന്നാമത്തേത് ഹിക്ക്മത്തോടു കൂടി,യുക്തിപൂർവമായ രീതിയിൽ ഉപായങ്ങൾ ആസൂത്രണം ചെയ്തുകൊണ്ട് അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക. രണ്ടാമത്തേത്, നല്ലഉപദേശത്തോടു കൂടി, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക. ഇനി വല്ല സംവാദവും നടത്തേണ്ടതായി വന്നാൽ നല്ല രീതിയിൽ അവരുമായി സംവദിക്കുക. മൂന്നാമത്തേത്, അവരോട് ഏറ്റവും നല്ല രീതിയിൽ സംവാദം നടത്തുക. അതായത് നാം പലപ്പോഴും ആശയ പ്രചാരണത്തിനുവേണ്ടി ഇറങ്ങുമ്പോൾ, നമ്മുടെ ആശയ പ്രചരണം ചർച്ചയിലേക്കും, വാദപ്രദിവാദത്തിലേക്കും വഴുതിപ്പോകാറുണ്ട്. എന്നാൽ വിശുദ്ധ ഖുർആൻ പറഞ്ഞ മാനദണ്ഡം ഒന്നാമത്തേത്, യുക്തിപൂർവമായ രീതിയിൽ ഉപായങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ്. വ്യക്തി ബന്ധങ്ങളിലൂടെ നമ്മുടെ സന്ദേശത്തെ, ആശയത്തെ ഫലപ്രദമായ രീതിയിൽ പ്രചരിപ്പിക്കാൻ കഴിയും. വ്യക്തിപരമായ പ്രചാരണ പ്രവർത്തനങ്ങളിൽ യുക്തിക്ക് വളരെ

പ്രാധാന്യമുണ്ട്.

യുക്തിപൂർവമായ രീതിയിൽ ഉപായങ്ങൾ ആസൂത്രണം ചെയ്യുക യെന്നത് ഒരു വിശാലമായ വിഷയ മാണ്. വിശുദ്ധ ഖുർആൻ ഒരു ചെറിയ വാക്കിൽ ആശയ പ്രചാരണത്തിന്റെ അടിസ്ഥാനപരമായ തത്ത്വത്തി ലേക്ക് മുസ്‌ലിംകളുടെ ശ്രദ്ധ തിരിച്ചിരിക്കു കയാണ്. ഓരോ വ്യക്തിയുടെയും യുക്തിഭദ്രമായ പ്രവൃത്തികൾ വ്യത്യ സ്തമാണ്. സമയ സന്ദർഭങ്ങളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാന ത്തിൽ യുക്തിപൂർവമായ രീതിയിൽ ഉപായങ്ങൾ ആസൂത്രണം ചെയ്യുന്ന തിന്റെ മാനദണ്ഡങ്ങളും വ്യത്യസ്ത മായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആൻ യുക്തിയുടെ വിശ ദീകരണം വിട്ടുകൊണ്ട് സാഹചര്യങ്ങളും സന്ദർ ഭങ്ങളും അനുസരിച്ച് ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കാൻ കൽപിച്ചിരി ക്കുന്നു. യുക്തിക്ക് പരിധികൾ ഇല്ലാത്തതുകൊണ്ട് ഇതിൽ വിശ്വാ സികളോട് വിശാലമായി ചിന്തിക്കാൻ പറഞ്ഞിരിക്കുകയാണ്. അല്ലാഹുവി ലേക്ക് വിളിക്കുമ്പോൾ ജനങ്ങൾ ഏറ്റവും കൂടുതൽ വിരോധികളും വിദ്വേഷികളും ആയിത്തീരുന്നു എന്നതാണ് പ്രവാചക ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നത്. ഈ സന്ദർ ഭത്തിൽ ഹിക്ക്മത്ത് ആവശ്യപ്പെടുന്നത് ഏറ്റവും കൂടുതൽ സ്നേഹത്തോടും, മൃദുലതയോടും കൂടി പെരുമാറുക യെന്നതാണ്. വിശുദ്ധ ഖുർആൻ നബി(സ)യെ റഹ്മത്തുൻലിൽ ആല മീൻ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അതായത്, മുഴു ലോകത്തിനും കാരുണ്യമായിട്ടാണ് നബി (സ) വന്നിട്ടുള്ളത്. അതായത് എത്ര കണ്ട് ഭാരിച്ച ഉത്തരവാദിത്വമായിരുന്നോ നബി(സ)ക്ക് ഉണ്ടായിരുന്നത് അത്ര കണ്ട് വലിയ ചികിത്സാരീതി അല്ലാഹു നൽകുകയുണ്ടായി. അതായത് നബി(സ)യുടെ ഹൃദയം മറ്റുള്ളവർ ക്ക്‌വേണ്ടി കാരുണാമയമായിത്തീർന്നു. ചരിത്രത്തിന്റെ ഏടുകളിൽ നിന്ന് ഹിക്ക്മത്തിന്റെ(യുക്തിയുടെ) പ്രവർത്തനരീതി നമുക്ക് മനസ്സിലാ കുന്നത്, ഈ വിദ്വേഷത്തിനും വൈരാ ഗ്യത്തിനും ശത്രുതയ്ക്കുമുള്ള ചികിത്സ സീമാതീതമായ സ്നേഹത്തോടും മൃദുലതയോടും കൂടി പെരുമാറു കയെന്നതാണ്. നമ്മുടെ വിളിയുടെ കാഠിന്യവും മൃദുലതയുമനുസരിച്ചാ യിരിക്കും മറ്റുള്ളവരുടെ പ്രതികര ണവും.

ഹിക്ക്മത്തിന്റെ(യുക്തിയുടെ) മറ്റൊരു വശം സാഹചര്യങ്ങളും സന്ദർഭങ്ങളും അനുസരിച്ച് സംസാരി ക്കുകയെന്നതാണ്. കാര്യങ്ങൾ സമയ വും സന്ദർഭവും അനുസരിച്ച് പ്രയോഗി ക്കുമ്പോൾ അത് വളരെ ഭംഗിയുള്ള തായിത്തീരുന്നു.അതുകൊണ്ട് നാം ഒരുഭാഗത്ത് നബി (സ)യുടെ ജീവിത രീതിയനുസരിച്ച് മറ്റുള്ളവരോട് അത്യധികം കാരുണ്യത്തോടെ പെരു മാറുന്നതോടൊപ്പം മറുഭാഗത്ത് നമ്മുടെ സംസാരത്തിന്റെ രീതിയിലും ശൈലി യിലും ഒരു നൈർമല്യം ഉണ്ടായിരി ക്കണം. നമ്മുടെ സുഹൃത്ത് നമ്മുടെ സംസാരം കാരണമായി നമ്മളിൽനിന്ന് അകന്ന് പോകരുത് എന്ന വിചാര ത്തോടെയായിരിക്കണം നാം സംസാരി ക്കേണ്ടത്.

ഹിക്ക്മത്തിന്റെ (യുക്തിയുടെ) മറ്റൊരു വശം എന്ന് പറയുന്നത്, മനുഷ്യന്റെ മാനസികവും സ്വഭാവപര വുമായ പ്രകൃതമനുസരിച്ച് സംസാരി ക്കണമെന്നുള്ളതാണ്. പ്രപഞ്ചത്തിലും ഇത്തരത്തിലുള്ള ഒരു പാട് ഉദാഹ രണങ്ങൾ കാണാവുന്നതാണ്. ഓരോ കെട്ടിടവും നിർമിക്കുന്നത് അതിന്റേ തായ പ്ലാനനുസരിച്ച് വ്യത്യസ്ത രീതിയിലും രൂപത്തിലുമായിരിക്കും. ആ പ്ലാനനുസരിച്ച് തന്നെയായിരിക്കണം ആ കെട്ടിടത്തിലും അതിലെ മുറിക ളിലും പ്രവേശിക്കേണ്ടത്. എന്നാൽ ഒരു പുതിയ വ്യക്തി ആ കെട്ടിടത്തിൽ പ്രവേശിക്കുമ്പോൾ അതിന്റേതായ ചില വിഷമങ്ങളും ബുദ്ധിമുട്ടുകളൊക്കെ ഉണ്ടാകും. എന്നാൽ ആ കെട്ടിടവുമായി ഒരു ബന്ധം വന്നു കഴിഞ്ഞാൽ പിന്നെ അതിൽ വളരെ നിഷ്പ്രയാസം പ്രവേശിക്കാൻ സാധിക്കുന്നതാണ്. ഇതേപോലെ, എല്ലാ വ്യക്തികൾക്കും ഇസ്‌ലാമിനോടും, അഹ്മദിയ്യത്തി നോടും താൽപര്യവും സ്നേഹവും ഉണ്ടായിരിക്കണമെന്നില്ല. അതുകൊണ്ട് ആദ്യം അവരുമായി നല്ലരീതിയിൽ പരിചയം ഉണ്ടാക്കിയെടുക്കണം. അവരെ നല്ലവണ്ണം അടുത്തറിയണം. ഇത് ഒരു തരത്തിൽ പ്രകാശമാണ് തരുന്നത്.ഈ പ്രകാശത്തിൽ പിന്നീട് സന്ദേശം എത്തിക്കുന്നത് വളരെ എളുപ്പമായിത്തീരുന്നതാണ്. ഹിക്ക്മത്തിനു(യുക്തിക്ക്) ഒരു പാട് പ്രവർത്തന തലങ്ങൾ ഉണ്ട്. അത് സന്ദർഭവും സാഹചര്യവും ബുദ്ധിയും യുക്തിയുമനുസരിച്ച് പ്രവർത്തിക്കേ ണ്ടതാണ്.ഏതായാലും ആശയ പ്രചാരണത്തിന് ഹിക്ക്മത്ത്(യുക്തി) ഏറ്റവും അനിവാര്യമായ അടിസ്ഥാന മാനദണ്ഡമാണ്.

## സന്ദേശ പ്രചരണത്തിൽ ഉപദേശം അനിവാര്യം

പ്രസ്തുത വചനത്തിൽ ആശയ പ്രചാരണത്തിന് നാം അനുവർ ത്തിക്കേണ്ട അടുത്ത രീതിയെകുറിച്ച് പറഞ്ഞിട്ടുള്ളത് നല്ല ഉപദേശം കൊടു ക്കുകയെന്നതാണ്. നല്ല ഉപദേശം നല്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, ദഅ്‌വത്തെ ഇലല്ലാഹ് (ആശയപ്രചാരണം) വാദപ്രതി വാദ ങ്ങളോ, ചർച്ചകളോഅല്ല.മറിച്ച് ഏകപ ക്ഷീയമായ സംസാരമാണ്, ഉപദേശ മാണ്.ഇതിൽ നിന്ന് മനസ്സിലാകുന്നത് വിശുദ്ധ ഖുർആൻ വാദപ്രതിവാദങ്ങളും ചർച്ചകളും ഏറ്റവും അവസാന മായിട്ടാണ് വെച്ചിട്ടുള്ളത് എന്നാണ്. ആദ്യം ഹിക്ക്മത്താണ് (യുക്തി) വെച്ചി ട്ടുള്ളത്, ഹിക്ക്മത്തി(യുക്തിയി)ലൂടെ നല്ല അന്തരീക്ഷം ഉണ്ടാക്കിയെടുത്തു കഴിഞ്ഞാൽ, നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ അടുത്ത പടി നല്ല ഉപദേശങ്ങൾ നൽകുകയെന്നതാണ്.നല്ല ഉപദേശങ്ങൾ എന്നു പറയുന്നത്, തെളിവുകളെ കൂടാതെ, സത്യസന്ധവും വ്യക്തവും പരിശുദ്ധവും ആകർഷണീയവുമായ ഉപദേശങ്ങളാണ്.അതിന് യാതൊരു വിധ സാമുദായിക ഭിന്നിപ്പുകളുമായി ബന്ധമില്ല. മതസ്പർദ്ധകളുമായും ബന്ധമില്ല. അത് ഹൃദയത്തിൽ നിന്ന് ഉദ്ഭവിക്കുകയും ഹൃദയത്തിൽ പ്രഭാവം ചെലുത്തുകയും ചെയ്യുന്നു. ചുരുക്ക ത്തിൽ തെളിവുകളുടെ സ്ഥാനം അവസാനമാണ് വരുന്നത്. സംസാരം ആരംഭിക്കേണ്ടത് നല്ല ഉപദേശങ്ങൾ കൊണ്ടായിരിക്കണം. നമുക്ക് വാസ്തവ ത്തിൽ ഈ ജനങ്ങൾ നഷ്ടപെട്ട് പോകുമെന്നുള്ള അനുകമ്പാപരമായ ഒരു ദു:ഖമാണ് ഉള്ളതെന്ന് നാം ജനങ്ങളെ ബോധ്യപെടുത്തേണ്ടതാണ്. ഈ സമൂഹം നാശത്തിലേക്ക് ആപതി ച്ചുകൊണ്ടിരിക്കുകയാണ്. ദൈവവുമായിട്ടുള്ള ഇവരുടെ ബന്ധം സാർത്ഥവമല്ല. ഭൗതീകത്തില ധിഷ്ഠിതമായ ഒരു ദൈവീക വിശ്വാസമാണ്. അതിലൂടെ തിന്മകൾ ദൂരീകരിക്കപെടുന്നില്ല. നന്മകൾ സ്വായത്തമാകുന്നില്ല. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു?അല്ലാഹുവിൽ നിന്ന് വരുന്നവർ വരുന്നു, അവർ ജനങ്ങളെ ജാഗ്രതപ്പെടുത്തുന്നു. എന്നാൽ സമൂഹം എപ്പോഴും അശ്രദ്ധ മനോഭാവം നടിച്ചുകൊണ്ട് ആ

# മതത്തിന്റെ ആവശ്യകതയും പ്രാധാന്യവും

മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ)

മതത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തെയും സംബന്ധിച്ച ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളുമാണ് ലേഖകൻ വിശദീകരിക്കുന്നത്. വാഗ്ദത്ത മസീഹി(അ)ന്റെ പ്രഗല്ഭ സഹാബിയായിരുന്നു ലേഖകൻ. കഴിഞ്ഞലക്കത്തിന്റെ തുടർച്ച.

**മൂന്നാമത്തെ ചോദ്യം:** ആധുനികയുഗത്തിൽ മതത്തിന്റെ ആവശ്യമുണ്ടോ?

**മറുപടി:** ഓരോ ദിനത്തിലും യുഗത്തിലും മതത്തിന്റെ ആവശ്യമുണ്ടെങ്കിലും എന്റെ അഭിപ്രായത്തിൽ മറ്റെന്നെത്തേക്കാളും കൂടുതലായി മതത്തിന്റെ ആവശ്യം ഇന്നാണ്. മതത്തിന്റെ യഥാർഥ ലക്ഷ്യം ദൈവത്തിന്റെ ഗുണങ്ങൾ സ്വാംശീകരിച്ച് മനുഷ്യൻ ധാർമിക മൂല്യങ്ങളുടെ ഉരകല്ലാവണം എന്നതാണ്. ധിഷണാശാലികളും അഭ്യസ്തവിദ്യരുമായ ആളുകൾക്ക് അടങ്ങുന്ന ഇന്നത്തെ ലോകത്തിന്റെ ആപല്ക്കരമായ അവസ്ഥയെൽ മസ്സിലാക്കവുന്നതാണ്. ദൈവിക ഗുണങ്ങളും നന്മകളും അവഗണിക്കപ്പെടുന്നുവെന്നു മാത്രമല്ല അവന്റെ അസ്തിത്വം തന്നെ നിഷേധിക്കപ്പെട്ടിരിക്കുന്നു. മതത്തിന്റെ ആവശ്യകതയും അതിന്റെ മഹത്വപൂർണമായ അദ്ധ്യാപനങ്ങളും തൂത്തുവാരികളഞ്ഞിട്ട് മനുഷ്യകുലം മനുഷ്യമനസ്സിന്റെ വഞ്ചനകളെ പിന്തുടരുകയാണ്.

പുരാതനകാലം മുതൽ മനുഷ്യപ്രകൃതി തേടിക്കൊണ്ടിരുന്ന (ദൈവസ്നേഹവും മൂല്യങ്ങളുടെ സ്ഥാപനവും) കാര്യങ്ങൾ ഇന്ന് ലോകത്ത് എവിടെയും കണ്ടെത്താൻ സാധിക്കുകയില്ല. വർത്തമാന യുഗത്തിലെ ജനങ്ങൾ തങ്ങളുടെ ബുദ്ധിപരമായ സാമർഥ്യങ്ങളെ മൂല്യങ്ങളുടെ ഉരകല്ലായി കാണുന്നു. അതിന്റെ പരിണതഫലം വളരെ വ്യക്തമാണ്. സ്ത്രീപുരുഷ സമ്മിശ്രമായ പെരുമാറ്റം അവരുടെ കണക്കിൽ കുലീനവും സംസ്കാരസമ്പൂർണവുമാണ്. നഗ്നരായികൊണ്ട് കോളനികളിൽ കൂട്ടായി ജീവിക്കുന്നു. വിവാഹബന്ധം മുഖേനയല്ലാതെതന്നെ സന്താനോല്പാദനം നടത്തുന്നതിനെ അവർ പിന്തുണക്കുകയും

സത്യത്തിൽ നിന്ന് മുഖം തിരിച്ചുകളയുന്നു.ഇവിടെ നാം ഇത് പറയുമ്പോൾ തെളിവുകൾ ഒന്നും നൽകുന്നില്ല. മറിച്ച് ജനം ഇത് അംഗീകരിച്ചാലും,ഇല്ലെങ്കിലും നാം പറയുന്ന കാര്യം ഒരു ചരിത്ര വസ്തുതയാണ്. പ്രാപഞ്ചിക നിയമങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ കാര്യം, വാസ്തവത്തിൽ ഓരോ വ്യക്തിയുടെയും, ഹൃദയത്തിലെ ശബ്ദമാണ്.അത് ഹൃദയത്തിൽ നിന്ന് നിർഗളിച്ചുകൊണ്ട് ഹൃദയത്തിൽ പ്രഭാവം ചെലുത്തുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നത് ചർച്ചക്ക് ധിറുതികാട്ടരുത്. നമുക്ക് നമ്മുടെ ജയപരാജയങ്ങളല്ല ലക്ഷ്യം, മറിച്ച് അവരോടുള്ള നമ്മുടെ സഹതാപം സത്യസന്ധമാണ് എന്ന് ജനങ്ങൾ മനസ്സിലാക്കണം.നമ്മുടെ വേദനഅവർ മനസ്സിലാക്കണം.

### സംവാദത്തിൽ ഏറ്റവും നല്ല മാർഗം അവലംബിക്കുക

ഇങ്ങനെ ഹിക്ക്മത്തോടും(യുക്തി) നല്ല ഉപദേശത്തോടും കൂടി ജനങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുത്താലും അധികം ആളുകളും അത് അംഗീകരിക്കണമെന്നില്ല. അവർ എതിർപ്പിന്റെ ഭാഗത്തേക്ക് തിരിയുന്നതാണ്. അവരുടെ കണ്ണുകളിൽനിന്ന് എതിർപ്പിന്റെ തീജ്വാലകൾ പ്രവഹിക്കാൻ തുടങ്ങും. അവർ നിങ്ങളോട് മല്ലിടാൻ വേണ്ടി രംഗത്തിറങ്ങും. ഖുർആൻ പറയുന്നു, ആസന്ദർഭത്തിൽ നിങ്ങൾക്കുള്ള നിർദേശം, നിങ്ങൾ സധൈര്യം ആ എതിർപ്പുകളെ നേരിടണമെന്നാണ്. നിങ്ങൾ സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്താൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്, വിദ്വേഷം പരത്തുന്നരീതിയിൽ നിങ്ങൾ പെരുമാറിയിട്ടില്ല.നന്മയിലേക്കാണ് നിങ്ങൾ അവരെ ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ സംവാദത്തിന്റെയും ചർച്ചയുടെയും തലത്തിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. പക്ഷേ ഖുർആൻ ആ സന്ദർഭത്തിൽ നമ്മോട് പറയുന്നത്,തിന്മക്കെതിരെ നന്മകൊണ്ട് പോരാടുക.അവർ തിന്മയോടുകൂടി പെരുമാറുമ്പോൾ നിങ്ങൾ നന്മയോടുകൂടി പെരുമാറുക.അവർ ദുർബലമായ തെളിവുകൾ സമർപ്പിക്കുമ്പോൾ നിങ്ങൾ സമർഥമായ തെളിവുകൾ സമർപ്പിക്കുക.അത്യധികം ശക്തവും ഹൃദയാവർജകവുമായ തെളിവുകൾ സമർപ്പിക്കുക.നിങ്ങൾ എന്നും നന്മയുടെ പ്രതിനിധികളായിതീരുക. അവർ തിന്മയുടെ പ്രതിനിധികളായി തീരുന്നതാണ്. ഇവിടെ എവിടെയും ആയുധത്തെയോ, അക്രമത്തെയോ, പറ്റി പറയുന്നില്ല. ഉത്തമ ധാർമിക ഗുണത്തിലധിഷ്ഠിതമായ പ്രവർത്തന ശൈലിയാണ് ഇസ്‌ലാം അനുശാസിക്കുന്ന ആശയപ്രചരണ പാഠം.

ഇങ്ങനെ വിശുദ്ധ ഖുർആൻ പറഞ്ഞുതന്ന മാർഗനിർദേശങ്ങളെ, മാനദണ്ഡങ്ങളെ ആയുധമാക്കിക്കൊണ്ട് ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ട് പ്രാർഥനാനിർഭരമായ മനസ്സോടെയാണ് ആശയ പ്രചാരണത്തിന്റെ കർമവീഥിയിൽ ജാഗരൂഗരാവേണ്ടത്. കാരണം ഈ ഖുർആനിക നിർദേശങ്ങൾ ഒരിക്കൽ വെട്ടിതിളങ്ങിയതിന്റെ ചരിത്ര സാക്ഷ്യങ്ങൾ നമ്മുടെ മുന്നിൽ ഉണ്ട്.ഇത് ഒന്നോരണ്ടോ ദിവസത്തെ പ്രവർത്തനമല്ല. മറിച്ച് നിരന്തരം, സ്ഥായിയായ സ്വഭാവത്തോടെ ഈ രംഗത്ത് നിലയുറപ്പിക്കുകയാണെങ്കിൽ, ആദ്യത്തെക്കാളുപരി ചലനാത്മകമാവുകയാണെങ്കിൽ ഗതകാല സ്മരണകൾ നമുക്ക് സാർഥമാക്കാൻ സാധിക്കുന്നതാണ്.

അതിനെ നാഗരികതയുടെയും ധാർമിക തയുടെയും മുഖമുദ്രയായി കരുതു കയും ചെയ്യുന്നു. മറ്റുള്ളവരുടെ അദ്ധ്വാനഫലങ്ങൾ ബലം പ്രയോഗിച്ച് അപഹരിക്കുന്ന ഭരണകൂടങ്ങളുമുണ്ട്.

അതുവഴി തങ്ങളുടെ നാട്ടുകാരെ ഫലത്തിൽ അടിമകളാക്കി വെക്കുന്നു. അങ്ങനെ വലിയവരും ചെറിയവരും ധാർമിക നിലവാരത്തിൽ താഴുകയും അധാർമികത നന്മയായി പരിഗണിക്കപ്പെ ടുകയും വഴികേടിനെ നീതിയായി തുല്യ തപ്പെടുത്തുകയും ചെയ്യുന്നു. അപ്പോ ഴാണ് മതത്തിന്റെ ആവശ്യകത വളരെ തീക്ഷ്ണമാവുന്നത്.

ഇക്കാലത്ത് ഓരോ രാഷ്ട്രവും ഓരോ വ്യക്തിയും ജീവിതത്തിൽ ശാന്തിയും സമാധാനവുമാണ് ആഗ്രഹി ക്കുന്നത്. എന്നാൽ മതത്തെ നിരാകരി ക്കുകയും മനുഷ്യബുദ്ധിയെ മാത്രം മാർഗദർശനത്തിനായി ആശ്രയിക്കു കയും ചെയ്യുമ്പോൾ ജനതകൾ പൂർണ മായി നശിക്കുകയും രാജ്യങ്ങൾ ഒറ്റപ്പെ ടുകയും പട്ടണങ്ങൾ നാശത്തിന് വിധേ യമാവുകയും ചെയ്യുന്നത് നാം കാണു ന്നു. ദുർബലമായ ഒരു ഗവൺമെൻറ് ശക്തമായ ഒന്നിനോട് സമാധാനത്തി ലേർപ്പെടാൻ പരിശ്രമിക്കുമ്പോൾ ശക്തവും വിജയികളുമായ രാഷ്ട്രങ്ങൾ പരാജിതരെ നിരുപാധികമായ കീഴടങ്ങ ലിന് നിർബന്ധിക്കുന്നു. തങ്ങൾ പരാജി തരായിരുന്നുവെങ്കിൽ തങ്ങൾ നിരുപാ ധികമായി കീഴടങ്ങില്ലായിരുന്നുവെന്ന കാര്യം അവർ പരിഗണിക്കുന്നതേയില്ല. ഒരു രാഷ്ട്രത്തിന് ഇന്ന് കീഴടങ്ങേണ്ടി വന്നാലും നാളെ ആ രാഷ്ട്രം വിജയി ക്കാൻ സാധ്യതയില്ലേ? ഇന്ന് വിജയിച്ച വർ നാളെ പരാജയപ്പെടാനും സാധ്യത യില്ലേ? മനുഷ്യഭാഗധേയം വളരുകയും ക്ഷയിക്കുകയും ചെയ്യും. ഒരു വിപ്ലവ ത്തിന്റെ മുന്നേറ്റത്തെ പെട്ടെന്ന് നിർത്തു വാൻ ആർക്കു സാധിക്കും? പരാജിത രായവരെ അധികാരത്തിലേറ്റാൻ ഒരു ഭാവി വിപ്ലവത്തിന് സാധ്യതയുണ്ട്. ശക്തമായ രാഷ്ട്രങ്ങൾ തങ്ങൾക്ക് അനുകൂലമായി തോന്നുന്ന മാരണനിയ മങ്ങൾ ഒരു ദിവസം തങ്ങളുടെ കഴു ത്തിൽ തന്നെ കാഠിന്യമേറിയ ഊരാക്കു ടുക്കായി മാറുന്നതും നാം കാണുന്നു. അതിനാൽ വിജയാവസരത്തിൽ പരാജി തരെ കാരുണ്യത്തോടെ നോക്കണം. ഇതാണ് സ്വാഭാവികമായും ചെയ്യേണ്ട ത്.

കാരുണ്യത്തോടും ദയയോടും പെരുമാറുന്നതിന് പകരം പ്രതി യോഗി യോടെന്നപോലെ ക്രൂരമായി പെരുമാ റുന്നത് സ്വന്തം നാശത്തെ ക്ഷണിച്ചുവ രുത്തുന്നതാണ്. ഏറ്റവും ചുരുങ്ങിയത് വിജയിച്ച രാഷ്ട്രങ്ങൾ പരാജിതരായ രാജ്യങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കുന്ന സമാധാന ഉപാധികൾ സ്വയം സ്വീകരി ക്കണം. ഇക്കാര്യത്തിൽ ഖുർആനികാ ദ്ധ്യാപനങ്ങൾ യുക്തി നിറഞ്ഞതും സമാ ധാനസ്ഥാപനത്തിന് സഹായകവുമാണ്. അതായത് ശത്രു സമാധാനമുണ്ടാക്കാൻ തയ്യാറാണെങ്കിൽ നിങ്ങളും അപ്രകാരം ചെയ്യണം.

മാന്യവും സുമനസ്സുമുള്ള ഒരാൾ ഭൂമിയിൽ സമാധാനം സ്ഥാപിക്കുന്ന കാര്യം ചിന്തിക്കുകയാണെങ്കിൽ ദൈവി കാദ്ധ്യാപനങ്ങളിൽ നിർദേശിക്കപ്പെട്ട തത്ത്വങ്ങൾ അംഗീകരിക്കാൻ നിർബ ന്ധിതനാവും. അതായത് ഒരു കക്ഷി സമാധാനത്തിന്റെ കൈ നീട്ടുകയാണെ ങ്കിൽ മറുകക്ഷിയും ശങ്കിക്കാതെ അതിനു തയ്യാറാവണം. സമാധാനത്തിന് മുന്നോട്ടുവന്നശേഷം യുദ്ധത്തെ സജീ വമാക്കുകയാണെങ്കിൽ അത് വെറും പ്രതികാരമായിരിക്കും. അത്തരം പ്രവൃ ത്തികൾ ഒരു ബുദ്ധിപരമായ തന്ത്രമായി, അന്തസ്സുള്ളവർ കരുതുകയില്ല.

തങ്ങളുടെ കോപമടങ്ങാത്ത വന്യജീ വികൾ മറ്റുള്ളവർക്ക് നേരെ ആക്രമണം നിർത്തുകയില്ല. അതു തന്നെയാണ് പ്രതികാരദാഹികളായ മനുഷ്യർ ചെയ്യു ന്നതും. അവർ യുദ്ധം ചെയ്യുന്നത് സമാ ധാനം സ്ഥാപിക്കാനോ നിയമസമാ ധാനം നിലനിർത്താനോ അല്ല. ദുർബല രാജ്യത്തിനെതിരിൽ അവരുടെ മുഴുവൻ ആയുധശേഖരവും ഉപയോഗിക്കാനാ ണ്. ആയുധങ്ങളുടെ വിതരണം തുടരു ന്നിടത്തോളം യുദ്ധം തുടരും.

ഇത്തരം ചിന്താരീതിക്ക് ഒരു ബദൽ ആവശ്യമില്ലേ? അത്തരം മനോഭാവങ്ങ ളാണ് യുദ്ധത്തിനും അക്രമണ ങ്ങൾക്കും ഉത്തരവാദി എന്നു തെളിയു ന്നില്ലേ? ആരാണ് യുദ്ധവും ക്രമരാഹി ത്യവും സൃഷ്ടിക്കുന്നത്? മതമോ മനുഷ്യബുദ്ധിയോ? രണ്ടാം ലോകയുദ്ധ മാണ് ലോകത്തെ ചവറ്റുകൂനയാക്കി മാറ്റിയത്. സ്വേച്ഛാധിപതികളും ബുദ്ധിമാ ന്മാരായ നേതാക്കളും മതത്തെ ഒരു മൂല ക്കിരുത്തി. ഇത്തരം മനോഭാവങ്ങളെ ഇന്ധനമാക്കി യുദ്ധത്തിന്റെ തീജ്വാല കൾ ഭൂമിയെ വിഴുങ്ങുന്നു. മനുഷ്യബു ദ്ധിയിൽ കൂടുതൽ വിശ്വാസമർപ്പിക്കുന്ന വർ ഇപ്പോഴെങ്കിലും ഒരു കാര്യം മനസ്സി ലാക്കണം. മതത്തെ മാറ്റിനിർത്തിയ താണ് ഇന്നത്തെ ഈ ദാരുണാവ സ്ഥയ്ക്ക് കാരണം.

ഈ ദുരിതങ്ങളുടെയും കെടുതി കളുടെയും പശ്ചാത്തലത്തിൽ ഭൂമിയിൽ സമാധാനത്തിന്റെ യഥാർഥമായ വേരു കൾ ഏതെന്ന് ഉറപ്പിക്കാൻ ബുദ്ധിമാ നായ ഒരു മനുഷ്യന് എളുപ്പമല്ല. മനു ഷ്യബുദ്ധിയെ പിന്തുടരുന്നതു കൊണ്ടു ണ്ടാകുന്ന അനന്തരഫലവും മതത്തിന്റെ മാർഗദർശനം പിന്തുടരുന്നതുകൊ ണ്ടുള്ള അനന്തരഫലവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്. എല്ലാവർക്കും കാണത്തക്കവിധം മനു ഷ്യബുദ്ധിയുടെ ന്യൂനതകളും മത ത്തിന്റെ പ്രയോജനങ്ങളും വ്യക്തമായി ഉയർത്തിക്കാണിക്കാൻ വർത്തമാ നകാലയുഗം പര്യാപ്തമാണ്. ഈ വ്യക്തവും തെളിവാർന്നതുമായ വ്യത്യാസം മനസ്സിലാക്കി മതത്തിന്റെ ആവശ്യകത ഉൾക്കൊള്ളുകയും ചെയ്യു ന്നവർ അനുഗൃഹീതർ.

**നാലാമത്തെ ചോദ്യം: ഭൂതകാ ലത്തെ മതനേതാക്കൾ ലോകത്തിനു നൽകിയ മാർഗദർശനം ഏതാണ്?**

**മറുപടി:** ദൈവീക പ്രവാചകന്മാരു ടേയും ദൂതന്മാരുടേയും ദൗത്യങ്ങൾ എപ്പോഴും നിലവിലുള്ള ആവശ്യ ങ്ങൾക്കും അവസ്ഥകൾക്കുമനുസൃതമാ യിരുന്നു. ഓരോ പ്രവാചകനും ഓരോ ദൂതനും ദർശനങ്ങൾക്കും വെളിപാടു കൾക്കും ദൈവികമാർഗദർശന മനുസ രിച്ച് ഒരു പുതിയ മാറ്റത്തിന് അടിത്തറ യിടുന്നു. മതപരമായ അദ്ധ്യാപനമനുസ രിച്ച് ഒരു പ്രവാചകനും ദൂതനും തന്റെ അനുയായികൾക്കിടയിൽ വിശ്വാസത്തി ന്റെയും കർമങ്ങളുടേയും മൂല്യങ്ങളുടെ ഒരു സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. തന്റെ സ്വയം ധാർമികഗുണങ്ങളും സ്വഭാവവും മാതൃകാപരമായിരിക്കും. അദ്ദേഹം അധികമായതും ന്യൂനമായതും നീക്കം ചെയ്ത് തന്റെ സമുദായത്തെ മിതമായ ഒരു പാതയിൽ ഉറപ്പിച്ചു നിർത്തുന്നു.

ബഹുദൈവാരാധനയുടെ മാലിന്യ ത്തേയും ഭക്തിയില്ലായ്മയേയും മതപ രമായ മാതൃകാ സമൂഹം നീക്കം ചെയ്യു ന്നു. വിഗ്രഹാരാധന മൂലമുണ്ടാകുന്ന ദൈവകോപം അത് മൂലം നീങ്ങിപ്പോകു ന്നു. അങ്ങനെ ഭൂമി അമലവും പരിശു ദ്ധവുമായിത്തീരുന്നു. കഴിഞ്ഞുപോയ കാലഘട്ടങ്ങളിൽ ഓരോ പ്രവാചക ന്റേയും ദൂതന്റേയും അനുയായികൾ മതം മുഖേന ഐഹികവും പാരത്രി കവുമായ ജീവിതത്തിലെ ഉത്തമമായത് നേടിയിരുന്നു. സത്യമതത്തിന്റെയും ദൈവികാദ്ധ്യാപനങ്ങളുടെയും എതിരാ ളികളുടെ കടുത്ത എതിർപ്പ് അനുഭ വിക്കേ തന്നെ അവർ മാനസിക സമാ

ധാനം അനുഭവിച്ചു. അതേസമയം ദൈവികമായ ശിക്ഷയും നാശവും ദുരിതവുമല്ലാതെ യഥാർഥ മതത്തിന്റെ ശത്രുക്കൾ ഒന്നും നേടിയില്ല. അവർ സ്വയം നശിക്കുക മാത്രമല്ല, മറ്റുള്ളവരെ നാശത്തിലേക്ക് നയിക്കുകയും ചെയ്തു. കഴിഞ്ഞകാലത്തെ പ്രവാചകന്മാരുടേയും ദൂതന്മാരുടേയും നേതൃത്വത്തിൽ ദിവ്യദൗത്യം അരങ്ങേറിയപ്പോൾ ഇരുകക്ഷികളിലും സംഭവിച്ച ഫലം ഇതുതന്നെയായിരുന്നു. പ്രവാചകന്മാരുടെയും ദൂതന്മാരുടെയും എതിരാളികളായ സ്വേച്ഛാധിപതികളുടെ നേതൃത്വത്തിന്റെ അനന്തരഫലം നോക്കുക. ഉദാഹരണത്തിന് ഫിർഔന്റെ ഏകാധിപത്യവും സമൂദ് ഗോത്രത്തിന്റെ ധിക്കാരവും നമ്മുടെ മുമ്പിലുണ്ട്. മതത്തിനെതിരിൽ വിപ്ലവം നടത്തിയവരുടെ ദുഃഖകരമായ അന്ത്യത്തിന്റെ ഉദാഹരണങ്ങളായിരുന്നു അവ.

സുഖജീവിതത്തോടൊപ്പം സ്വന്തം ആഗ്രഹങ്ങളെ പിന്തുടരാനുള്ള പ്രവണതയും മനുഷ്യൻ കാണിക്കുന്നു എന്നത് ഒരു സത്യമാണ്. മതവ്യവസ്ഥ അനുശാസിക്കുന്ന ആത്മീയനിയന്ത്രണത്തിൽ നിന്നും സ്വതന്ത്രമാവാൻ അയാളെ അത് പ്രേരിപ്പിക്കുന്നു. അതുകൊണ്ടാണ് ഓരോ പ്രവാചകന്റെയും ദൂതന്റെയും കാലത്ത് ഭൗതികരായ ആളുകൾ മതവ്യവസ്ഥ തങ്ങളുടെ സ്വാതന്ത്ര്യത്തിനും ആഗ്രഹങ്ങൾക്കും ഭീഷണിയായിരിക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് അതിന്റെ ശത്രുക്കളാവുന്നത്. അവർ മതത്തെ പ്രതികാരത്തോടെയും അതിനെ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയും പിന്തുടരുന്നു. അപ്പോഴുണ്ടാകുന്ന സമൂഹവിഭജനത്തിന്റെ ഉദാഹരണം ഇപ്രകാരമായിരിക്കും. ഒരു ഭാഗത്ത് കൊള്ളക്കാരുടേയും മോഷ്ടാക്കളുടേയും തെണ്ടികളുടേതും മറുഭാഗത്ത് ഗവൺമെന്റിന്റെ വ്യവസ്ഥയും പോലെയായിരിക്കും. ഗവൺമെന്റ് നിയമനിർമാണം വഴി സമാധാനവും സുരക്ഷയും നിലനിർത്തുവാൻ ലക്ഷ്യമാക്കുന്നു. എന്നാൽ കൊള്ളക്കാരും കള്ളന്മാരും തെണ്ടികളും ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള വ്യവസ്ഥ തകർക്കുകയും അത് ലംഘിക്കുകയും ചെയ്യുന്നു. എന്തെന്നാൽ തങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന നിയമത്തിന് ഇത് കാരണമാവുമെന്നവർ ഭയപ്പെടുന്നു. നിയമവ്യവസ്ഥയിൽ വക്രരായ വ്യക്തികൾക്ക് എന്താണ് നന്മ, എന്താണ് മനുഷ്യജീവിതത്തിന്റെ അർഥം, എന്നീ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കില്ല. മതവും ദൈവികാദ്ധ്യാപനങ്ങളും മുഖേന മാത്രമേ കുലീനത്വം തേടാൻ കഴിയൂ എന്ന് നാം തിരിച്ചറിയണം.

ഭൗതികവീക്ഷണമുള്ള തത്ത്വശാസ്ത്രജ്ഞന്മാർക്കും ഭൗതികവാദികൾക്കും ലൗകികജീവിതത്തിൽ എളുപ്പത്തിൽ ചരിക്കാൻ സാധിക്കും. ഇതിനുവിപരീതമായി ദൈവദൂതന്മാരും പ്രവാചകന്മാരും ഘോരവനങ്ങളും ഹതാശയുടെ മരുഭൂമികളും താണ്ടുന്നത് അവരുടെ ദൈവികശക്തിയും ദൈവികമാർഗദർശനവും കൊണ്ടാണ്. പിന്നെ അവർക്ക് ദൈവം നല്കുന്ന സുവിശേഷങ്ങൾ മുഖേന പ്രവാചകന്മാരും ദൂതന്മാരും അവരുടെ അനുയായികളും വിജയത്തിന്റെ ലക്ഷ്യസ്ഥാനത്തെത്തുന്നു. ഇത് പോലെ എന്തെങ്കിലും ഭൗതികരായ ആളുകൾക്കിടയിൽ കണ്ടെത്താൻ സാധിക്കുമോ?

ദൈവദൂതന്മാരും പ്രവാചകന്മാരും മുന്നോട്ടു വെക്കുന്ന ദൈവികാദ്ധ്യാപനങ്ങളിൽ ദൈവത്തോടുള്ള കടമകളും അവന്റെ ദാസന്മാരോടുമുള്ള കടമകളും വിവരിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ ദൈവികനിയമത്തോടുള്ള ബഹുമാനാദരവും അല്ലാഹുവിന്റെ സൃഷ്ടികളോട് കാണിക്കേണ്ട ദയയെക്കുറിച്ചും പരിപൂർണമായി വിശദീകരിക്കപ്പെട്ടിട്ടുമുണ്ട്.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ അതിന്റെ പരിപൂർണ മഹത്വത്തോടുകൂടി ഇസ്‌ലാമിന്റെ പ്രവാചക(സ)ന്റെ സ്വഭാവവും പെരുമാറ്റവും മുഖേന പൂർണമായും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യാവകാശങ്ങൾക്ക് പുറമെ മൃഗങ്ങളോടും മറ്റു ജീവികളോടും കാരുണ്യത്തോടെ പെരുമാറാൻ ഇസ്‌ലാം പഠിപ്പിക്കുന്നു. ഇസ്‌ലാമിന്റെ അനുയായികൾ അനാഥരോടും ജീവിതവിഭവങ്ങളില്ലാത്ത ദരിദ്രരോടും കാരുണ്യം കാണിക്കുന്നു. മുസ്‌ലിംകൾ കഴിവനുസരിച്ച് അവരെ തീറ്റിപ്പോറ്റുന്നു. മനുഷ്യരെ കൂടാതെ അവർ മൃഗങ്ങളോടും കാരുണ്യം കാണിക്കുന്നു. അവ തങ്ങളുടെ ആവശ്യങ്ങൾ പ്രകടിപ്പിക്കാൻ അശക്തരാണ്. ഇസ്‌ലാമിക നിയമപ്രകാരം ഈ എല്ലാവിധ മനുഷ്യവിഭാഗങ്ങളും മൃഗങ്ങളും തങ്ങളുടെ സമ്പത്തിൽ നിയമപ്രകാരം പങ്കുകാരാണ്. അതിനാൽ അവർ തങ്ങളുടെ കർത്തവ്യം നിറവേറ്റുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

സഹീഹ് ബുഖാരിയിൽ രേഖപ്പെടുത്തപ്പെട്ട ഒരു സംഭവം ഈ അദ്ധ്യാപനത്തിന് നല്ലൊരുദാഹരണമാണ്. ദാഹിച്ചു വലഞ്ഞ ഒരു നായക്ക് ഒരു സ്ത്രീ ഒരു കിണറ്റിൽ നിന്ന് വെള്ളം കോരി കൊടുത്തു. അവരുടെ ഈ പ്രവൃത്തി ഔദാര്യവാനും സ്രഷ്ടാവുമായ ദൈവത്തിന്റെ പക്കൽ ഈ ഒരു കൃത്യം അവരുടെ വിജയത്തിനും പാപപ്പൊറുതിക്കും കാരണമായി.

സഹജീവികളോട് ശത്രുതയും ക്രൂരതയും കാണിക്കുന്നതിനെ ഇസ്‌ലാം നിരോധിക്കുന്നു. മൃഗങ്ങളോടും മറ്റുജീവികളോടും ക്രൂരത കാട്ടുന്നതിനെയും ഇസ്‌ലാം വിരോധിക്കുന്നു. സഹീഹ് ബുഖാരിയിൽ ഒരു സ്ത്രീയുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം രേഖപ്പെടുത്തുന്നു. ആ സ്ത്രീ ഒരു പൂച്ചയെ അതിന് മതിയായ ഭക്ഷണം നല്കാതെ കെട്ടിയിട്ടു. അവസാനം ദാഹവും വിശപ്പും കാരണം ആ പൂച്ച ചത്തു. തന്റെ സൃഷ്ടിയോട് കാണിക്കപ്പെട്ട ഈ ക്രൂരതയിൽ അസന്തുഷ്ടനായ ദൈവം അവളെ നരകത്തിൽ പ്രവേശിപ്പിച്ചു.

ദൂതന്മാരും പ്രവാചകന്മാരും അവതരിപ്പിച്ച സമഗ്രവും പരിപൂർണവും സുഗ്രാഹ്യവുമായ അദ്ധ്യാപനമാണിത്. ക്രൂരന്മാരായ സ്വേച്ഛാധിപതികളും ഭീകരനേതാക്കളും സ്വന്തം താൽപര്യങ്ങൾ വെച്ചുപുലർത്തുന്നവരും ആത്മപൂജകരും സ്വാർഥികളുമാണ്. ആത്മപ്രശംസയും ധനമോഹവും മാത്രമാണ് അവരുടെ ആവശ്യങ്ങൾ. ദൈവികാദ്ധ്യാപനങ്ങളിൽ നിന്ന് രൂപം കൊള്ളുന്ന സത്യമതങ്ങളേയും കുലീനസമുദായങ്ങളേയും അവർക്ക് മനസ്സിലാക്കാൻ സാധ്യമല്ല.

അവസാനമായി ഞങ്ങൾ പ്രാർഥിക്കുന്നു. മതത്തിന്റെ ആവശ്യകത മനസ്സിലാക്കുവാൻ ആധുനിക ലോകത്തിന്റെ കണ്ണുകൾ അല്ലാഹു തുറക്കുമാറാകട്ടെ. സത്യമതം സ്വീകരിച്ചുകൊണ്ട് അവർ ദൈവതൃപ്തി നേടുന്നവരായി ത്തീരുമാറാകട്ടെ.

**വിവ: കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

# സങ്കൽപ്പങ്ങളും യാഥാർത്ഥ്യങ്ങളും

പ്രൊഫ: അബ്ദുസ്സലാം

36 വർഷങ്ങൾക്ക് മുമ്പ് 1975 സെപ്തംബറിൽ സ്വീഡനിലെ സ്റ്റോക്ഹോം യൂണിവേഴ്സിറ്റിയിൽ വെച്ച് പ്രൊഫ. അബ്ദുസ്സലാം സാഹിബ് നടത്തിയ പ്രഭാഷണമാണിത്. ദന്തഗോപുരങ്ങൾ വിട്ടിറങ്ങിയ  ഈ കർമയോഗി സമ്പന്ന രാജ്യങ്ങളിലെ ശാസ്ത്ര വേദികളിൽ മൂന്നാം ലോകരാജ്യത്തിലെ പട്ടിണിപാവങ്ങൾക്ക് വേണ്ടി ധീരമായി പൊരുതുന്ന ആവേശകരമായ ചിത്രം ഈ പ്രഭാഷണത്തിലുണ്ട്. സമകാലീന സന്ദർഭത്തിൽ ഏറ്റവും പ്രസക്തമാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ. നവംബർ 15 ന് അദ്ദേഹത്തിന്റെ 21-ാം ചരമ വാർഷികദിനമാണ്.


മനുഷ്യനെയും ലോകത്തെയും പ്രപഞ്ചത്തെയും സംബന്ധിച്ച പ്രശ്നങ്ങൾ എന്ന വിഷയത്തെ അധികരിച്ച് നടത്തുന്ന ഈ പ്രഭാഷണ പരമ്പരയിലെ ആദ്യത്തെ പ്രഭാഷകൻ എന്ന നിലയിൽ എനിക്ക് ലഭിച്ച ആദരത്തിന് എന്റെ അഗാധമായ നന്ദി രേഖപ്പെടുത്തുന്നു. ഈ അടുത്തിടെ മാത്രമാണ് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയുടെ ഒരു പ്രത്യേക യോഗം, മാനവരാശി അതിസമ്പന്നരും ദരിദ്രനാരായണന്മാരുമായി രണ്ടു ചേരികളിൽ ധ്രുവീകരിക്കപ്പെടുകയാണ് എന്ന് പ്രസ്താവിച്ചത്. ഇത് ലോകവ്യാപകമായി ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. ഈ പ്രതിസന്ധി യേയും ഒരു പുതിയ സാർവദേശീയ ശ്രമത്തിന് വേണ്ടിയുള്ള ദരിദ്രരാഷ്ട്രങ്ങളുടെ ആവശ്യങ്ങളേയും പരിഗണിക്കാനാണ് യോഗം ചേർന്നത്. പാവങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടുള്ള ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് സ്വീഡൻ. സഹായങ്ങളുടെ കാര്യത്തിൽ ഐക്യ രാഷ്ട്ര സഭയുടെ ഈ തീരുമാനം പൂർണമായി നടപ്പാക്കുന്ന ഒരേയൊരു രാജ്യവും സ്വീഡനാണ്. ആഗോള പ്രശ്നങ്ങളുടെ കാര്യത്തിൽ സ്വീഡനിലെ യുവാക്കളാണ് 1972 ൽ ലോകത്തി നാകമാനം നേതൃത്വം നൽകിയത്. അതുകൊണ്ട് നിങ്ങളോട് സംസാരിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ദരിദ്ര രാജ്യങ്ങൾ ആവശ്യപ്പെടുന്നതെന്താണെനും അതിന്റെ പരിഹാരങ്ങളെന്തെന്നും സമ്പന്നരാജ്യങ്ങൾക്ക് മനസ്സിലാകുന്നതേയില്ല. മാനവരാശി ആകെ അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയും ഒട്ടും ഗ്രഹിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. എങ്ങനെ ഇത് മനസ്സിലാക്കിക്കൊടുക്കും എന്നതാണ് ഈ സംവാദത്തിന്റെ ഉദ്ദേശ്യം.

ഇന്ന് ലോകത്തെ അഭിമുഖീകരിക്കുന്നഹ്രസ്വകാല പ്രതിസന്ധി മാനവരാശിയുടെ 90 ശതമാനം വരുന്ന ദരിദ്ര രാജ്യങ്ങളിലെ ജനങ്ങൾ ഇന്ന് പാപ്പരായിപോയിരിക്കുന്നു എന്നതാണ്. ദരിദ്രരായ ഞങ്ങൾ ലോകത്തിലെ 10 ശതമാനം വരുന്ന സമ്പന്നർക്ക് (5000 കോടി രൂപ-1975ലെ മൂല്യം) കടപ്പെട്ടിരിക്കുന്നു. ഞങ്ങളിൽ ഏറ്റവും ദരിദ്ര രാജ്യങ്ങൾക്ക് കടത്തിന്റെ പലിശ പോലും കൊടുക്കാനുള്ള ശേഷിയില്ല. വർഷം പ്രതി ഒരു കോടി ടൺ ധാന്യം ഇറക്കുമതി ചെയ്യേണ്ടുന്ന ഞങ്ങൾക്ക് അതിന്ന് തന്നെ 10,000 കോടി ഡോളർ വേണം എവിടെ നിന്നുണ്ടാക്കാനാണ് ഇത്രയും ധനം? എന്റെ രാജ്യമായ പാക്കിസ്ഥാന്റെ കടം 6 ബില്ല്യൻ ഡോളറാണ്. ഇത് ഞങ്ങളുടെ മൊത്തം ദേശീയോൽ പാദനത്തിന് തുല്യമാണ്. ആറു കൊല്ലത്തെ കയറ്റുമതിയുൽപ്പാദനത്തിന് തുല്യമാണിത്. പ്രസിദ്ധ ലണ്ടൻ വാരിക ഇക്കണോമിസ്റ്റ് എഴുതി ദരിദ്രരിൽ ദരിദ്രരായ രാജ്യങ്ങൾക്ക് ഇനിമേൽ കടം കിട്ടില്ല. സ്വന്തം നീക്കിയിരിപ്പുമില്ല. ഇറക്കുമതി കുറക്കുകയേ നിർവാഹ മുള്ളൂ. ലളിതമായി പറഞ്ഞാൽ അവിടുത്തെ ജനങ്ങൾ പട്ടിണിയിലാവും

ഈ ഹ്രസ്വകാല പ്രതിസന്ധി ഒരു ദീർഘ കാല പ്രതിസന്ധിയുടെ ഭാഗംമാത്രമാണ്. ലോകത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഭീഷണമായൊരു പതനത്തിലെത്തി നിൽക്കുന്നു. വരുമാനത്തിന്റെ മുക്കാൽ പങ്കും മുതൽ മുടക്കിന്റെ മുക്കാൽ പങ്കും ഗവേഷണങ്ങളുടെ ഏതാണ്ട് നൂറ് ശതമാനവും ലോകത്തിലെ നാലിലൊന്ന് വരുന്നവരുടെ കൈകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ലോകത്തിലെ മൊത്തം ധാതു സമ്പത്തിന്റെ 78 ശതമാനം അവർ ഉപയോഗിക്കുന്നു. ആയുധങ്ങൾക്ക് വേണ്ടി മാത്രമായി അവർ ഉപയോഗിക്കുന്ന ധാതുക്കൾ മറ്റെല്ലാ രാഷ്ട്രങ്ങളുടെയും മൊത്തം ഉപഭോഗത്തേക്കാൾ കൂടുതലാണ്. 1970 ൽ ലോകത്തിൽ അമ്പന്നരായ 100 കോടി ജനങ്ങളുടെ ആളോഹരി വരുമാനം പ്രതിവർഷം 3000 ഡോളർ ആയിരുന്നു. ഏറ്റവും അടിത്തട്ടിലുള്ള ദരിദ്രരായ 100 കോടി ജനങ്ങളുടെ പ്രതി വർഷ ആളോഹരി വരുമാനം വെറും 100 ഡോളർ മാത്രം. ഇതിൽഏറ്റവും ഭീതിജനകമായ വസ്തുതയെന്തെന്നാൽ അടുത്ത ഭാവിയിലൊന്നും സ്ഥിതിഗതികളിൽ എന്തെങ്കിലും മാറ്റം വരുന്നതിന്റെ യാതൊരു സൂചനയുമില്ല എന്നതാണ്. നിലവിലുള്ള കമ്പോള വ്യവസ്ഥക്ക് കീഴിൽ 1980 ആകുമ്പോഴേക്കും ദരിദ്രരാജ്യങ്ങളുടെ ആളോഹരി വരുമാനം 100 ൽ നിന്നും 103 ഡോളറാകുമെന്നാണ് പ്രതീക്ഷ! സമ്പന്ന രാഷ്ട്രങ്ങളുടെ ആളോഹരി വരുമാനമാകട്ടെ, 3000 ഡോളറിൽ നിന്നും 4000 ഡോളറായും ഉയരും!! ഇന്നത്തെ സാമ്പത്തിക വ്യവസ്ഥയിൽ വികസനമെന്നത് വെറും തട്ടിപ്പാണെന്നത് ദരിദ്ര രാഷ്ട്രങ്ങൾ കരുതുന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്താനാവില്ല. കഴിഞ്ഞ 20 കൊല്ലത്തിനുള്ളിൽ ലോകത്താകെ 12000 കോടി ഡോളർ കടമായും മറ്റും നൽകപ്പെട്ടിട്ടുണ്ട്. അതിൽ ദരിദ്രരാഷ്ട്രങ്ങളുടെ വിഹിതം 5 ശതമാനം



സെന്റ് പോൾസ് കത്തീഡ്രൽ



താജ്മഹൽ

മാത്രമായിട്ടാണ് പരിമിതപ്പെടുത്തിയത്. ലോകത്തിലാകെ വിവിധ ഉൽപ്പന്നങ്ങൾക്കായി പ്രതി വർഷം 20,000 കോടി ഡോളർ ചെലവഴിക്കപ്പെടുന്നു. അതിന്റെ നൂറിലൊന്ന് മാത്രമാണ് യഥാർഥ ഉൽപ്പാദകർക്ക് ലഭിക്കുന്നത്. ബാക്കിമുഴുവൻ സമ്പന്ന രാജ്യങ്ങളിലെ വിതരണക്കാർക്കും ഇടനിലക്കാർക്കുമാണ് ലഭിക്കുന്നത്. ഇതിന്റെ കാരണവും ഈ വ്യവസ്ഥയാണ്. കഴിഞ്ഞവർഷം എഴുനൂറുകോടി ഡോളർ ധനസഹായമായി ദരിദ്ര രാജ്യങ്ങൾക്ക് നൽകിയതും അവരിൽ നിന്ന് വാങ്ങുന്ന സാധനങ്ങളുടെ വില കുറച്ച് അതിലും കൂടുതൽ തുക അവരിൽ നിന്നും തട്ടിയെടുത്തതും ഈ വ്യവസ്ഥതന്നെയാണ്. ഒമർഖയാമിന്റെ വാക്കുകളിൽ അവർ ആവശ്യപ്പെടുന്നതിൽ അദ്ഭുതമില്ല. അല്ലയോ പ്രേമഭാജനമേ, നമുക്കിടയിൽ നിറഞ്ഞു നിൽക്കുന്ന വിഷാദം കലർന്ന വിധിയുടെ ഗൂഢസ്മിതം നീ അറിയുക. നമുക്കതിനെ ഉടക്കാതിരിക്കുക. ഹൃദ്യമായ മറ്റൊരു രൂപം നൽകി അതിനെ നമ്മൂടെ മാറോടണക്കാം.

ദരിദ്ര കോടികളുടെ കണ്ണീരൊപ്പാൻ ബ്രസീൽ, മെക്സിക്കോ, അൾജീരിയാ, പാകിസ്താൻ തുടങ്ങിയ മൂന്നാം ലോക രാജ്യങ്ങളിലെ പ്രതിഭാശാലികളായ യുവ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ മറ്റുചില സാമ്പത്തിക വിദഗ്ധരുടെ സഹായത്തോടെ വികസനത്തിന് ഒരു പുതിയ പാത കണ്ടെത്തുന്നതിനും വളർച്ചയുടെ പരിമിതികൾ തിട്ടപ്പെടുത്തുന്നതിന്നും വേണ്ടി ശ്രമിക്കുകയായിരുന്നു. ഭൗതിക ശാസ്ത്രജ്ഞരോ സാങ്കേതിക വിദഗ്ധരോ ഈ ശ്രമത്തിൽ പങ്കുകൊണ്ടില്ലെന്ന കാര്യത്തിൽ ഞാൻ ലജ്ജിക്കുന്നു. ഈ പഠനമാണ് പുതിയ സാർവ ദേശീയ സാമ്പത്തിക ക്രമം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനരേഖയായി ത്തീർന്നത് 1974 ൽ ചേർന്ന ഐക്യ രാഷ്ട്രസഭയുടെ ആറാം സ്പെഷ്യൽ സമ്മേളനത്തിലാണല്ലോ ഈ പ്രഖ്യാപനമുണ്ടായത്. അതിന്റെ തുടർച്ചയെന്ന നിലക്കും 1974 ൽ ഐക്യ രാഷ്ട്ര സഭ വിളംബരം ചെയ്ത സാമ്പത്തികാവകാശ ചാർട്ടറിന് അത്യാവശ്യം വേണ്ട പല്ലും നഖവും നൽകുക എന്ന ഉദ്ദേശ്യത്തോടെയും വിളിച്ചുചേർത്ത ഇയ്യിടെ അവസാനിച്ച ഈ സമ്മേളനം

13-ാം നൂറ്റാണ്ടിലെ ടോംപെയിന്റെ മനുഷ്യാവകാശ പ്രഖ്യാപനം, 19-ാം നൂറ്റാണ്ടിലെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തുടങ്ങിയ മഹത്തായ പ്രഖ്യാപനങ്ങളോട് സാദൃശ്യപ്പെടുത്തിയാണ് ദരിദ്ര രാജ്യങ്ങൾ ഈ പ്രഖ്യാപനത്തെ കാണുന്നത്. ഈ നവലോക സാമ്പത്തിക ക്രമത്തെ സമ്പന്ന രാജ്യങ്ങളിലെ എസ്റ്റാബ്ളിഷ്മെന്റുകൾ എങ്ങനെ നോക്കിക്കാണുന്നുവെന്ന് വിലയിരുത്താൻ പ്രയാസമാണ്. 1974 ൽ ഐക്യരാഷ്ട്ര സഭയിലെ ചില സമ്പന്ന രാജ്യങ്ങളുടെ പ്രതിനിധികൾ നടത്തിയ പരിഹാസ ദ്യോദകമായ കമന്റുകളിൽ നിന്നും ഇതിന് നേരെ അവരുടെ പുച്ഛഭാവം കലർന്ന നിലപാട് വ്യക്തമാകുന്നു. ആലങ്കാരിക പ്രയോഗങ്ങളുടെ മിഥ്യാലോകം എന്നാണ് ചിലർ ഈരേഖയെ വിശേഷിപ്പിച്ചത്. മറ്റ് ചിലരുടെ അഭിപ്രായത്തിൽ ഓരോ പ്രമേയവും മുമ്പത്തേതിനേക്കാൾ നീണ്ടതും ആവർത്തന വിരസവുമാണ്. വായിക്കാൻ കൊള്ളാത്തത്, ദിവാ സ്വപ്നങ്ങൾ ... ഇങ്ങനെ പോകുന്നു ഈ രേഖയെ പറ്റി സമ്പന്നരാജ്യങ്ങളുടെ കമന്റുകൾ. ഇതിൽ നിന്നും സമ്പന്ന രാജ്യങ്ങളുടെ സമീപനം വ്യക്തമാണല്ലോ. ഇക്കൊല്ലം അൽപ്പം മാറ്റമുണ്ടായി. അത് വെറും ചടങ്ങായി മാറിയില്ല. ഡോ: കിസ്സിൻജർ സമ്മേളനത്തിൽ സ്വാഗതാർഹമായ ചില നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സഹകരണ ഫണ്ടുകൾ, സംയുക്ത സംരഭങ്ങൾ, സഹായങ്ങൾ മുതലായവയുടെ ഒരു പാക്കേജ് പദ്ധതിയാണിത്. അതേപറ്റി ഞാൻ പിന്നീട് പറയാം സമ്പന്ന രാജ്യങ്ങളിലെ വിദേശ കാര്യ മന്ത്രിമാരും ധനകാര്യ മന്ത്രിമാരും മാത്രം ദരിദ്ര രാജ്യങ്ങളോട് സംവദിച്ചാൽ പോര. അവിടത്തെ ബുദ്ധിജീവികളും പൊതുജനങ്ങളും ദരിദ്രരുടെ പ്രശ്നങ്ങൾ സത്യസന്ധമായി ഗ്രഹിക്കേണ്ടതുണ്ട്.

ദരിദ്രരും ധനികരും തമ്മിലുള്ള ഈ അന്തരത്തെ പറ്റിയുള്ള അവബോധത്തിൽ നിന്നാണ് ദരിദ്രരാജ്യത്തു നിന്നുള്ള എളിയ ഒരു പ്രകൃതിശാസ്ത്രജ്ഞൻ എന്ന നിലക്കും ഐക്യരാഷ്ട്ര സഭയെ അഗാധമായി സ്നേഹിക്കുന്ന ഒരാളെന്ന നിലയിലും ഞാൻ എന്റെ ഹൃദയ വികാരങ്ങൾ നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നത്.. ഞാനൊരു സാമ്പത്തിക ശാസ്ത്രജ്ഞനല്ലെങ്കിലും ഈ കൃത്യം നിർവഹിക്കുന്നു.



ഐെസക്ക് ന്യൂട്ടൺ

## താജ്മഹലും സെന്റ് പോൾസ് കത്തീഡ്രലും

ദരിദ്ര രാജ്യങ്ങളുടെ മാനസിക സ്ഥിതി മനസ്സിലാക്കണമെങ്കിൽ നിങ്ങൾ ചില കാര്യങ്ങൾ അറിഞ്ഞിരിക്കണം. മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ക്രി.വ. 1660ൽ ആധുനിക ലോക ചരിത്രത്തിലെ അതിഗംഭീരങ്ങളായ രണ്ട് സ്മാരകങ്ങൾ പണിതുയർത്തപ്പെട്ടു. ഒന്ന് പടിഞ്ഞാറും മറ്റൊന്ന് കിഴക്കും. ലണ്ടനിലെ സെന്റ് പോൾ പള്ളിയും ആഗ്രയിലെ താജ്മഹലും ഈ ചരിത്ര കാല ഘട്ടത്തിൽ രണ്ട് സംസ്കാരങ്ങൾ, വാസ്തു വിദ്യയിലും ശിൽപ്പവേലയിലും ധാരാളിത്ത്വത്തിലും നവീനതയിലും ഏത് നിലവാരത്തിൽ എത്തിനിൽക്കുന്നു എന്നതിന്റെ ഉത്തമ നിദർശനങ്ങളാണ് ഈ സ്മാരകങ്ങൾ. വാക്കുകളേക്കാൾ വാചാലമായ പ്രതീകങ്ങൾ!.

ഏതാണ്ട് ഇതേ സമയത്ത് മൂന്നാമതൊരു സ്മാരകം കൂടി ലോകത്ത് സമർപ്പിക്കപ്പെട്ടു. മാനവരാശിക്ക് ഏറെ വിലപ്പെട്ട മഹത്തായ ഒരു സ്മരണികയായിരുന്നു അത്. ഇത് പടിഞ്ഞാറ് മാത്രമാണ് സംഭവിച്ചത്. 1687 ൽ പ്രസിദ്ധപ്പെടുത്തിയ ന്യൂട്ടന്റെ പ്രിൻസിപ്പിയ (Princpia) യായിരുന്നു അത്. മുഗൾ ഇന്ത്യയിൽ ഇതിന് സമാനമായി ഒന്നുമുണ്ടായില്ല. താജ്മഹൽ നിർമിച്ച സാങ്കേതിക വിദ്യ ന്യൂട്ടന്റെ പ്രിൻസിപ്പിയക്ക് ശേഷം ജന്മം കൊണ്ട സംസ്കാരവും അവരുടെ സാങ്കേതിക വിദ്യയുമായി സമ്പർക്കപ്പെട്ടപ്പോൾ ആദ്യത്തേതിന് വന്നുഭവിച്ച വിധിയെന്തായിരുന്നു എന്ന് നമുക്കൊന്ന് പരിശോധിക്കാം.

ആദ്യത്തേ ആഘാതമുണ്ടായത് 1757ൽ ആണ്. താജ്മഹൽ നിർമിച്ച് ഏതാണ്ട് നൂറ് കൊല്ലം കഴിഞ്ഞതിന് ശേഷം വെടിമരുന്ന് കൊണ്ടു പ്രവർത്തിക്കുന്ന ക്ലൈവിന്റെ ചെറിയ തോക്കുകൾ ഷാജഹാന്റെ പിന്മുറക്കാരെ ദാരുണമായി പരാജയപ്പെടുത്തി. വീണ്ടും ഒരു നൂറു കൊല്ലം കൂടി കഴിഞ്ഞപ്പോൾ 1857ൽ അവസാനത്തെ മുഗൾ ചക്രവർത്തി ദില്ലിയിലെ തന്റെ കിരീടവും ചെങ്കോലും വിക്ടോറിയാ രാജ്ഞിക്ക് അടിയറവ് വെക്കാൻ നിർബന്ധിത നായി. പ്രതാപമുഗ്ദമായ ഒരു സാമ്രാജ്യത്തിന്റെ അന്ത്യം മാത്രമായിരുന്നില്ല അത്. കലയുടേയും സംസ്കാരത്തിന്റേയും സാങ്കേതികവിദ്യയുടേയും വിജ്ഞാനത്തിന്റേയും മഹത്തായ ഒരു പാരമ്പര്യം ആകെയും അന്യം നിന്നു പോകുകയായിരുന്നു. 1857 ആയപ്പോഴേക്കും ഇന്ത്യയിൽ ഭരണത്തിന്റേയും വിജ്ഞാനത്തിന്റേയും ഭാഷ പേഴ്സ്യനിൽ നിന്നും ഇംഗ്ലീഷായി മാറി. സ്കൂളുകളിൽ ഒമർഖയാമിന്റേയും ഹാഫിസിയുടേയും സ്നേഹ ഗീതങ്ങൾക്ക് പകരം ഷേക്സ്പിയറും മിൽട്ടനും സ്ഥാനം പിടിച്ചു കഴിഞ്ഞിരുന്നു. ഇബ്നു സീനയുടെ വൈദ്യം വിസ്മരിക്കപ്പെട്ടു. ഡാക്കയിലെ മസ്ലീൻ നിർമാണകല നശിച്ചുകഴിഞ്ഞിരുന്നു. പകരം ലങ്കാഷയറിൽ നിന്നുള്ള പരുത്തിതുണികൾ സ്ഥാനം പിടിച്ചു.

ഇന്ത്യയുടെ അടുത്ത നൂറുവർഷത്തെ ചരിത്രം തീക്ഷ്ണമായ ചൂഷണങ്ങളുടെ കഥയാണ്. അതിനെ പറ്റിയൊന്നും ഞാനിപ്പോൾ സംസാരിക്കുന്നില്ല. അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയിൽ ഞാൻ വളർന്നുവന്ന ശാസ്ത്ര സാങ്കേതിക ചുറ്റുപാടുകളെക്കുറിച്ച് മാത്രമേ ഞാൻ വിവരിക്കുന്നുള്ളൂ. ഇന്ന് പാകിസ്താൻ എന്നറിയപ്പെടുന്ന പ്രദേശത്ത് ബ്രിട്ടീഷുകാർ 31 ഹൈസ്കൂളുകളും ആർട്സ് കോളേജുകളുമാണ് സ്ഥാപിച്ചത്. അന്നത്തെ ജനസംഖ്യ ഏതാണ്ട് 4 കോടിയായിരുന്നു. അവർക്കെല്ലാം കൂടി ഒരു എഞ്ചിനീയറിങ്ങ് കോളേജ് മാത്രമാണുണ്ടായിരുന്നത്. ഈ നയങ്ങളുടെ ഫലം ഊഹിക്കാവുന്നതേയുള്ളൂ.

കൃഷിയിൽ രാസവളങ്ങളും കീടനാശിനികളും സൃഷ്ടിച്ച രാസവിപ്ലവം ഞങ്ങളെ സ്പർശിച്ചുപോലുമില്ല. നിർമാണ വിദ്യകൾ തികച്ചും വിസ്മൃതങ്ങളായി. ഇരുമ്പു വേണമെങ്കിൽ അത് ഇംഗ്ലണ്ടിൽ നിന്നും വരണം ഈ ചുറ്റുപാടിലാണ്, ഏകദേശം ഇരുപത്തിയഞ്ചുകൊല്ലത്തിന് മുമ്പ് ഞാൻ ലാഹോറിൽ നിന്ന് ആധുനിക ഭൗതിക ശാസ്ത്രം പഠിക്കാനും അതിൽ ഗവേഷണം നടത്താനും ആരംഭിച്ചത്.

നൂറ് വർഷത്തെ ബ്രിട്ടീഷ് ഭരണത്തിന് ശേഷം പാകിസ്താൻ സ്വതന്ത്രമായി. അന്നത്തെ ഞങ്ങളുടെ ആളോഹരി വാർഷിക വരുമാനം 80 ഡോളറായിരുന്നു. സാക്ഷരത 20 ശതമാനവും. ജനസംഖ്യ വർഷം പ്രതി 3 ശതമാനം കണ്ട് വർധിച്ചുകൊണ്ടിരുന്നു. ജലസേചന സംവിധാനം പാടേ തകർന്നു. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളൊന്നുമില്ല. ശിശു മരണ നിരക്കാകട്ടെ വളരെ കൂടുതൽ.12ശിശുക്കളിൽ 5 പേരേ 1 വയസ്സിൽ കൂടുതൽ ജീവിച്ചിരുന്നുള്ളൂ. വാർദ്ധക്യകാലത്തേക്കുള്ള ഒരേയൊരു ആവശ്യം എന്ന നിലക്ക് ഒരു കുഞ്ഞിന്റെ പ്രത്യേകിച്ച് ആൺ കുഞ്ഞിന്റെ ജനനം അവരാഗ്രഹിക്കുകയും ഉയർന്ന ജനന നിരക്ക് ഉണ്ടാകുകയും ചെയ്യുന്നു.

## സ്വാതന്ത്ര്യവും ദാരിദ്ര്യവും

അങ്ങനെ പാകിസ്താന് സ്വാതന്ത്ര്യം ലഭിച്ച രാജ്യങ്ങളുടെ നിരയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ഞങ്ങൾക്ക് ഇനി തലപുകഞ്ഞാലോചിക്കേണ്ട പ്രശ്നങ്ങളൊന്നുമില്ല. ഞങ്ങളുടെ വർധിച്ചുവരുന്ന ജനതയുടെ ഭക്ഷണം ഉൽപാദിപ്പിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്ന് ഞങ്ങൾ മോചിതരായി. അമേരിക്കയിൽ മിച്ചം വരുന്ന ഗോതമ്പ് ഇറക്കുമതിചെയ്യാൻ തുടങ്ങി.

ആദ്യം പി എൽ 480 അനുസരിച്ച് എത്ര ഗോതമ്പ് വേണമെങ്കിലും കിട്ടുമെന്ന് വന്നു. ഈ ഉദാരതയുടെ ധാരാളിത്തം കണ്ട് ഞങ്ങളുടെ ധനകാര്യ മന്ത്രിമാരിലൊരാൾ പാകിസ്താനിൽ ഇനിമേൽ ഗോതമ്പ് കൃഷികുറക്കാനും തൽസ്ഥാനത്ത് പുകയില കൃഷി വർധിപ്പിക്കാനും വരെ കല്പന നൽകി. ഞങ്ങൾ ഹാർഡ്‌വാർഡ് സർവ കലാശാലയിൽ നിന്ന് പേരു കേട്ട വികസനാസൂത്രകരെ കൊണ്ടുവന്നു. അവർ ഞങ്ങളോട് പറഞ്ഞു, ഞങ്ങൾ ഉരുക്കു വ്യവസായങ്ങളൊന്നും ആരംഭിക്കേണ്ട കാര്യമില്ല. പിറ്റ്സ് ബർഗിൽ നിന്നു എത്ര വേണമെങ്കിലും വാങ്ങാം എണ്ണ ഇറക്കുമതിയുടേയു എന്തിന് വിപണത്തിന്റെ ചുമതലകൂടി ഞങ്ങൾ ബഹുരാഷ്ട്ര കമ്പനികളെ ഏൽപ്പിച്ചു. അന്ന് എണ്ണ സുലഭമായിരുന്നു. അതിനാൽ ഞങ്ങളുടെ നാട്ടിൽ എണ്ണയുടെ പര്യവേഷണം നടത്തുന്നതിൽ അവർക്ക് ഒട്ടും താൽപര്യമുണ്ടായിരുന്നില്ല.

അങ്ങനെ പുതുതായി സ്വാതന്ത്ര്യം നേടിയ കോളനികളുടെ സമ്പദ്‌വ്യവസ്ഥക്ക് പാകിസ്താൻ ഒരു ക്ലാസിക്ക് ഉദാഹരണമായിത്തീർന്നു. രാഷ്ട്രീയാടിമത്ത്വത്തിന് പകരം സാമ്പത്തികാടിമത്തം വന്നു. സ്കീമുകളനുസരിച്ച് അവർക്ക് ഞങ്ങൾ വില

# ഖലീഫത്തുൽ മസീഹിന്റെ സന്ദേശം

2011 October 30
LONDON

### കേരളത്തിലെ കോഴിക്കോട് പീസ് കോൺഫറൻസിൽ പങ്കെടുത്തവർക്കുള്ള സന്ദേശം

**അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു** നിങ്ങളിലെല്ലാവരിലും അല്ലാഹുവിന്റെ അനുഗ്രഹവും സമാധാനവും ഉണ്ടാവട്ടെ.

2008 നവംബർ അത്രമാത്രം വിദൂരസ്ഥമായ ഒരു ഭൂതകാലമായി എനിക്ക് തോന്നുന്നില്ല. കേരളത്തിലെ ജമാഅത്തും കോഴിക്കോട്ടെ വിവിധ സമൂഹനേതാക്കളും എനിക്ക് നൽകിയ വികാരസാന്ദ്രവും ഊഷ്മളവുമായ സ്വീകരണം ഞാൻ വ്യക്തമായും ഓർക്കുന്നു. ആയതുകൊണ്ട് സമാധാനത്തിന്റേയും നന്മയുടേയും ശുഭാശംസകൾ വീണ്ടും നേരുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ആദ്യമായി ഈ സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഞാൻ ഹാർദമായ കൃതജ്ഞത അറിയിക്കട്ടെ. ഈ പ്രദേശത്തെ ജനങ്ങൾ തമ്മിലുള്ള എല്ലാവിധ തെറ്റിദ്ധാരണകളും അകറ്റി അവർക്കിടയിൽ മഹിതമായ സഹിഷ്ണുതയും സ്നേഹവും ഊട്ടിയുറപ്പിക്കുക എന്നതായിരിക്കണം ഈ സമ്മേളനത്തിന്റെ പരമമായ ലക്ഷ്യം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അതിന്റെ ആദ്യകാലം മുതൽക്കെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മതാചാര്യന്മാരെ ആദരിക്കുന്ന സമ്മേളനത്തിന് ആതിഥേയത്വം വഹിച്ചുപോന്നിട്ടുണ്ട്. വിവിധ മതസ്ഥാപകരുടെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ കേരളത്തിൽ പ്രാദേശികമായി വിശ്വശാന്തി സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. നാം ഒരു ആഗോളഗ്രാമത്തിൽ വസിക്കുന്നവരാണെന്ന് അവകാശപ്പെടുമ്പോൾ തന്നെ ലോകം ഇച്ഛാഭംഗത്തോടെ സമാധാനം അന്വേഷിക്കുകയാണ്. മാനവരാശി പൂർവാധികം വിഭജിതമായതായും സമാധാനം എല്ലാവിഭാഗം ജനവിഭാഗങ്ങളിൽ നിന്നും തെന്നിമാറുന്നതായും നാം കാണുന്നു. അതിനാൽ വ്യക്തികൾക്കിടയിലും സമൂഹങ്ങൾക്കിടയിലും വിശ്വവ്യാപകമായും ശാന്തി പുനഃസ്ഥാപിക്കുന്നതിൽ മതനേതാക്കന്മാർക്ക് മുഖ്യമായ പങ്കാണ് നിർവഹിക്കാനുള്ളത്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിശുദ്ധ സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) രചിച്ച 'സമാധാനസന്ദേശം' എന്ന് സമുചിതമായി വിളിക്കാവുന്ന ലഘുകൃതിയിൽ നിന്നും ഒരു ഭാഗം ഞാനുദ്ധരിക്കാം. അദ്ദേഹം താനാണ് വാഗ്ദത്ത മസീഹും ലോകം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന പരിഷ്ക്കർത്താവുവെന്നും വാദിക്കുകയുണ്ടായി. അദ്ദേഹം എഴുതുന്നു:

**'നാം ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ നൂറുക്കണക്കിന് വ്യത്യാസങ്ങളുണ്ടെങ്കിലും പൊതുവായ ഒരു കാര്യമുണ്ട്. നാം പ്രപഞ്ച സ്രഷ്ടാവും പ്രപഞ്ചനാഥനുമായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. നാമെല്ലാം മനുഷ്യൻ എന്ന ഒരേ ജീവിഗണത്തിൽപെട്ടവരാണ്. അതിൽ കൂടുതലായി ഒരേ രാജ്യനിവാസികളാണ്. നാം പരസ്പരം അയൽവാസികളാണ്. ഉദ്ദേശങ്ങളുടെ ആത്മാർത്ഥതയിലും ഹൃദയശുദ്ധിയിലും നാം പരസ്പരം സുഹൃത്തുക്കളായിരിക്കണമെന്ന് ഇത് നമ്മോടാവശ്യപ്പെടുന്നു. നാം തമ്മിൽ അനുകമ്പാഭാവത്തോടും സഹായമനസ്ഥിതിയോടും കൂടി പെരുമാറണം. മതപരവും ഭൗതികവുമായ കാര്യങ്ങളിൽ വൈഷമ്യങ്ങൾ നേരിടുമ്പോൾ ഒരേ ശരീരത്തിലെ അവയവങ്ങളെ പോലെ നാം പരസ്പരം സഹതാപം കാണിക്കണം"**

സമ്പൂർണ്ണമായും നീതിപാലിച്ചുകൊണ്ടുമാത്രമേ സമൂഹത്തിൽ സമാധാനം സ്ഥാപിക്കാൻ സാധ്യമാവൂ എന്ന കാര്യം നാമോർക്കണം. സമൂഹത്തിൽ സമാധാനഭംഗം സൃഷ്ടിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നതാണ്. മനുഷ്യഹൃദയത്തിലുള്ള വിദ്വേഷം, മത

---

കുറഞ്ഞ അസംസ്കൃത വസ്തുക്കളായ ചണം, പരുത്തി, തേയില, തുകൽ മുതലായവ നൽകണം. 1956ൽ മാത്രമാണ് ഒരു കാര്യം എന്റെ ശ്രദ്ധയിൽ പെട്ടത്. ഞങ്ങൾ കയറ്റി അയക്കുന്ന ഉൽപ്പന്നങ്ങളുടെ വില തുടർച്ചയായി കുറയുന്നു. ചിലപ്പോൾ അത് കുത്തനെ ഇടിയുന്നു. എന്നാൽ ഞങ്ങൾക്ക് ഇറക്കുമതി ചെയ്യേണ്ട വ്യാവസായിക ഉൽപ്പന്നങ്ങളുടെ വില നിരന്തരം വർധിക്കുന്നു. വികസിത രാജ്യങ്ങളിലെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ കൂടുന്നതിന്റെ ഉത്തരവാദിത്വം കൂടി ദരിദ്ര രാജ്യങ്ങളായ ഞങ്ങളാണ് വഹിക്കേണ്ടി വരുന്നത്. കമ്പോള സമ്പദ്‌വ്യവസ്ഥയുടെ ഭാഗമാണത്രേ ഇതെല്ലാം. കനത്ത വില കൊടുത്ത് അവരിൽ നിന്ന് ഞങ്ങൾ യന്ത്രങ്ങൾ ഇറക്കുമതി ചെയ്തു. അവ ഉപയോഗിച്ചു ഉണ്ടാക്കിയ ഉൽപ്പന്നങ്ങൾക്ക് ഉദാഹരണത്തിന് പരുത്തിതുണിയുണ്ടാക്കിയപ്പോൾ അവ ഇറക്കുമതി ചെയ്യുന്നതിനെതിരെ ഈ രാജ്യങ്ങൾ കനത്ത ചുങ്കങ്ങൾ ഏർപ്പെടുത്തി. ഞങ്ങളുടെ തൊഴിലാളികളുടെ കൂലി കുറവാണ്. അത് കൊണ്ട് ഞങ്ങൾക്ക് മത്സരിക്കാനാവുമായിരുന്നു. പക്ഷേ അത് അന്യായമാണത്രേ!

ഈ തീരുവ ചുമത്തലിന്റെ സ്വഭാവം മനസ്സിലാക്കാൻ ഒരുദാഹരണമെടുക്കാം. പാകിസ്താന് പരുത്തിക്കുരുകയറ്റി അയക്കണം എന്നിരിക്കട്ടെ. ഇറക്കുമതി രാജ്യത്ത് അതിന്റെ തീരുവ ഒരു ടണ്ണിന്ന് നൂറു ഡോളർ മതി. പക്ഷേ കുരു ആട്ടി എണ്ണയാക്കിയാലോ പൊളിഞ്ഞു പാളീസായതു തന്നെ! എണ്ണ നിർമിത വസ്തുവാണു പോലും. അതു കൊണ്ട് അത് കയറ്റി അയക്കുമ്പോൾ അതിന്റെ തീരുവ ടണ്ണിന് 600 ഡോളർ. ഉരുക്ക് യന്ത്രങ്ങൾ, രാസവളം, ആയുധങ്ങൾ എന്നിവക്കെല്ലാമുള്ള മാർക്കറ്റാണ് ഞങ്ങളുടെ രാജ്യം. എന്നാൽ യന്ത്രങ്ങൾ ഉപയോഗിച്ച് ഞങ്ങളുടെ രാജ്യം ഉണ്ടാക്കുന്ന ഒന്നുപോലും കയറ്റി അയച്ചുകൂടാ. പിന്നെ ഞങ്ങൾ പാപ്പരായതിൽ അത്ഭുതപ്പെടാനുണ്ടോ?

വിശ്വാസങ്ങൾ തമ്മിൽ പരസ്പരം സഹിഷ്ണുത പ്രകടിപ്പിക്കുകയോ ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുകയോ ചെയ്യാതിരിക്കൽ, ഭൗതികമായ പ്രലോഭനങ്ങൾ, നീതിതത്ത്വങ്ങൾ പാലിക്കാതിരിക്കൽ മുതലായവയാണവ. നീതിയുടെ ആവശ്യങ്ങളും മാനദണ്ഡങ്ങളും പൂർത്തീകരിക്കാൻ നാം എല്ലാ ശ്രമവും നടത്തണം. നാം തമ്മിൽ ഉദാത്തമായ ബഹുമാനവും പരസ്പരം പരിഗണനയും ഉള്ളവരായിരിക്കണം. അത് വഴി നമുക്ക് ഈ പ്രദേശത്ത് ഈ നഗരത്തിൽ ഈ രാജ്യത്ത് ഈ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിൽ പങ്ക് വഹിക്കാൻ സാധിക്കും.

നീതിയുടെ അവകാശങ്ങൾ നിറവേറ്റാൻ വിശുദ്ധ ഖുർആൻ നമ്മോടു അനുശാസിക്കുന്നതെങ്ങനെയാണെന്ന് കാണുക.

**'ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെകുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണ് (അദ്ധ്യായം 5 സൂറ: 9).**

അഹ്മദീ മുസ്ലിംകളായ ഞങ്ങൾക്ക് ആരോടും ശത്രുതയില്ല. ആരെങ്കിലും ഞങ്ങൾക്കെതിരിൽ ശത്രുത വെച്ചുപുലർത്തുകയാണെങ്കിൽ മാനവീയമായ ആർദ്രതയാലും മാനവീയതയോടുള്ള സ്നേഹാതിരേകത്താലും ഞങ്ങൾ അവർക്കു വേണ്ടി പ്രാർഥിക്കും. അല്ലാഹു അവരുടെ ഹൃദയത്തിൽ നിന്നും വിദ്വേഷം വിപാടനം ചെയ്ത് അവർക്ക് സന്മാർഗ പാത കാണിച്ചുകൊടുക്കട്ടെ.

ഇന്ന് ലോകം സംഘർഷ ഭരിതമാണ്. സ്നേഹത്തിന്റേയും മമതയുടേയും അന്തരീക്ഷം സൃഷ്ടിച്ച് ഈ ഉത്കണ്ഠയും ഭയവും നാം നീക്കിക്കളയണം അങ്ങനെ നമുക്ക് ചുറ്റും സമാധാനം പുനസ്ഥാപിക്കണം. പൂർവാധികം സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും വഴിയിൽ ജീവിക്കാൻ നാം പഠിക്കണം. മാനുഷിക മൂല്യങ്ങളെ നാം അംഗീകരിക്കണം. ഇന്ന് ലോകത്തിനേറ്റവും ആവശ്യമുള്ളതിതാണ്.

സ്നേഹത്തോടും സമാധാനത്തോടും ജീവിക്കാൻ അല്ലാഹു നമ്മെ പ്രാപ്തരാക്കട്ടെ എന്നാണ് എന്റെ പ്രാർഥന. എവിടെയാണോ വിദ്വേഷത്തിന്റെ അടയാളങ്ങൾ നിലനിൽക്കുന്നത് അവിടെ നിന്ന് അവ അവയെ നിർമ്മാർജനം ചെയ്യണം. അത്തരം ഹൃദയങ്ങളിൽ ഏക ദൈവത്തോടുള്ള ഭയം അങ്കുരിക്കണം. നിങ്ങൾ നിങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവന്റെ ആരാധകരായിത്തീരുകയും വേണം. മതത്തിന്റെ പേരിൽ ഒരു ദോഷത്തിനും നാം കാരണക്കാരാവരുത്. ഭൗതികമായ അത്യാർത്തിയുടെ പിന്നാലെ നാം പോകരുത്. ഈ സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കട്ടെ. അവൻ എല്ലാവരുടേയും മാർഗദർശകനും സംരക്ഷകനുമായിത്തീരുമാറാകയും ചെയ്യട്ടെ. ആമീൻ.

മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് ഖാമിസ്
(അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ ആഗോള നേതാവ്)


# സത്യദൂതൻ വരിക്കാരാവുക



**സത്യദൂതൻ**

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്ലാമിക പ്രസിദ്ധീകരണം

പ്രസിദ്ധീകരണത്തിന്റെ 86 വർഷങ്ങൾ പിന്നിട്ട സത്യദൂതൻ മാസികയ്ക്ക് പുതിയതായി വരിക്കാരെ ചേർക്കുന്നതിന് ഡിസംബർ, ജനുവരി മാസങ്ങൾ പ്രചാരണ മാസമായി നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഈ അവസരത്തിൽ മാന്യ വായനക്കാരും വരിക്കാരും അതിനായുള്ള പരിശ്രമത്തിൽ സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

നിലവിലെ വരിക്കാരും 2011 ലെ വരിസംഖ്യ അടച്ച് സബ്സ്ക്രിബ്ഷൻ പുതുക്കണമെന്നും കുടിശികയുള്ളവർ അടച്ചുതീർക്കണമെന്നും ഉണർത്തുന്നു.

എന്ന്
മാനേജർ,
സത്യദൂതൻ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

# കേരള സംസ്ഥാന സമ്മേളനം ഒരവലോകനം

എ. ക്യു. മഹ്ദി

2011 നവംബർ 12, 13, തീയതികളിൽ കോഴിക്കോട് നടന്ന സംസ്ഥാന സമ്മേളനത്തെപ്പറ്റി ലേഖകൻ വിവരിക്കുന്നു

**വ**ല്ലാത്ത തിരക്കുള്ള പകൽദിവസമായിരുന്നു എനിക്ക് നവംബർ 11 വെള്ളിയാഴ്ച്ച. വെള്ളിയാഴ്ച്ച പത്രത്തിൽ കണ്ട 11-11-11 തീയതിയെ സൂചിപ്പിക്കുന്ന അക്കവൈചിത്ര്യം തെല്ലൊരു രസഭാവത്തിൽ വായിച്ചു തുടങ്ങിക്കൊണ്ടാണ് ദിവസം തുടങ്ങിയത് കോഴിക്കോട്ടെത്തിയ ഞാൻ സംസ്ഥാന ജൽസയിൽ പങ്കെടുക്കാൻ ഹോട്ടലിൽ നിന്നും സമ്മേളന നഗരിയിലേക്ക് വന്നു. ആദ്യ ദിവസത്തെ പരിപാടി തന്നെ പ്രശംസനീയമായ നിലയിൽ മനസ്സിന് സംതൃപ്തി നൽകുന്ന വിധത്തിലാണ് നടന്നത്. അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്ന അഹ്മദീവളണ്ടിയർമാരെ കൃതജ്ഞതയാർന്ന കണ്ണുകളോടെ ഞാൻ നോക്കി നിന്നു. അവരിലധികവും കൗമാരക്കാരും യുവാക്കളുമായിരുന്നുവെങ്കിലും അൻസാർ (അഹ്മദിയ്യാ വയോജന സംഘടനയിലെ അംഗങ്ങൾ) നേതൃത്വം എല്ലാറ്റിനുമുണ്ടായിരുന്നു. എത്ര ചടുലമായാണ് ഒട്ടും സമയം പാഴാക്കാതെ നമ്മുടെ കുട്ടികൾ സേവനമനുഷ്ഠിച്ചത്. എന്തിന് അത്ഫാൽ ബാലന്മാർ പോലും കുഞ്ഞു ഭാവത്തിലുള്ള അവരുടെ കർമനിരത വ്യക്തമാക്കിയത് വാൽസല്യത്തോടേ ഞാൻ നോക്കിനിന്നു. ഇത്ര വലിയ ജനക്കൂട്ടത്തെ മാനേജ് ചെയ്യാനും എല്ലാവർക്കും സേവനമെത്തിക്കാനും നമ്മുടെ കുട്ടികൾക്കാവുമോ എന്നനേരിയ സന്ദേഹം എനിക്കുണ്ടായി എന്നത് ഞാൻ മറച്ചുവെക്കുന്നില്ല. ആശങ്കക്ക് സ്ഥാനമുണ്ടായിരുന്നില്ല. അവർ നിശ്ചയദാർഢ്യത്തോടെ ഇച്ഛാശക്തിയോടെ തന്നെ തങ്ങളുടെ കടമ കൾ പിഴവുകളില്ലാതെ നിറവേറ്റി.

ഒരുപക്ഷേ ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത കേരള ജൽസയായിരിക്കാമിത്. സമ്മേളന പന്തലിലെത്തിയപ്പോൾ ഇത്രയധികം പേർക്ക് എങ്ങനെ ജമാഅത്തായി നമസ്കരിക്കാൻ കഴിയും എന്ന സംശയം എന്റെ മനസ്സിലുദിച്ചിരുന്നു. അതിനുള്ള ആസൂത്രണങ്ങളെല്ലാം മുൻകൂട്ടി ചെയ്യപ്പെട്ടിരുന്നു. എന്ന് പിന്നീടാണ് മനസ്സിലായത്. നമ്മുടെ കുട്ടികൾ യാന്ത്രിക വേഗതയിൽ ഇരിപ്പിടങ്ങൾ ഞൊടിയിട കൊണ്ട് വശങ്ങളിലേക്ക് മാറ്റി അടുക്കിവെച്ച് പ്ലാസ്റ്റിക്ക് പായ വിരിച്ച് പ്രാർഥനക്ക് വേദിയൊരുക്കി. നമസ്കാരത്തിന് ശേഷം റിവേഴ്സ് പ്രക്രിയയിലൂടെ ഹാൾ വീണ്ടും സമ്മേളനവേദിയായി. ഇത്രയധികം ഭാവനയും കർമശേഷിയും ദ്രുതഗതിയിലുള്ള പ്രവർത്തനവും കാണുമ്പോൾ നമ്മുടെ കുട്ടികളിൽ നമുക്കുള്ള പ്രതീക്ഷകളെ അത് ശക്തമാക്കുന്നു.

ഭാരവാഹികളേയും സംഘാടകരേയും ഏറ്റവും ശ്ലാഘിക്കേണ്ടത് രണ്ടാം ദിവസം വൈകുന്നേരത്തെ പൊതു സമ്മേളന വേദിയായ കോഴിക്കോട് ബീച്ച് തിരഞ്ഞെടുത്തതി ലാണ്. സമ്മേളനം നടക്കുന്ന ബീച്ച് ഒന്നു കാണാമെന്ന് വെച്ച് താമസിക്കുന്ന ഹോട്ടലിൽ നിന്ന് ഭാര്യയും ഞാനും കൂടി പ്രഭാത സവാരിക്കിറങ്ങി. അപ്പോഴും ബീച്ച് പലവിധ കായിക വിനോദങ്ങളിലേർപെട്ടവരെ കൊണ്ടും പ്രഭാത നടത്തക്കാരെ കൊണ്ടും സജീവമായിരുന്നു. നന്നായി, ഇത്ര വിശാലവും മനോഹരവുമായ ഒരു സ്ഥലം തിരഞ്ഞെടുത്തതിന് സംഘാടകരെ മനസ്സു കൊണ്ടു അഭിനന്ദിച്ചു.

മുതലക്കുളത്തെ ബൈത്തുൽ ഖുദ്ദൂസിൽ തിരിച്ചെത്തിയപ്പോൾ ആളുകൾ വന്നു കൊണ്ടിരിക്കുന്നു. യോഗം ആരംഭിക്കുന്നതിന് മുമ്പു തന്നെ കസേരകൾ നിറയാൻ തുടങ്ങി. രണ്ടാം നാളിലും പല അഹ്മദീ സുഹൃത്തുകളുമായി പരിചയം പുതുക്കാനും സംസാരിക്കാനും സാധിച്ചു. സമ്മേളനത്തിലെ രണ്ടു ദിവസങ്ങളിലെയും പ്രസംഗങ്ങൾ വിഷയത്തിന്റെ പ്രസക്തി കൊണ്ട് വളരെ പ്രധാന്യം അർഹിക്കുന്ന പ്രഭാഷണങ്ങളായിരുന്നു. അവയിലെ ഉള്ളടക്ക ത്തെക്കുറിച്ച് ഞാനിവിടെ സൂചിപ്പിക്കാ നാഗ്രഹിക്കുന്നില്ല. എങ്കിലും കാലിക പ്രാധാന്യം കൊണ്ടും സ്ഫുടമായ ശബ്ദശൈലി കൊണ്ടും വൈജ്ഞാനിക നിലവാരം കൊണ്ടും പ്രസംഗങ്ങൾ വളരെ ശ്രദ്ധേയമായിരുന്നു. എല്ലാ പ്രഭാഷണങ്ങളും ഉന്നത നിലവാരമാണ് പുലർത്തിയത്.



നഗരമജ്ലിസുകളിൽ ഏറ്റവും നല്ല പ്രവർത്തനത്തിന് അഖിലേന്ത്യാതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ പാലക്കാട് അൻസാറുല്ലാഹ് അംഗങ്ങൾ

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
# സംസ്ഥാന സമ്മേളനം

ബി. എ. മുഹമ്മദ് നജീബ്, എറണാകുളം

**കോ**ഴിക്കോട്: ചരിത്രമുറങ്ങുന്ന കോഴിക്കോട് നഗരത്തിന് എക്കാലവും മനസ്സിൽ സൂക്ഷിക്കാൻ മധുരസ്മരണകളുണർത്തുന്ന രണ്ട് ദിനരാത്രങ്ങൾ സമ്മാനിച്ചുകൊണ്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന സമ്മേളനത്തിന് വിജയകരമായ പരിസമാപ്തി. സമാപനസമ്മേളനത്തിന് അരങ്ങൊരുങ്ങിയ കോഴിക്കോട് ബീച്ചിലെ ആർത്തിരമ്പുന്ന തിരമാലകൾ അഹ്മദികളുടെ ആവേശം മുഴുവൻ നെഞ്ചിലേറ്റി ചരിത്ര മുഹൂർത്തത്തിന് സാക്ഷിയായി നിന്നു. 2011 നവംബർ 12-ാം തീയതി രാവിലെ 9.45ന് ബൈത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ അഖിലേന്ത്യാ മേലദ്ധ്യക്ഷൻ മൗലാനാ ഇനാം സാഹിബ് ഗോറി പതാക ഉയർത്തിയതോടെ സമ്മേളനത്തിന്റെ നാന്ദികുറിച്ചു. ഹാഫിസ് അബുൽ വഫാ സാഹിബ് വിശുദ്ധ ഖുർആൻ പാരായണം നിർവഹിച്ചു. കോഴിക്കോട് മേഖലാ അമീർ കെ. എം. അഹ്മദ് കോയ സാഹിബ് ഖലീഫതിരുമനസ്സിന്റെ സന്ദേശം വായിച്ച് കേൾപ്പിച്ചു. സംഘർഷഭരിതമായ വർത്തമാന ലോക സാഹചര്യത്തിൽ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വഴിയിൽ മാനുഷിക മൂല്യം ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്ന് ഹുസൂർതിരുമനസ്സ് സന്ദേശത്തിൽ പറഞ്ഞു.

ഖിലാഫത്ത് വ്യവസ്ഥയിലൂടെയല്ലാതെ ആത്മീയമായും ഭൗതീകമായും മനുഷ്യന് പുരോഗതി പ്രാപിക്കാൻ സാധ്യമല്ലെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മൗലാനാ ഇനാം സാഹിബ് ഗോറി പറഞ്ഞു. സത്യവിശ്വാസികൾക്ക് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ വാഗ്ദാനം ചെയ്തതാണ് ഖിലാഫത്ത്. ഖിലാഫത്ത് സ്ഥാപിതമാകുന്നതോടെ തൗഹീദ് സ്ഥാപിക്കാനുള്ള വഴിയൊരുങ്ങുന്നു. പല രീതിയിലുള്ള പ്രതിബന്ധങ്ങളും നമുക്ക് തരണം ചെയ്യേണ്ടതായി വരും. എന്നാൽ ഇതിൽ നിന്ന് പുറത്തു പോകുന്നവർ ആജ്ഞാലംഘകരായിരിക്കും. ദൈവീക സിംഹാസനത്തെ ഉലക്കുന്ന വിധത്തിൽ ദുആയിൽ മുഴുകുക. കാലത്തിന്റെ ഖലീഫയുടെ ആജ്ഞപാലിക്കുന്നതിൽ വീഴ്ച വരുന്നുണ്ടോയെന്ന് അടിക്കടി പരിശോധിച്ച് കൊണ്ടിരിക്കണമെന്നും ഗോറി സാഹിബ് പറഞ്ഞു. അല്ലാഹു ഒരു അനർഘ നിധിയാണെന്ന് മനസ്സിലാക്കികൊണ്ട് എല്ലാകഷ്ട നഷ്ടങ്ങളിലും അവനുമായി ബന്ധം വിച്ഛേദിക്കാതിരിക്കണമെന്ന് ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച കോഴിക്കോട് മേഖലാ അമീർ കെ. എം. അഹ്മദ് കോയ സാഹിബ് അഭിപ്രായപ്പെട്ടു. പൂർവകാല അഹ്മദികൾ വളരെയധികം പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടെന്നും ഇത് സത്യ പ്രസ്ഥാനത്തിന്റെ ലക്ഷണമാണെന്നും തിരുവനന്തപുരം മേഖല അമീർ അഹ്മദ് ശരീഫ് സാഹിബ് അഭിപ്രായപ്പെട്ടു. 'വിശുദ്ധ ഖുർആൻ കാലാതിവർത്തിയായ ഗ്രന്ഥം' എന്ന വിഷയത്തെ ആസ്പദമാക്കി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് കേരള ഖാഇദ് ഇ.എച്ച് നജീബ് സാഹിബ് പ്രഭാഷണം നടത്തി. വിശുദ്ധ ഖുർആന്റെ പ്രവചനങ്ങൾ മനുഷ്യബുദ്ധിയെ പ്രകമ്പനം കൊള്ളിക്കുന്നതാണ്. മനുഷ്യന് സ്രഷ്ടാവിലേക്കുള്ള നേർവഴി പ്രദാനം ചെയ്യാനാണ് വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ടതെന്നും അദ്ദേഹം പറഞ്ഞു. അക്രമകാരികളെ അല്ലാഹു വഴികേടിലാക്കുകയും സത്യ വിശ്വാസികളെ ഉറപ്പിച്ച് നിർത്തുകയും ചെയ്യുമെന്ന് മലപ്പുറം മേഖലാ അമീർ മുഹമ്മദലിമാസ്റ്റർ സാഹിബ് പറഞ്ഞു. മുസ്‌ലിംകൾ യഹൂദികൾക്ക് സമാനരായിത്തീർന്നപ്പോൾ നബി(സ)യുടെ പ്രവചനമനുസരിച്ചാണ് വാഗ്ദത്ത മസീഹ് (അ) ആഗതനായതെന്ന് 'വാഗ്ദത്ത മസീഹിന്റെ ദൗത്യം' എന്ന വിഷയത്തെ ക്കുറിച്ചുള്ള പ്രഭാഷണത്തിൽ മൗലവി സുൽത്താൻ നസീർ സാഹിബ് പറഞ്ഞു. ജീവനുള്ള സർവശക്തനായ അല്ലാഹുവിനെയാണ് മസീഹ് മൗഊദ് (അ)ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശനിയാഴ്ച വൈകിട്ട് 4.30ന് ടി.കെ മഹ്മൂദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പീസ് കോൺഫറൻസ് കോഴിക്കോട് എം.പി. ശ്രീ. എം.കെ രാഘവൻ ഉദ്ഘാടനം ചെയ്തു. ലോകത്തിലെ മുഴുവൻ ചരാചരങ്ങളെയും ബഹുമാനിക്കുന്ന ഒന്നാണ് ഇസ്‌ലാം മതമെന്നും താത്ത്വികമായി മതങ്ങളെല്ലാം ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. 'അസ്സലാമു അലൈക്കും' എന്ന ആശംസാവചനം സവിശേഷമായ ഒന്നാണ്. മതവിദ്വേഷം പരത്താൻ മതങ്ങൾ പഠിപ്പിക്കുന്നില്ല. നനഞ്ഞാലും കെടാത്ത ജ്വാലയായി ഉയർന്നു നില്ക്കുന്നതാണ് യഥാർഥ മതം. മുസ്‌ലിം രാജ്യങ്ങളിൽ ഇന്ന് തീവ്രവാദം വർധിച്ചു വരുന്നുണ്ട്. പാകിസ്താനിൽ അഹ്മദികളുടെ സ്വാതന്ത്ര്യം ഹനിക്കുന്നു. ഇത് ചിലരുടെ താത്പര്യ ങ്ങൾ സംരക്ഷി ക്കാൻ വേണ്ടിയാണ്. എന്നാൽ ലോക ത്തിന്റെ മുമ്പിൽ ഇന്ത്യ ഒരു പ്രകാശ ഗോപുരമായി നിലകൊള്ളുകയാണെന്നും മറ്റ്രാജ്യങ്ങൾ ഇന്ത്യയെ കണ്ട് പഠിക്കട്ടെയെന്നും ശ്രീ. രാഘവൻ പ്രത്യാശിച്ചു. സൃഷ്ടികൾക്ക് വേണ്ടതെല്ലാം നേരത്തെ തന്നെസൃഷ്ടിച്ച അല്ലാഹു കാരുണ്യവാനാണെന്ന് 'ഇസ്‌ലാമിന്റെ സത്യ സന്ദേശം' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് അഭിപ്രായപ്പെട്ടു. മത സൗഹാർദത്തിന് ഊന്നൽ നല്കുന്നതാണ് ഇസ്‌ലാം മതത്തിന്റെ പാഠങ്ങളെന്ന് സദർ അഞ്ചുമൻ അഹ്മദിയ്യാ നാസിർ തഅ്ലീം ശിറാസ് അഹ്മദ് സാഹിബ് പറഞ്ഞു. ലോകത്ത് ശാന്തി പരക്കണമെങ്കിൽ മതമൂല്യങ്ങൾ പുനസ്ഥാപിക്കപ്പെടണമെന്ന് സമ്മേളനത്തിൽ അധ്യക്ഷതവഹിച്ച മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഓർമപ്പെടുത്തി. ഇന്ത്യ ഒട്ടനേകം പ്രവാചകൻമാരുടെ നാടാണ്.

വാഗ്ദത്ത മസീഹി(അ)ന്റെ ജൻമനാടായ ഇന്ത്യക്കാണ് ലോകത്തിന്റെ നേതൃത്വം ലഭിക്കാൻ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് മേഖല അമീർ കെ. എം. അഹ്മദ് കോയ സാഹിബ് ചടങ്ങിൽ സ്വാഗതമാശംസിച്ചു. സി. കെ. ഖമറുദ്ദീൻ സാഹിബ് മൈത്രീഗാനം ആലപിച്ചു.

രണ്ടാം ദിനമായ ഞായറാഴ്ച നടന്ന തർബിയത്ത് സെഷനിൽ പാലക്കാട് മേഖല അമീർ പ്രൊഫ. എം. കെ. അബ്ദുൽ കരീം സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് യുഗാന്ത്യസംഭവങ്ങളെ കുറിച്ചുള്ള വിശുദ്ധഖുർആന്റെയും ഹദീസുകളുടേയും പ്രവചനങ്ങൾ വിശദമാക്കി. വൈവാഹിക വിഷയങ്ങളിൽ കാണപ്പെടുന്ന അനഭിലഷണീയമായ പ്രവണതകളെക്കുറിച്ച് മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് സംസാരിച്ചു. വിവാഹചടങ്ങുകൾ ലളിതമായിരിക്കണമെന്നും നബി(സ) യുടേയും വാഗ്ദത്ത മസീഹ് (അ) ന്റെയും കാലത്ത് ഇത്തരത്തിലുള്ള വിവാഹങ്ങൾ സർവസാധാരണ മായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. അഹ്മദിയ്യത്തിന്റെ ഫലപ്രദമായ പ്രചാരണരീതികളെകുറിച്ച് മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് പ്രഭാഷണം നിർവഹിച്ചു. അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നത് ഓരോവിശ്വാസിയുടേയും കടമാണെന്നും അല്ലാഹുവുമായി അഭേദ്യമായ ബന്ധം പുലർത്തുക എന്നത് തബ്ലീഗിനു വേണ്ട ഒന്നാമത്തെ ഗുണമാണെന്നും അദ്ദേഹം പറഞ്ഞു. ഇമാം ഒരു പരിചയാണ്. അദ്ദേഹത്തിനു പിന്നിൽ നിന്നാണ് യുദ്ധം ചെയ്യേണ്ടത്-മൗലവി സാഹിബ് പറഞ്ഞു. ജമാഅത്തിന്റെ ആഗോള സംവിധാനത്തെക്കുറിച്ച് മൗലവി കെ. അബ്ദുസ്സലാം സാഹിബ് ക്ലാസെടുത്തു. ദേശീയ അമീർ കാലത്തിന്റെ ഖലീഫയുടെ അനുമതിയോടെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം നാം ഓർത്തിരിക്കേണ്ടതാണ്. ജമാഅത്ത് സംവിധാനത്തിൽ നിന്ന് എന്ത് തീരുമാനമുണ്ടായാലും നെറ്റിചുളിക്കാതെ അത് സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണെന്നും അദ്ദേഹം പറഞ്ഞു. മൗലവി എച്ച് ശംസുദ്ദീൻ സാഹിബ് ആത്മസംസ്കരണത്തിനുള്ള വിവിധ മാർഗങ്ങൾ വിശദമാക്കി. മനുഷ്യന്റെ ഉള്ളിൽ ആത്മീയതയിലേക്കുള്ള ചായ്വ് നൈസർഗികമായി നല്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ ഏറ്റവും ഉൽകൃഷ്ടമായ രീതിയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും ദൈവവുമായി അകലുന്ന എല്ലാമാർഗങ്ങളിൽ നിന്നും വിട്ടുനിൽക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഞായറാഴ്ച വൈകീട്ട് കോഴിക്കോട് കടപ്പുറത്തേക്ക് ഒഴുകിയെത്തിയ ജനസാഗരത്തെ സാക്ഷിയാക്കിക്കൊണ്ട് നടത്തിയ പൊതുസമ്മേളനം അവിസ്മരണീയമായ മുഹൂർത്തമായി മാറി. മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെ സമാപനസമ്മേളനത്തിന് തുടക്കം കുറിച്ചു. നബി(സ)യെ പ്രകീർത്തിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) രചിച്ച ഖസീദ മൗലവി മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ലിയാർ ആലപിച്ചു. യഥാർഥ അധ്യാപനങ്ങൾ വിസ്മരിക്കപ്പെടുന്നതിനാൽ മതത്തിന്റെ അന്തഃസത്ത നഷ്ടപ്പെടുകയാണെന്നും നബി(സ) യുടെ പ്രവചനമനുസരിച്ച് ആഗതനായ സത്യാത്മാവാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) എന്നും അധ്യക്ഷൻ കെ. എം. അഹ്മദ് കോയ സാഹിബ് പറഞ്ഞു. ലോകം ഒരു നാശത്തിന്റെ വക്കിൽ എത്തിനിൽക്കുകയാണെന്നും അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരേക്കാൾ ഉത്തമരായി ആരുമില്ലെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി അഭിപ്രായപ്പെട്ടു. പ്രവാചകൻമാരുടെ അധ്യാപനങ്ങൾ ഇന്നുകാണുന്നില്ല. വാഗ്ദത്ത മസീഹ്(അ) പലകാര്യങ്ങളെക്കുറിച്ചും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ദൈവത്തിലേക്ക് തിരിഞ്ഞാൽ മാത്രമേ രക്ഷപ്രാപിക്കു കയുള്ളു-ഗോറി സാഹിബ് ഉണർത്തി. 'അഹ്മദിയ്യത്ത് യഥാർഥ ഇസ്ലാം' എന്ന വിഷയത്തെക്കുറിച്ച് മൗലവി എം.നാസിർ അഹ്മദ് സാഹിബ് സംസാരിച്ചു. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ദൈവത്താൽ നട്ട ചെടിയാണ്. അഹ്മദികളുടേത് പുതിയ വിശ്വാസമല്ല. നബി(സ) യെ പരിപൂർണമായും പിൻ പറ്റിക്കൊണ്ടാണ് വാഗ്ദത്ത മസീഹ് (അ) അവതരിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഇസ്ലാമിന്റെ നവോത്ഥാനത്തെക്കുറിച്ച് സത്യദൂതൻ എഡിറ്റർ എ.എം. മുഹമ്മദ് സലിം സാഹിബ് പ്രഭാഷണം നടത്തി. മുസ്ലിം സമുദായത്തെ ഉദ്ധരിക്കുവാൻ മുസ്ലിംകൾ രൂപം കൊടുത്ത കക്ഷികൾക്കൊന്നും സാധിച്ചിട്ടില്ലെന്നത് ചിന്തിക്കേണ്ട വിഷയമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രവാചകൻമാരെ അയച്ചുകൊണ്ടാണ് അല്ലാഹു സനാതന നിയമം നടപ്പിലാക്കുന്നത്. അനേകം ദുരന്തങ്ങൾ മുസ്ലിം സമുദായത്തെ ബാധിക്കുമെന്ന് നബി(സ) പ്രവചിച്ചിട്ടുണ്ട്. പാശ്ചാത്യ നാഗരികതയാണ് ദജ്ജാൽ എന്ന് എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ദജ്ജാലിനെ വെല്ലുന്ന മസീഹ് എവിടെയെന്ന ചോദ്യമുയരു ന്നതുകൊണ്ടാണ് പണ്ഡിതൻമാർ ഇക്കാര്യം മറച്ചുവെച്ചിരിക്കുന്നതെന്ന് സലിം സാഹിബ് കൂട്ടിച്ചേർത്തു. ഒരൊറ്റ നേതൃത്വത്തിൻ കീഴിൽ അഹ്മദിയ്യത്ത് ഇരുനൂറോളം രാഷ്ട്രങ്ങളിൽ മുന്നേറികൊണ്ടിരിക്കുകയാണെന്ന് മൗലവി മുഹമ്മദ് സലിം സാഹിബ് 'ആഗോള ഇസ്ലാമിക നേതൃത്വം' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തവെ പറഞ്ഞു. ഇസ്ലാമിക അധ്യാപനങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഈ കാലഘട്ടത്തിൽ ഖിലാഫത്തിനെ പിൻപറ്റൽ മാത്രമാണ് രക്ഷാമാർഗമെന്നും അദ്ദേഹം ഓർമിപ്പിച്ചു. എം. കെ. ഇമ്പിച്ചി കോയട്ടി സാഹിബ് നന്ദി പ്രകാശനം നിർവഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് നിക്കാഹ് വിളംബരം നടത്തുകയും വിദ്യാഭ്യാസ മേഖലയിൽ മികവ് തെളിയിച്ച വിദ്യാർഥികളെ ആദരിക്കുകയും ചെയ്തു.

AL ISLAM
The Official Website of Ahmadiyya Muslim Community

# പ്രൊഫ: അബ്ദുസ്സലാമിന് സ്മരണാഞ്ജലികൾ

മുസാഫിർ




ലോകം ആദരിക്കുന്ന മഹാശാസ്ത്ര പ്രതിഭകളിലൊരായ പ്രൊഫ: അബ്ദുസ്സലാം ദിവംഗതനായിട്ട് നവംബർ 21 ന് 15 വർഷം തികയുകയാണ്. ഭൗതിക ശാസ്ത്രത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ കുലപതികളിലൊരാളും നൊബേൽ പുരസ്കാര ജേതാവുമായ ഈ വിശ്വപൗരൻ പിറന്ന നാട് പാകിസ്താനാണ്. പാകിസ്താനിലും മൂന്നാം ലോകത്തും ശാസ്ത്രപുരോഗതിക്ക് വേണ്ടി അബ്ദുസ്സലാമിനെ പോലെ പ്രയത്നിച്ചവരില്ല എന്നല്ല മറ്റാരും പ്രവർത്തിച്ചിരുന്നില്ല എന്നതാണ് വാസ്തവം. മതരാഷ്ട്ര മൗലിക വാദത്തിന്റെ പിടിയിലമർന്ന പാകിസ്താൻ ഉജ്ജ്വല തേജസ്സ്വിയായ ഈ മഹാപ്രതിഭ ജീവിച്ചിരുന്നപ്പോഴും മരിച്ചുകഴിഞ്ഞതിന് ശേഷവും അദ്ദേഹത്തോട് കാണിച്ച ക്രൂരമായ അവഗണനയും നന്ദികേടും കൊണ്ട്, ആ രാജ്യം ലോകത്തിന്നു മുമ്പിൽ അല്പൻമാരും പരിഹാസ്യരുമായി മാറിയിരിക്കുകയാണ്. സലാംസാഹിബിന് മത രാഷ്ട്രമായ പാക്കിസ്താൻ കണ്ട അയോഗ്യത അദ്ദേഹം ഒരു അഹ്മദിയായിപ്പോയി എന്നതാണ്. ഇപ്പോൾ തങ്ങളെ ബാധിച്ച മതഭ്രാന്തിന്റെ രോഗമൂർച്ഛ കഴിഞ്ഞ് ആ രാജ്യത്തിന് വെളിവുണ്ടാകുമ്പോൾ ഈ അപരാധം അവർ തിരിച്ചറിയപ്പെടാതിരിക്കില്ല.

ശാസ്ത്ര ലോകത്തിലെ തന്നെ പ്രവരവും അഭിജാതവുമായ തിയററ്റിക്കൽ ഫിസിക്സ് ആയിരുന്നു പ്രൊഫ:അബ്ദുസ്സലാമിന്റെ കർമമേഖല. അടിസ്ഥാന ബലങ്ങളുടെ ഏകീകരണത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾ ശാസ്ത്രത്തിന്റെ സൈദ്ധാന്തികവും സാങ്കേതികവുമായ രംഗങ്ങളിൽ മാത്രമല്ല മാനവീയ ദർശനങ്ങളിലും ജനപ്രിയ ശാസ്ത്ര സാഹിത്യങ്ങളിലും വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്യുന്നു.


തന്റെ ഭീമമായ നൊബേൽ സമ്മാന തുകയിൽ നിന്നും ഒരു ചില്ലിക്കാശുപോലും എടുക്കാതെ മുഴുവനും അവിടുത്തെ ശാസ്ത്ര വിദ്യാർഥികളുടെ പഠനത്തിന് വേണ്ടി സംഭാവന ചെയ്ത വിശ്വപൗരനായ ഈ മനുഷ്യസ്നേഹിയോടായിരുന്നു ഈ അവഗണന. പ്രൊഫ: സലാം ദന്തഗോപുരവാസിയായ ഒരു ശാസ്ത്രജ്ഞനായിരുന്നില്ല. പട്ടിണിപ്പാവങ്ങൾ അധിവസിക്കുന്ന മൂന്നാം ലോക രാജ്യങ്ങളിൽ ഭൗതിക ശാസ്ത്രം പ്രചരിപ്പിക്കാനും അവരുടെ ജീവിതത്തിന് അതുവഴി ആശ്വാസമരുളുവാനും സമ്പന്ന രാജ്യങ്ങളിലെ ശാസ്ത്ര ധൈഷണിക വേദികളിൽ അവർക്ക് വേണ്ടി ഏകനായി പൊരുതിയ ഒരു വിജ്ഞാന പോരാളിയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഇന്റർ നാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ് (ICTP) വികസിത രാജ്യങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഏറെക്കുറെ ഒറ്റക്കാണ് അദ്ദേഹം സ്ഥാപിച്ചത്. ദരിദ്ര ലോകത്ത് നിന്നുള്ള ശാസ്ത്ര വിദ്യാർഥികൾക്ക് ഏറ്റവും ചെലവേറിയ ഉന്നത ഭൗതിക ശാസ്ത്ര വിജ്ഞാനം ഇവിടെ നിന്നും ലഭ്യമാണ്. ആ മഹശാസ്ത്ര പ്രതിഭയോടുള്ള ആദര സൂചകമായി അദ്ദേഹത്തിന്റെ മരണശേഷം ഇറ്റലിയിലെ ഈ ആന്തർദേശീയ സ്ഥാപനത്തിന് ഡോ: സലാം ഇന്റർ നാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ് എന്ന് ഇപ്പോൾ പുനർനാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഔന്നത്യത്തിന്ന് ഇതിനേക്കാൾ വലിയ പുരസ്ക്കാരമില്ല. ആയിരം നൊബേൽ സമ്മാന ത്തേക്കാൾ ഉന്നതമാണ് ഈ ബഹുമതി. മൂന്നാം ലോകത്ത് ഉന്നത ശാസ്ത്രം പ്രചരിപ്പിക്കാൻ അദ്ദേഹം സ്ഥാപിച്ച മറ്റൊരു സ്ഥാപനമാണ് തേർഡ് വേൾഡ് അക്കാഡമി ഓഫ് സയൻസ്. മൂന്നാം ലോകരാജ്യങ്ങളിലെ സ്ത്രീകളിൽ

ശാസ്ത്ര ബോധവും ശാസ്ത്ര പ്രവർത്തനങ്ങൾ വർദ്ധിപ്പി ക്കാനും വേണ്ടി സ്ഥാപിച്ച തേർഡ് വേൾഡ് ഓർഗനൈസേഷൻഫോർ വുമൺ ഇൻ സയൻസ് (TWOWS) മുതലായ അന്തർദേശീയ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ മാത്രം പരിശ്രമഫല മാണ്. മരണം വരെ പ്രതിഫലേച്ഛ കൂടാതെ യുഎന്നിന്ന് വേണ്ടിയായിരുന്നു അദ്ദേഹം പ്രവർത്തിച്ചത്.


പ്രൊഫ:അബ്ദുസ്സലാം പാകിസ്താ നിലെ രാഷ്ട്രീയക്കാരുടെ കാപട്യം തുറന്നു കാട്ടിയ ഒരു സംഭവം വാഷിങ്ടണിലെ Daily times ന്റെ ലേഖകൻ ഖാലിദ് ഹസനെ ഉദ്ധരിച്ച് The Hindu വിന്റെ ലേഖിക നിരുപമാ സുബ്രഹ്മണ്യം എഴുതുന്നു. ഹസൻ അക്കാലത്ത് ഭൂട്ടോയുടെ പ്രസ് സെക്രട്ടറിയായിരുന്നു. താങ്കൾ എന്തു കൊണ്ടാണ് പാകിസ്താനിലെ വിവിധ ഔദ്യോഗിക സ്ഥാനങ്ങൾ രാജിവെച്ചത്? സുൽഫിക്കർ ഭൂട്ടോ സലാമിനോട്



സുൽഫിക്കർ ഭൂട്ടോ



ഐൻസ്റ്റീൻ



ബട്രന്റ് റസ്സൽ

ചോദിക്കുകയുണ്ടായി. സലാമിന്റെ മറുപടി: എന്റെ സമുദായത്തെ മുഴുവൻ അമുസ്ലിംകളായി പ്രഖ്യാപിച്ച ഒരിടത്ത് തുടരാൻ എനിക്ക് സാധ്യമല്ല. ഭൂട്ടോ പറഞ്ഞു: സലാം അതെല്ലാം രാഷ്ട്രീയ മാണ്. എനിക്ക് സമയം തരിക. ഞാനത് മാറ്റുന്നതാണ്. എന്നെ വിശ്വസിക്കൂ. സലാമിന്റെ മറുപടി: അതെ ശരിതന്നെ സുൽഫി. താങ്കൾ പറഞ്ഞകാര്യം ഒരു കടലാസിൽ എഴുതി തരിക. നമുക്കി ടയിൽ ആ ലിഖിതം എന്നേക്കും എപ്പോഴും ഉണ്ടായിരിക്കുമല്ലോ. ഹസ്സൻ എഴുതുന്നു: ഭൂട്ടോയുടെ മറുപടി വളരെ ക്ലാസിക്കലായിരുന്നു. ഭൂട്ടോ പറഞ്ഞു: സലാം എനിക്ക് അത് സാധ്യമല്ല. അതായത് ഞാനൊരു രാഷ്ട്രീയക്കാര നാണ്!. (The Hindu 2006 Nov 30)

ധീരനായ സലാം സാഹിബ് അത്മാഭിമാനിയായിരുന്നു. ഒരിക്കൽ ന്യൂജഴ്സിയിലുള്ള പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ വെച്ച് വിഖ്യാതനായ ആൽബർട്ട് ഐൻസ്റ്റീ നുമായി അദ്ദേഹം കണ്ടുമുട്ടി. ഐൻസ്റ്റീൻ സലാം സാഹിബിനോട് ചോദിച്ചു. എന്ത് തരത്തിലുള്ള ഗവേഷ ണമാണ് താങ്കൾ നടത്തിക്കൊണ്ടിരി ക്കുന്നത്? ഞാൻ റീനോർമലൈസേഷൻ തിയറിയിലാണ് ഗവേഷണം നടത്തി ക്കൊണ്ടിരിക്കുന്നത്.ഐൻസ്റ്റീൻ പറഞ്ഞു: എനിക്കതിൽ താൽപര്യമില്ല. അതിന് ശേഷം സലാമിനോട് താങ്കൾ എന്റെ റിലേറ്റിവിറ്റി തിയറിപഠിച്ചിട്ടു ണ്ടോ? എന്ന് ചോദിച്ചു അപ്പോൾ സലാം സാഹിബ് പറഞ്ഞു: എനിക്കതിനെക്കു റിച്ചു പറയാൻ ഒട്ടും താൽപര്യമില്ല. ഐൻസ്റ്റീനുമായി സംസാരിക്കാൻ ലഭിച്ച സന്ദർഭങ്ങളിലെല്ലാം ഇസ്ലാമിലെ തൗഹീദിനെ അദ്ദേഹത്തിന് പരിചയ പ്പെടുത്തിക്കൊടുക്കുകയുണ്ടായി. ലോകപ്രശസ്തനായ നാസ്തിക വാദി യും മനുഷ്യസ്നേഹിയുമയിരുന്ന ബട്രന്റ് റസ്സലുമായി കേംബ്രിഡ്ജിൽ വെച്ച് സലാം സാഹിബ് പലതവണ സംസാരിക്കുകയുണ്ടായി. ദൈവവിശ്വാ സമില്ലാത്ത ഒരാൾ അടിസ്ഥാനപരമായി നിരവധി വൈകല്യങ്ങൾക്ക് വിധേയനാ കാവുന്നതാണ്. മത വിശ്വാസമില്ലാത്ത ഒരാളെക്കാൾ മതവിശ്വാസിക്ക് കൂടുതൽ ത്യാഗങ്ങൾ അനുഷ്ടിക്കാനും സേവന ങ്ങൾ ചെയ്യുവാനും സാധിക്കുന്നു എന്നത് ഒരു ചരിത്ര സത്യമാണെന്നും സലാം സാഹിബ് റസ്സലിനോട് പറയുക യുണ്ടായി. ("Dr. Salam -Champion of science in third world"-Zakariyya Virk)

1952 ൽ അദ്ദേഹം ലണ്ടനിൽ നിന്നു തന്റെ രാജ്യത്തെ സേവിക്കാൻ ലാഹോർ കോളേജിൽ മാത്തമാറ്റിക്സ് വകുപ്പിന്റെ തലവനായി വന്നപ്പോൾ അദ്ദേഹത്തിന് ഔദ്യോഗിക വസതി നിഷേധിക്കുകയുണ്ടായി. ഇതിൽ പരാതിപ്പെട്ടുകൊണ്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് അദ്ദേഹം പരാതി അയക്കുകയുണ്ടായി. താങ്കൾക്ക് ജോലിയിൽ തുടരാൻ ഇഷ് ടമില്ലെങ്കിൽ രാജി വെച്ചൊഴിയാമെന്നായിരുന്നു മന്ത്രിയുടെ നിലപാട്. പിന്നീട് കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. സിറാ ജുദ്ദീൻ അബ്ദുസ്സലാം സാഹിബിനോട് ഫുട്ബോൾ ടീമിന്റെ മേൽനോട്ടം വഹിക്കാനാണ് നിർദേശിച്ചത്. ഭാഗ്യ ത്തിന് നൊബേൽ സമ്മാന ജേതാവും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ വോൾഫ്ഗാംങ്ങ് പോളി ഇന്ത്യ സന്ദർശിക്കുകയായിരു ന്നപ്പോൾ അദ്ദേഹത്തെ ബോംബേയി ലേക്ക് വിളിപ്പിക്കു കയും ആ കൂടി ക്കാഴ്ചയിൽ കേംബ്രിഡ്ജിലേക്ക് വീണ്ടും ക്ഷണി ക്കുകയുമായി രുന്നു.

ദരിദ്ര പിന്നോ ക്കരാജ്യമായ പാകിസ്താ നിലേ ക്ക് 1979ൽ നോ ബേൽ സമ്മാനം ആദ്യമായികൊ ണ്ടു വന്ന അബ്ദു സ്സലാം തുടർന്ന് ജന്മനാടായ പാകി സ്താൻ സന്ദർശി ച്ചു. ക്രൂരവും നിന്ദ്യവുമായ ആവഗണന യായിരുന്നു അദ്ദേഹത്തെ എതിരേറ്റത്. ഇസ്ലാമാബാദിലും ലാഹോറിലും പെഷവാറിലും നൊബേൽ സമ്മാന ജേതാവിനെ സ്വീകരിക്കാൻ പട്ടാള ക്കാരായ ജൂനിയർ ഓഫീസർ മാരെ നിയമിച്ചു കൊണ്ടാണ് ജനറൽ സിയാഉൽ ഹക്ക് തന്റെ അൽപ്പത്വവും മുട്ടാളത്തരവും കാട്ടിയത്. അദ്ദേഹത്തിന്റെ ബഹുമാനാർഥം ഇസ്ലാമാബാദിലെ ഖായിദേ അഅ്സം യൂണിവേഴ്സിറ്റി ഏർപെടുത്തിയ സ്വീകരണ ചടങ്ങിൽ അദ്ദേഹത്തിന് ഡോക്ടറേറ്റ് ബിരുദം നൽകാൻ തീരുമാനിച്ചിരുന്നു. ആ പരിപാടി മതരാഷ്ട്ര മൗലിക വാദ സംഘടനയായ ജമാഅത്തെ ഇസ്ലാമിയുടെ വിദ്യാർഥി സംഘടന മുഴക്കിയ ഭീഷണിയെ തുടർന്ന് കാൻസൽ ചെയ്തു. പിന്നീട് നാഷനൽ അസംബ്ലി ഹാളിലാണ് പരിപാടി നടന്നത് ലാഹോറിലെ പഞ്ചാബ് യൂണിവേഴ്സിറ്റിയിലും ഇതേ വിദ്യാർഥി സംഘടന കുഴപ്പമുണ്ടാക്കി യതിനെ തുടർന്ന് സെനറ്റ് ഹാളിലേക്ക്

മാറ്റി. ചില മുസ്ലിം തീവ്രവാദി സംഘടനകൾ സലാം സാഹിബ് വധാർഹനാണെന്ന് മുദ്രാവാക്യം വിളിച്ച് കാമ്പസിൽ പ്രകടനം നടത്തി. സലാം സാഹിബിന്റെ പ്രസംഗത്തിലെ ഖുർആൻ വചനങ്ങളും ഇസ്ലാമിക പരാമർശങ്ങളും പത്രത്തിലും ടെലിവിഷനിലും സെൻസർചെയ്യാൻ ഇസ്ലാം മതത്തിന്റെ രക്ഷകനായിരുന്ന പട്ടാളക്കാരൻ സിയാഉൽഹക്ക് പ്രത്യേകം ഏർപ്പാടുകൾ ചെയ്തിരുന്നു. ഏതായാലും ഒരുകാര്യത്തിൽ നമുക്കാശ്വസിക്കാം. പ്രസംഗത്തിൽ ഖുർആൻ ഓതിയതിന്റെ പേരിൽ നൊബൽ സമ്മാനജേതാവിനെ സിയായുടെ ഇസ്ലാമിക ഭരണകൂടം ആറ് മാസം ജയിലിലടച്ചില്ല. കാരണം അഹ്മദികൾ ഖുർആനോതിയാൽ 6 മാസം കഠിന ശിക്ഷയാണ് പാകിസ്താനിൽ സിയാ കൊണ്ട്വന്ന നിയമം.

1986ൽ UNESCO യുടെ ഡയരക്ടർ ജനറൽ സ്ഥാനത്തക്കേ് ഒഴിവുവന്നു.



മൻമോഹൻസിംങ്ങ്

ഐക്യരാഷ്ട്ര സഭയുടെ വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനമായ യുനെസ്കോയിലേക്ക് അന്താരാഷ്ട്ര പ്രശസ്തനും ആ സ്ഥാനത്തേക്ക് സർവഥാ യോഗ്യനുമായ പ്രൊഫ: സലാം സാഹിബ് മത്സരിക്കണമെന്ന് നിരവധി രാജ്യങ്ങളിലെ പ്രതിനിധികൾ ആഗ്രഹി ച്ചിരുന്നു. സലാം സാഹിബ് മത്സരിക്കു കയാണെങ്കിൽ വിജയം സുനിശ്ചിതവുമായിരുന്നു. പക്ഷേ അഹ്മദിയെന്നു കേട്ടാൽ കലിതുള്ളുന്ന സിയാ, അബ്ദുസ്സലാമിനെ നോമിനിയായി പ്രഖ്യാപിച്ചില്ല. പകരം തന്റെ വർഗത്തിൽ പെട്ട ഒരു പട്ടാള ലഫ്റ്റനന്റ് ജനറലായ യാകൂബ് ഖാനെ പ്രസ്തുത സ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്തു. മത്സരം നടന്നപ്പോൾ പാകിസ്ഥാൻ പ്രതിനിധിക്ക് ലഭിച്ചത് ഒരേയൊരു വോട്ട്.

പാകിസ്താന്റെ സ്ഥാനാർഥിക്ക് വോട്ട് ചെയ്യാൻ ഫ്രാൻസിന്റെ പ്രതിനിധിക്ക് സ്വന്തം രാജ്യത്തുനിന്നും സമ്മർദമേറിയപ്പോൾ തന്റെ ശവത്തിൽ കയറി മാത്രമേ ഒരു പട്ടാളക്കാരന് യുനെസ്ക്കോ ഭരിക്കാൻ സാധിക്കൂ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം

ശാസ്ത്രരംഗത്ത് ഏറ്റവും പിന്നോക്കക്കാരായി കഴിയുന്ന മുസ് ലിം ലോകത്തോട് ശാസ്ത്ര വിദ്യാഭ്യാസം നേടാനും വിവിധ അന്തർദേശീയ ശാസ്ത്ര സംരംഭങ്ങളിൽ പങ്കാളികളാകാനും പദ്ധതികളുമായി ഒരു ഭിക്ഷാംദേഹിയെപ്പോലെ മുസ്ലിം രാജ്യങ്ങളിലെ ഭരണാധികാരികളുടെ കൊട്ടാര വാതിലുകളിൽ ചെന്ന് അദ്ദേഹം അഭ്യർഥനകൾ നടത്തി. എല്ലായിടത്തു നിന്നും നിസ്സംഗതയും അവഗണനയുമായിരുന്നു ഫലം. പാശ്ചാത്യലോകം കനിഞ്ഞു നൽകുന്ന സാങ്കേതിക ശാസ്ത്രം ഇരു കൈയും നീട്ടി സ്വീകരിക്കുന്ന മാനസികാടിമത്തം ബാധിച്ച മുസ്ലിം രാജ്യങ്ങളിലെ യഥാസ്തികരായ ഭരണാധികാരികളുടെ ബധിരകർണങ്ങളിൽ ആ അഭ്യർഥനയെല്ലാം വനരോദനമായി മാറി. അവർക്ക് സൈദ്ധാന്തിക ശാസ്ത്ര പഠനങ്ങളിലേർ പെടാത്തതിന്റെ അപകടം ഇനിയും ബോദ്ധ്യപ്പെട്ടിട്ടില്ല. മൂല്യ ഗർഭിതവും ആശയധാരകളുമുള്ള സൈദ്ധാന്തിക ശാസ്ത്രം പഠിക്കാൻ പ്രബുദ്ധതയില്ലാത്ത മതനേതൃത്വം നയിക്കുന്ന മുസ്ലിം രാജ്യങ്ങൾ ഭയപ്പെടുന്നു എന്നതാണ് വാസ്തവം. സൈദ്ധാന്തിക ശാസ്ത്ര മേഖലയോടുള്ള യാഥാസ്ഥിതികരുടെ നിഷേധാത്മക നിലപാടും സംശയങ്ങളും അവരെ ബഹുദൂരം പിന്നോക്കക്കാരാക്കിയിരിക്കുന്നു. സലാം സാഹിബിന്റെ വിശ്വപ്രശസ്തമായ അടിസ്ഥാന ബലകങ്ങളുടെ ഏകീകരണ സിദ്ധാന്തത്തെപറ്റി മുസ്ലിം രാജ്യത്തുനിന്നും യാതൊരു പ്രതികരണവുമുണ്ടായില്ല. എങ്കിലും ചില ഉലമാക്കന്മാർ പ്രതികരിച്ചു. അതായത് അടിസ്ഥാന ബലങ്ങളുടെ ഏകീകരണ സിദ്ധാന്തം വഹ്ദത്തുൽ വുജുദിന്റെ പുനരാവിഷ്ക്കാരമെന്നാണ് അവർ പ്രതികരിച്ചതെന്ന് സലാം സാഹിബ് തന്നെ ഒരിടത്ത് അൽപ്പം പരിഹാസത്തോടെയും വേദനയോടെയും പറഞ്ഞിട്ടുണ്ട്.

1981 ൽ പ്രൊഫ: സലാം സാഹിബ് ഇന്ത്യ സന്ദർശിക്കുകയുണ്ടായി. പാകിസ്താനിൽ നിന്നുള്ള ശാസ്ത്ര ലോകത്തെ ഈ മഹാപ്രതിഭയെ നമ്മുടെ ഭാരതം സമുചിതം ആദരിക്കുകയുണ്ടായി. പഞ്ചാബിലെ ഗുരുനാനാക്ക് യൂണിവേഴ്സിറ്റിയടക്കം അഞ്ച് യൂണിവേഴ്സിറ്റികളാണ് അദ്ദേഹത്തിന്ന് ഡോക്ടറേറ്റ് നൽകിയത്. പഞ്ചാബിൽ വെച്ച് തന്റെ മാതൃ ഭാഷയായ പഞ്ചാബിയിൽ ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം പ്രസംഗിച്ചപ്പോൾ നൊബേൽ സമ്മാന ജേതാവ് തങ്ങളുടെ സഹോദരനാണെന്ന് ഇന്ത്യയിലെ പഞ്ചാബികൾ തിരിച്ചറിയുകയായിരുന്നു. ഇന്ത്യയിൽ തന്നെ പഠിപ്പിച്ച അദ്ധ്യാപകരെയെല്ലാം പോയിക്കണ്ട് അവരുടെയെല്ലാം അനുഗ്രഹം അദ്ദേഹം വാങ്ങുകയുണ്ടായി.

2010 ഡിസംബർ 19-ാം തിയതി നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ: മൻമോഹൻ സിങ്ങ് തേർഡ് വേൾഡ് അക്കാഡമി ഓഫ് സയൻസിന്റെ 21-ാമത് ജനറൽ മീറ്റിങ്ങ് പ്രഫ: സലാമിന് ആദരാഞ്ജലികളർപ്പിച്ചു കൊണ്ടായിരുന്നു ഹൈദരാബാദിൽ ഉദ്ഘാടനം ചെയ്തത്. ഐക്യ രാഷ്ട്ര സഭയുടെ കീഴിലുള്ള ഈ സ്ഥാപനത്തിന്റെ സ്ഥാപകൻ കൂടിയായ പ്രഫ: അബ്ദുസ്സലാമുമായി ഒന്നിച്ച് പ്രവർത്തിച്ച കോംബ്രിഡ്ജിലെ ദിനങ്ങൾ മൻമോഹൻ സിങ്ങ് ഗൃഹാതുരത്വത്തോടെ അനുസ്മരിക്കുകയുണ്ടായി. മൂന്നാം ലോകരാജ്യത്തെ ശാസ്ത്രജ്ഞന്മാരിൽ സലാം സാഹിബിന് അത്യഗാധമായ വിശ്വാസമുണ്ടായിരുന്നതായി തദവസരത്തിൽ അദ്ദേഹം പറഞ്ഞു. 1950 ൽ താൻ കേംബ്രിഡ്ജിലെ ജോൺസ് കോളേജിൽ ബിരുദ വിദ്യാർഥിയായിരിക്കുമ്പോൾ സലാം അവിടെ ഫെല്ലോ ആയിരുന്നു. അദ്ദേഹവും താനും വളരെ അടുത്ത് പ്രവർത്തിക്കു കയുണ്ടായിട്ടുണ്ടെന്നും അത് ഒരു മഹാഭാഗ്യമായി താൻ കരുതുന്നുവെന്നും മൻ മോഹൻ സിങ്ങ് പറഞ്ഞു. മുൻ താൻസാനിയൻ പ്രസിഡന്റ് പ്രൊഫ: ജൂലിയസ്സ് നരേരയുടെ കീഴിൽ ഞങ്ങൾ സൗത്ത് കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കാൻ നിരവധി തവണ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്നും പ്രധാമന്ത്രി മൻമോഹൻ സിംങ്ങ് പറഞ്ഞു. സലാമിനെ പോലെയുള്ള വ്യക്തികളെയാണ് മൂന്നാം ലോകത്തിനാവശ്യമെന്നും പ്രധാനമന്ത്രി പറഞ്ഞു. (www.sify news.com)

പ്രൊഫ: അബ്ദുസ്സലാമിന് ജന്നത്തും മഅ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ

## നുസ്റത്ത് സാഹിബ: ലജ്നഇമായില്ലാഹ് ഭാരത് നായിബ് സദർ

കോഴിക്കോട് ലജ്നാ ഇമായില്ലാഹ് പ്രസിഡന്റ് നുസ്റത്ത് മഹ്മൂദ് സാഹിബയെ ലജ്നാ ഇമായില്ലാഹ് ഭാരത് നായിബ് സദർ ആയി ഖലീഫത്തുൽ മസീഹ് നിയമിച്ചതായി ലജ്നാഇമായില്ലാഹ് ഭാരത് സദർ ശമീം അക്തർ ഗ്യാനി സാഹിബ അറിയിച്ചു. സൗത്ത് ഇന്ത്യയുടെ ചുമതലയാണ് നുസ്റത്ത് സാഹിബയ്ക്ക് നല്കിയിട്ടുള്ളത്. കഴിഞ്ഞ ലജ്നാ ഇമാഇല്ലാഹ് ഭരത് സദറിനെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ അധ്യക്ഷത വഹിച്ചിരുന്നു. നുസ്റത്ത് സാഹിബ കോഴി ക്കോട് ആദ്യകാല അഹ്മദികുടുംബമായ മാർക്കർ ഹൗസ് കുടുംബാംഗമാണ്. പഴയങ്ങാടിയിലെ പി.പി. അബ്ദുറഹീം സാഹിബിന്റെയും കോഴിക്കോട് മാർക്കർ ഹൗസിലെ ഖദീജാ സാഹിബയുടെയും പുത്രിയാണ്. പി.പി. മഹ്മൂദ് സാഹിബിന്റെ ഭാര്യയുമാണ്. രണ്ട് പുത്രൻമാരും ഒരു പുത്രിയുമുണ്ട്.

## കേരള ലജ്നാ ഇമായില്ലാഹ് വിജയം നാലാം തവണയും

ഖാദിയാനിൽ വെച്ച് ഒക്ടോബർ 18,19,20 തീയതികളിൽ നടന്ന ലജ്നാ ഇമായില്ലാഹ് ദേശീയ ഇജ്തിമയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച്ച വെച്ച കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി സംസ്ഥാന സദർ സിദ്ദീഖ സയീദ് സാഹിബ അറിയിച്ചു. കേരളം നാലാം തവണയാണ് ഒന്നാം സ്ഥാനം നേടുന്നത്. രണ്ടാം സ്ഥാനം ബംഗാളിനും മൂന്നാം സ്ഥാനം ഒറീസക്കും ആന്ധ്ര പ്രദേശിനും സംയുക്തമായും ലഭിച്ചു. നല്ല പ്രവർത്തനത്തിന്ന് അഖിലേന്ത്യാടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ മജ്ലിസുകൾക്ക് പുരസ്ക്കാരങ്ങൾ ലഭിച്ചു.

300 ന് മുകളിൽ അംഗസംഖ്യയുള്ള ലജ്നാ മജ്ലിസുകളിൽ ഖാദിയാൻ ഒന്നാം സ്ഥാനവും ഹൈദരാബാദ്, യാദ്ഗീർ, കേരംഗ് എന്നീ മജ്ലിസുകൾ തുടർ സ്ഥാനങ്ങളും കരസ്ഥമാക്കി. 100നും 300നും ഇടക്ക് അംഗ സംഖ്യയുള്ള ലജ്നകളിൽ ഒന്നാം സ്ഥാനം കോഴിക്കോടും രണ്ടാം സ്ഥാനം മാത്തോട്ടത്തിനും ലഭിച്ചു. 100 ൽ താഴെ അംഗസംഖ്യയുള്ള ലജ്നാ മജ്ലിസുകളിൽ എറണാകുളം, മഞ്ചേരി എന്നീ മജ്ലിസുകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

നാസിറാത്തുൽ അഹ്മദി യ്യായുടെ പ്രവർത്തനങ്ങൾക്കുള്ള സമ്മാനങ്ങളിലും കേരളം നേട്ടങ്ങൾ കൊയ്തു. 30 ന് മുകളിൽ അംഗസംഖ്യയുള്ള മജ്ലിസുകളിൽ ഒന്നാം സ്ഥാനം മാത്തോട്ടവും രണ്ടാം സ്ഥാനം കോഴിക്കോടിനും ലഭിച്ചു. 30ൽ താഴെ അംഗ സംഖ്യയുള്ള നാസിറാത്ത് മജ്ലിസുകളിൽ ഒന്നാം സ്ഥാനം പത്തപ്പിരിയം കരസ്ഥമാക്കിയതായും സിദ്ദീഖാ സാഹിബ അറിയിച്ചു.

## വഖ്ഫ് ജദീദ്: സാമ്പത്തിക വർഷം അവസാനിക്കാറായി

ഖാദിയാൻ: വഖ്ഫെ ജദീദിന്റെ 2011 സാമ്പത്തിക വർഷം ഡിസംബർ 31 ന് അവസാനിക്കുകയാണ്. വഖ്ഫ് ജദീദ് വാഗ്ദാനം അടച്ചുതീർത്തിട്ടില്ലാത്തവർ ഡിസംബർ 15നുള്ളിൽ അടച്ചു തീർക്കണമെന്ന് വഖ്ഫ് ജദീദ് അഖിലേന്ത്യാ സെക്രട്ടറി ജനാബ് മുഹമ്മദ് താഹിർ അഹ്മദ് ഗോറി സാഹിബ് അറിയിക്കുന്നു.

### അനുസ്മരണം

## വി. പി. റുഖിയാസാഹിബ

മാത്തോട്ടം അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അംഗം വി. പി. റുഖിയാ 2011 നവംബർ 7-ാം തീയതി വട്ടക്കിണറിലെ സ്വവസതിയിൽ വച്ച് വഫാത്തായി (ഇന്നാലില്ലാഹി..)

കൂടാളി ജമാഅത്തിലെ വാഴ യിൽ പെരിങ്ങലയിൽ മർഹൂം അബ്ദുൽ കരീമിന്റെയും മർഹൂം വി.പി. ഫാത്തിമബീവിയുടെയും മകളും കൊടിയത്തൂർ ജമാഅത്തിലെ ആദ്യകാല അഹ്മദി കളിൽ ഒരാളായ മർഹൂം എ.എം. അബൂബക്കർ സാഹിബിന്റെ സഹധർമിണിയുമാണ്.

മക്കൾ: സാബിറ,സാദിഖ, റഷീദ, ഷക്കീല, ജാഗിത, ഷമീന, നെജ്മ

മരുമക്കൾ : ഇ. സമദ്, ഇ. ഫാറൂഖ്, അലി മിനിക്കോയ്, സി. നാസിർ അഹ്മദ് (അബുദാബി), അമീൻ കാക്കനാട് (ഖത്തർ) ഇബ്രാഹിം കിനാലൂർ

## തഹ്രീക്ക് ജദീദ് പുതുവർഷ വിളംബരം

സയ്യിദ്നാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹു) 2011 നവംബർ 4-ാം തിയതി ചെയ്ത ഖുത്ബയിൽ തഹ്രീക്ക് ജദീദിന്റെ 78-ാം വർഷവിളംബര പ്രഖ്യാപനം നടത്തി പറയുകയുണ്ടായി

2011-2012 വർഷത്തേക്ക് ഹുസൂർ അൻവർ അയ്യദഹുല്ലാഹ് ഇന്ത്യക്ക് പുതിയ തഹ്രീക്ക് ജദീദ് ബഡ്ജറ്റ് പുതുക്കി നല്കിയിരിക്കുകയാണ്. ദീനിന്റെ മാർഗത്തിലുള്ള പുണ്യങ്ങൾ ചെയ്യാനായി സമർപ്പിക്കപ്പെട്ട ഈ പദ്ധതി ദൈവീകാനുഗ്രഹങ്ങളുടെ കേദാരമാണ്.

ഹുസൂർ തിരുമനസ്സ് നൽകിയിരിക്കുന്ന ഈ ടാർഗറ്റ് പൂർത്തീകരിക്കണമെങ്കിൽ നമ്മുടെ ബഡ്ജറ്റുകളിൽ 20% വർദ്ധനവ് അനിവാര്യമാണ്. താങ്കളുടെ കഴിവിന്റെ പരമാവധി സാമ്പത്തിക ത്യാഗത്തിന് തയ്യാറാകണമെന്ന് വിനീതമായി അഭ്യർഥിച്ച് കൊള്ളുന്നു. അല്ലാഹു നമുക്ക് ഹുസൂർ തിരുമനസ്സിന്റെ ഈ മഹത് പദ്ധതിയിൽ ഭാഗഭാക്കാകാൻ സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ .

വസ്സലാം


വക്കീലുൽമാൽ തഹ്രീക്ക് ജദീദ്, ഖാദിയാൻ

## അഹ്മദിയ്യാമുസ്‌ലിം സംസ്ഥാന സമ്മേളനം 2011

നവംബർ 12,13, കോഴിക്കോട്



സദർ അഞ്ചുമൻ അഹ്മദിയ്യാ ഭാരത്, നാസിർ അഅ്‌ലാ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി പതാക ഉയർത്തി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.




മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഉദ്ഘാടനപ്രസംഗം നിർവ്വഹിക്കുന്നു.







ബൈത്തുൽ ഖുദ്ദൂസ് അങ്കണം ഒരു ദൃശ്യം

## മേഖലാ അമീർമാർ സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നു



കെ. എം. അഹ്മദ് കോയാ സാഹിബ്
(കോഴിക്കോട്)



യു.മൻസൂർ സാഹിബ്
(കണ്ണൂർ)



മുഹമ്മദലി മാസ്റ്റർ
(മലപ്പുറം)



അബ്ദുൽകരീം സാഹിബ്
(പാലക്കാട്)



ശരീഫ് അഹ്മദ് സാഹിബ്
(തിരുവനന്തപുരം)



നാസിർ തഅ്ലീം ഭാരത് ശിറാസ് അഹ്മദ് സാഹിബ് പ്രസംഗിക്കുന്നു.



പീസ് കോൺഫറൻസ് കോഴിക്കോട് ലോക്സഭാംഗം എം.കെ. രാഘവൻ എം.പി
ഉദ്ഘാടനം ചെയ്യുന്നു




ബീച്ചിൽ പൊതുസമ്മേളനം മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഉദ്ഘാടനം ചെയ്യുന്നു.

## തർബിയ്യത്ത് , പൊതുസമ്മേളനത്തിലെ പ്രഭാഷണങ്ങൾ




(മുകളിൽ ഇടത്തുനിന്ന്) ഇ. എച്ച്. നജീബ് , മൗലവി സുൽത്താൻ അഹ്മദ് നസീർ, പ്രൊഫ: മഹ്മൂദ് അഹ്മദ്, മൗലവി സി.പി.മൊയ്തീൻകുട്ടി, മൗലവി മുഹമ്മദ് ഇസ്മായീൽ, മൗലവി മുഹമ്മദ് നജീബ് ഖാൻ, മൗലവി കെ. അബ്ദുസ്സലാം, മൗലവി എച്ച്.ശംസുദ്ദീൻ, മൗലവി എം. നാസിർ അഹ്മദ് എ.എം. മുഹമ്മദ് സലീം, മൗലവി. പി.എ മുഹമ്മദ് സലീം, എം. കെ ഇബിച്ചിക്കോയട്ടിസാഹിബ്.



പൊതുസമ്മേളനം സദസ്സ് ഒരു ദൃശ്യം

2011 December

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

**The Sathyadoothan Monthly**

Vol: LXXXIII No.12
Price Rs. **20/-**


## വായിക്കുക, വരിക്കാരാവുക!



# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

ഒരു കോപ്പിക്ക് 20 രൂപ
വാർഷിക വരിസംഖ്യ 200 രൂപ
ഫോൺ : 8089574250

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**Toll free No. 1800 425 2020**
(9 am to 9 pm)